www.malankaralibrary.com

# പടവുകൾ



മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റ്

2020 – 2021 സഭാതല സമിതി പ്രസിദ്ധീകരണം

www.malankaralibrary.com





www.malankaralibrary.com


# പടവുകൾ

എം.സി.വൈ.എം. സഭാതല സമിതി


## ഉള്ളടക്കം


**02** എഡിറ്റോറിയൽ
ജിനു ജോർജ്ജ്

**03** അനുഗ്രഹസന്ദേശം
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

**04** സന്ദേശം
മോസ്റ്റ് റവ. ഡോ. വിൻസെന്റ് മാർ പൗലോസ്

**05** പടവുകൾ
ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ

**07** യുവജനസഭ
ജിത്ത് ജോൺ ഫ്രാൻസിസ്

**08** യുവത്വം: ധീരപ്രേഷിതരാകാനുള്ള ഒരു വിളി
റവ. ഡോ. ഫാ. പ്രഭീഷ് ജോർജ്ജ്

**13** എം.സി.വൈ.എം.
സഭാതല സമിതി 2020 - 21 റിപ്പോർട്ട്

**27** യുവജനങ്ങൾ: സാഹോദര്യത്തിന്റെ
അപ്പോസ്തോലർ
റവ. ഫാ. ബനഡിക്ട് വാറുവിള

**35** എം.സി.വൈ.എം.
സഭാതല സമിതി 2021 - 22 റിപ്പോർട്ട്




03



04



05



08



27


രക്ഷാധികാരി
**മോറാൻ മോർ ബസേലിയോസ്**
**കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ**

യുവജന കമ്മീഷൻ ചെയർമാൻ
**അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ്**

ഡയറക്ടർ
**ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ**

പ്രസിഡന്റ്
**ജിത്ത് ജോൺ ഫ്രാൻസിസ്**

ചീഫ് എഡിറ്റർ
**ജിനു ജോർജ്ജ്**

www.malankaralibrary.com

# എഡിറ്റോറിയൽ



**"യുവാക്കൻമാരേ, ഞാൻ നിങ്ങൾക്ക് എഴുതുന്നു: നിങ്ങൾ ശക്തൻമാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു; നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു."**

(1 യോഹന്നാൻ 2 : 14)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾ വിശ്വാസ തീക്ഷ്ണതയുടെ ശക്തന്മാരായ പോരാളികളാണെന്ന് അനുദിനം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ശക്തമായ നിലപാടുകൾ എടുത്തുകൊണ്ടു, സഭാപിതാക്കന്മാരോട് ചേർന്നുനിന്നുകൊണ്ട് അവർ സഭയെ കാലത്തിനനുസരിച്ചു ശുശ്രൂഷിക്കുന്നു. തങ്ങളുടെ അധ്വാനവും ത്യാഗവുമെല്ലാം സഭയുടെ വളർച്ചക്കായി മാറ്റിവെച്ചിരിക്കുന്നു.

സഭയുടെ ശക്തിസ്രോതസ്സുകളായിരിക്കുകയാണ് ഓരോ യുവജനവും. നമ്മുടെ യുവതീയുവാക്കൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദർശനങ്ങളെ, പ്രത്യേകിച്ച് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയും നമ്മുടെ പിതാക്കൻമാരും നമുക്ക് പകർന്നു നൽകിയിട്ടുള്ള മൂല്യങ്ങളെ മുറുകെപിടിച്ചുകൊണ്ടു ഈ കാലഘട്ടത്തിലുള്ള എല്ലാ വെല്ലുവിളികളെയും അതിജീവിച്ചു മുന്നേറികൊണ്ടിരിക്കുന്നു എന്ന് പറയുന്നതിൽ യാതൊരു സംശയവുമില്ല. നാം ഉൾക്കൊണ്ടിട്ടുള്ള നിലപാടുകളെയും തീരുമാനങ്ങളെയും ഊട്ടിയുറപ്പിക്കുന്നതിനും നമ്മുടെ വ്യക്തിജീവിതത്തിൽ അവ പ്രാവർത്തികമാക്കുവാനുമാണല്ലോ 2020 വർഷത്തിൽ 'യുവത്വം - ധീര പ്രേഷിതരാകാനുള്ള ഒരു വിളി' എന്ന പഠന വിഷയവും, 2021 ൽ 'യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പോസ്തോലർ' എന്ന പഠന വിഷയവും നമ്മൾ സ്വീകരിച്ചത്.

എം.സി.വൈ.എം. സഭാതല സമിതിയുടെ 2020-21 വർഷത്തെ പ്രവർത്തനങ്ങളുടെ സമാഹാരമാണ് **പടവുകൾ** എന്ന ഈ പുസ്തകം. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയെയും, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനെയും, എം.സി.വൈ.എം. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസ് എന്നിവരെയും ഈ അവസരത്തിൽ നന്ദിയോടു കൂടി ഓർക്കുന്നു.


പടവുകൾ ഇനിയും നമുക്ക് ഏറെ കയറുവാനുണ്ട്... ചെയ്തു തീർക്കുവാൻ നമുക്ക് ഏറെക്കാര്യങ്ങൾ ഉണ്ട്... പൂവണിയിക്കുവാൻ ഏറെ സ്വപ്നങ്ങൾ നമുക്കുണ്ട്... റോബർട്ട് ഫ്രോസ്റ്റ് എന്ന കവി പാടിയപോലെ നമുക്കും പാടാം:

*The woods are lovely,dark and deep.*
*But I have promises to keep,*
*And miles" to go before I sleep,*
*And miles" to go before I sleep.*

**ജിനു ജോർജ്ജ്**
**എം.സി.വൈ.എം. ജനറൽ സെക്രട്ടറി**
**ചീഫ് എഡിറ്റർ**

www.malankaralibrary.com

# അനുഗ്രഹസന്ദേശം



പ്രിയ വൈദികരെ, സന്യസ്തരെ, യുവജനങ്ങളെ,

വിശ്വാസത്തിലൂടെ വിളിയെ തിരിച്ചറിയുകയും നിർമ്മലമായ സ്നേഹാഗ്നിയി ലൂടെ സഭയുടെ മാതൃത്വത്തെ ചുറ്റുമുള്ളവർക്ക് തിരി തെളിച്ചു നൽകുകയും ചെയ്യുവാൻ ശ്രദ്ധ ചെലുത്തുന്നവരാണ് നമ്മുടെ യുവജനങ്ങൾ. നവീകൃതമായ പ്രത്യാശയിലൂടെ സഭയെ യും സമൂഹത്തെയും കൂട്ടിയിണക്കുവാൻ കർമ്മോത്സുകതയും ക്രിയാത്മക തയും കൊണ്ട്, കൊഴിഞ്ഞുവീണ കാലങ്ങളിലെ മലങ്കരയുടെ ചരി ത്രത്തെ തീക്ഷ്ണതയോടെ അനുഗമിക്കുവാനുള്ള ആവേശം നമ്മുടെ യുവജനപ്രസ്ഥാനത്തിലൂടെ ഈ മക്കൾക്ക് ലഭിക്കുന്നു എന്നുള്ളത് നിഷേധിക്കാനാകാത്ത യഥാർഥ്യവുമാണ്. ഇക്കഴിഞ്ഞ കാലയളവിലെ സഭാശുശ്രൂഷകളിൽ ഏറെ ആകാംക്ഷയോടെ പങ്കാളികളാകുവാനും അനന്തമായ കഴിവുകളെ ക്രിസ്തുവിന് വേണ്ടി താലന്തുകളായി വിനി യോഗിക്കുവാനും യുവജനങ്ങൾക്കും അവർക്കു നേതൃത്വം നൽകിയ യുവജന നേതാക്കൾക്കും സാധിച്ചു എന്നത് തികച്ചും അഭിനന്ദനാർഹ മാണ്.

സഭയുടെ മുഖം വികൃതമാക്കുവാനുള്ള ശ്രമങ്ങൾ വ്യത്യസ്തരീതികളിലായി പ്രകടിപ്പിക്കപ്പെടുമ്പോൾ, പുണ്യപിതാക്കന്മാർ പകർന്നു നൽകിയ കറയില്ലാത്ത വിശ്വാസ ത്തിലൂടെ കപടതയുടെ തിരശീലയെ വലിച്ചുകീറികൊണ്ട് സാക്ഷ്യം നൽകുവാനും ഒപ്പമുള്ളവർക്ക് ചെറുത്തുനിൽപ്പിന്റെ പാഠങ്ങൾ പകർന്നു നൽകുവാനും യുവജനപ്രസ്ഥാ നത്തിന്റെ സഭാതല നേതൃത്വനിരയ്ക്ക് സാധിച്ചുവെന്നത് പ്രത്യേകമായ ദൈവാനുഗ്രഹ മായി കണക്കാക്കുന്നു. വെല്ലുവിളികൾക്കിടയിൽ നിന്നും നാമേറ്റെടുക്കുന്ന സഭാശുശ്രൂ ഷകളിൽ ത്യാഗവും സ്നേഹവും സഹനവും ഇഴചേർന്നിരിക്കുന്നുവെന്നതിന്റെ തെളി വായി ഇക്കഴിഞ്ഞ നാളുകളിലെ പ്രസ്ഥാനത്തിന്റെ പ്രവർത്തനശൈലികളെയും, യുവജനപങ്കാളിത്വത്തെയും വിലയിരുത്താനാകും.

തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും ക്രിസ്തുവിന്റെ സാക്ഷ്യം നൽകുവാനും..... കണ്ണുതുറന്ന് നന്മതിന്മകളെ വിവേചിച്ചറിയുവാനും..... വിശ്വാസത്തിന്റെ വഴിവിളക്കുമായി ക്രിസ്തുവിനെ തേടുന്നവരെ കാത്തിരിക്കുവാനും...... ഇനിയും നിങ്ങൾക്ക് സാധിക്കട്ടെ......

എം.സി.വൈ.എം സഭാതല സമിതി 2020-21 പ്രസിദ്ധീകരിക്കുന്ന **'പടവുകൾ'**- സ്മരണികയ്ക്ക് അനുഗ്രഹാശംസകൾ നേരുന്നു......

+Baselios Cleemis

**കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
**മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ**
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.**

www.malankaralibrary.com

# സന്ദേശം



പ്രിയമുള്ള യുവജനങ്ങളെ,


'നിങ്ങൾ കത്തോലിക്കരായിത്തീർന്നിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ' - ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ഈ വാക്കുകളെ ഹൃദയത്തിലുറപ്പിച്ച് കത്തോലിക്കാ വിശ്വാസത്തിൽ ജീവിക്കുന്നതിൽ അഭിമാനം കൊള്ളുന്നവരാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾ. യുവജന സഭയെ സഹായിക്കുന്നതിനുവേണ്ടി ദൈവത്തെ അറിയുന്നതിനും ക്രിസ്തു ശിഷ്യരായി ജീവിക്കുന്നതിനും സഭയെയും സമൂഹത്തെയും മനസ്സിലാക്കുന്നതിനും അവരുടെ ആധ്യാത്മിക ജീവിതം രൂപീകരിക്കുന്നതിനുമാണ് യുവജനപ്രസ്ഥാനം പരിശ്രമിക്കുന്നത്.

ക്രിസ്തുവിന്റെ പടയാളികൾ എന്ന നിലയിൽ നമ്മിൽ രൂപീകരിക്കപ്പെട്ട വിശ്വാസത്തിന്റെ ഐക്യത, ആത്മീയതയിലൂടെ ഉത്സുകരായി വർത്തിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയാണ്. സഹോദരസ്നേഹം വ്യത്യസ്ത വഴികളിലൂടെ ഒപ്പമായിരിക്കുന്നവർക്കും അത് ആവശ്യമുള്ളവർക്കും പകർന്നുകൊടുക്കാനുള്ള ക്രിസ്തീയ ഉത്തരവാദിത്തം പ്രതിസന്ധിയുടെ ഈ നാളുകളിൽ നമുക്കുണ്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ഇടപെടലുകൾ, സമൂഹമധ്യത്തിലുള്ള നമ്മുടെ വിശ്വാസപ്രഖ്യാപനം എന്നിവയിലൂടെ മാർ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട സഭയുടെ യശസ്സുയർത്തിക്കാട്ടുവാൻ മലങ്കരയുടെ യുവത്വത്തിന് സാധിക്കുന്നു എന്നത് തികച്ചും അഭിമാനകരമാണ്.

സ്വന്തം വിശ്വാസം ഏറ്റുപറയുവാനുള്ള ആർജ്ജവത്വം കാണിക്കുന്ന ചെറുപ്പക്കാർ ഇന്ന് നമ്മുടെ സഭയുടെ മുതൽക്കൂട്ടാണ്. ക്രിസ്തുവിനെ പ്രഘോഷിക്കുകവഴി സത്യത്തിന്റെ പാതയിൽ ജീവിക്കുവാൻ ഉത്സാഹം കാട്ടുന്ന യുവതലമുറയെ വിശ്വാസത്തിലും ആത്മീയതയിലും വളർത്തുവാൻ മലങ്കരയുടെ യുവജനപ്രസ്ഥാനത്തിനു സാധിക്കുന്നതിന്റെ തെളിവാണ് ഇക്കഴിഞ്ഞ നാളുകളിൽ സഭാതല-ഭദ്രാസന തലങ്ങളിലെ പ്രവർത്തനങ്ങൾ എന്ന് നിസ്സംശയം പറയുവാനാകും. വെല്ലുവിളികളുടെ നടുവിലായിരുന്നപ്പോഴും സഭയോടും സമൂഹത്തോടുമൊപ്പം ചേർന്നുനിൽക്കുവാനും പുത്തൻ തീരുമാനങ്ങളിലൂടെ സഭാഗാത്രത്തിലെ യുവജനങ്ങൾക്ക് നേതൃത്വം നൽകുവാനും നമ്മുടെ യുവജനനേതാക്കൾക്ക് കഴിഞ്ഞു എന്നതിന് ദൈവത്തോട് നന്ദി അർപ്പിക്കുന്നു.

അനേകം യുവജനങ്ങളെ ആത്മീയ തീർത്ഥാടകരാക്കുവാനും സഭാസ്നേഹത്തിലൂടെ സമൂഹനന്മയ്ക്കുതകുന്നവണ്ണം ചിന്തിക്കുവാനും സഭയെ സ്നേഹിക്കുവാനും കഴിയുന്നവരായി മാറ്റുവാൻ നമുക്ക് നിരന്തരം പരിശ്രമിക്കാം......

എം.സി.വൈ.എം. സഭാതല സമിതി 2020-21 വർഷത്തെ സ്മരണികയായ **'പടവുകൾ'** നു എല്ലാ വിധത്തിലുമുള്ള അനുഗ്രഹാശംസകൾ........



**മോസ്റ്റ് റവ. ഡോ. വിൻസെന്റ് മാർ പൗലോസ്**

**(യുവജന കമ്മീഷൻ ചെയർമാൻ)**

www.malankaralibrary.com

# പടവുകൾ



ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ
ഡയറക്ടർ, എം.സി.വൈ.എം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ന്റെ 2020- 21 വർഷത്തെ സഭാതല സമിതിക്ക്, അതിന്റെ കർമ്മവീഥികളിൽ ആത്മീയമായും സാമൂഹികമായും സഭയോട് ചേർന്ന് തീക്ഷ്ണമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ഈ രണ്ട് വർഷക്കാലയളവിൽ സാധിച്ചു.

മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മാർ എഫ്രേം കോളേജിൽ വച്ച് നടത്തപ്പെട്ട എം.സി.വൈ.എം. സഭാതല സമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം - ഗ്ലോബൽ മീറ്റ് 2020-ൽ, 2020-21 വർഷത്തെ ഭരണസമിതിയെ തിരഞ്ഞെടുത്തു.

"ഇതാ ഞാൻ എന്നെ അയച്ചാലും" എന്ന തിരുവചനത്തെ മുറുകെപ്പിടിച്ച്, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയുടെ മുമ്പാകെ ഭരണസമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. കോവിഡ് 19 എന്ന മഹാമാരി ലോകത്തെ മുഴുവനായി പ്രതിസന്ധിയിലാഴ്ത്തിയപ്പോൾ, വിഭാവനം ചെയ്ത കർമ്മപദ്ധതികൾ വെല്ലുവിളികളായി നിന്നപ്പോൾ, അതിനെ തരണം ചെയ്തു ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് പ്രവർത്തനങ്ങൾ സജ്ജമാക്കിക്കൊണ്ട് മാറുന്ന കാലത്തിനൊപ്പം സഭാതല സമിതി സഞ്ചരിച്ചു. കോവിഡിനെതിരെ കരുണയുടെ ജപമാലയും വ്യാപനം തടയുന്നതിനായി 'ബ്രേക്ക് ദ് ചെയിൻ' ക്യാമ്പയിനിന്റെ ഭാഗമാകുവാനും എം.സി.വൈ.എം.ന് കഴിഞ്ഞു.

ഓശാന മുതൽ ഉയിർപ്പ് തിരുനാൾ വരെയുള്ള ഹാശാ ആഴ്ചയുടെ ശുശ്രൂഷകളിൽ സംബന്ധിക്കുവാനുള്ള അവസരം കൊറോണയുടെ തീവ്രതകാരണം ക്രൈസ്തവ ജനതയ്ക്ക് നഷ്ടമായപ്പോൾ ശുശ്രൂഷകളല്ലാം തൽസമയം ജനലക്ഷങ്ങളിലേക്ക് എത്തിക്കുവാൻ എം.സി.വൈ.എം. ന് സാധിച്ചു. ഈ രണ്ടു വർഷക്കാലം കൊണ്ട് 58 കുർബാനകൾ ഓൺലൈൻ വഴി നടത്തുവാൻ ഈ സമിതിക്ക് കഴിഞ്ഞു.

ലോക്ക്ഡൗണിന്റെ വിരസത അകറ്റുവാനും യുവജനങ്ങളുടെ സർഗാത്മകമായ കഴിവുകളും ക്രിയാത്മക ചിന്തകളും ഭാവനകളും പ്രദർശിപ്പിക്കുവാനും യൂത്ത് ഗ്യാലറി എന്ന പേരിൽ യുവജനങ്ങൾക്കായി ഒരു വേദിയൊരുക്കി. www.mcym.in എന്ന പേരിൽ എം.സി.വൈ.എം. ന്റെ വെബ്സൈറ്റ് രൂപീകരിക്കുവാനും യാമപ്രാർത്ഥനകളും നോമ്പുകാല പ്രാർത്ഥനകളും ശ്ഹിമോ നമസ്കാരവും ഐക്യദീപവും ക്രൈസ്തവ കാഹളവും വിരൽത്തുമ്പിൽ ലഭ്യമാകുന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രകാശനം ചെയ്തും എം.സി.വൈ.എം. സഭാതല സമിതിയുടെ മുഖപത്രമായ യുവചേതന ഈ രണ്ടു വർഷക്കാലവും തുടർച്ചയായി എല്ലാമാസവും യുവജനങ്ങളിൽ എത്തിക്കുവാൻ സാധിച്ചുകൊണ്ട് എം.സി.വൈ.എം. ന് ഒരു പുതിയ മുഖം നൽകുവാൻ ഈ സമിതിക്കു സാധിച്ചു. സഭയിൽ നിന്നും ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ പിതാക്കന്മാരെയും വൈദികരെയും ഓർത്ത് പ്രാർത്ഥിക്കുവാനും ഓരോ ദിവസത്തിന്റെ പ്രത്യേകതകൾ പോസ്റ്റർ രൂപേണ യുവജനങ്ങളിൽ എത്തിക്കുവാനും സഭാതല സമിതിക്ക് കഴിഞ്ഞു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമതിരുനാളിനോടനുബന്ധിച്ച് അനുസ്മരണം നടത്തുകയും ഫേസ് ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പ്രഭാഷണ പരമ്പരകൾ നടത്തുകയും 2020 ജൂലൈ

www.malankaralibrary.com

1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ 'ഇവാനിയൻ ചിന്തകൾ' എന്ന പേരിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ പുണ്യങ്ങൾ സഭാപിതാക്കന്മാർ പങ്കുവെക്കുകയും അത് പിന്നീട് 68-ാമത് ഓർമ്മത്തിരുന്നാൾ ദിനത്തിൽ പുസ്തക സമാഹാരമായി പ്രസിദ്ധീകരികുകയും ചെയ്തു. എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ പാറശ്ശാല ഭദ്രാസനത്തിന് ഒരുലക്ഷം രൂപയുടെ ധനസഹായം നൽകുവാൻ സാധിച്ചു. കോവിഡിനെ അതിജീവിച്ചു കൊണ്ട് 12 ഭദ്രാസനങ്ങളെയും ഓഫ്‌ലൈനായും ഓൺലൈനായും ഉൾക്കൊള്ളിച്ചുകൊണ്ട് പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് ഗ്ലോബൽ മീറ്റ് 2021 നടത്തുകയുണ്ടായി.

'ഫ്രത്തെല്ലി തുത്തി' എന്ന പ്രബോധനത്തെ അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനങ്ങൾ, 2021 വർഷത്തിൽ തങ്ങളുടെ ആത്മീയ ഒരുക്കത്തിനായി 'യുവജനങ്ങൾ : സാഹോദരൃത്തിന്റെ അപ്പോസ്തോലർ' എന്ന പഠനവിഷയം തിരഞ്ഞെടുത്തു. കോവിഡ് 19 എന്ന മഹാമാരി ലോകം മുഴുവനും ദുരന്തം വിതയ്ക്കുന്ന സാഹചര്യത്തിൽ സമൂഹത്തിന് കൈത്താങ്ങേകുവാൻ സഭയിലെ വിവിധ രൂപതകളിലെ ഡോക്ടർമാരെ ഒരുമിച്ചു ചേർത്ത് അസ്സീസി ഡോക്ടർസ് ഓൺലൈൻ കൺസൾട്ടേഷൻ എന്ന പദ്ധതിയ്ക്ക് എം.സി.വൈ.എം. തുടക്കം കുറിച്ചു. എം.സി.വൈ.എം.ന്റെ യുവജനദിനഘോഷമായ ഹെസദ് 2020, ഓൺലൈൻ വഴിയും കോവിഡ് പ്രതിസന്ധികളെ തരണം ചെയ്തു സഭതല സമിതിയുടെ നേതൃത്വത്തിൽ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ, മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി.

എം.സി.വൈ.എം. സഭാതല സമിതിയുടെ ആഭിമുഖ്യത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നേതൃത്വത്തിൽ, സഭയിലെ 12 ഭദ്രാസനങ്ങളിലും ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ ഭദ്രാസന സന്ദർശനം നടത്തി. ഭദ്രാസന സന്ദർശനത്തിലൂടെ എല്ലാ രൂപതകളിലും ഇറങ്ങിച്ചെന്ന് അവരെ കേൾക്കുന്നതിനും വിലയിരുത്തുന്നതിനും സഭാതല സമിതിക്ക് കഴിഞ്ഞു എന്നത് ഒരു നേട്ടം തന്നെയാണ്. അതുപോലെ തന്നെ ചരിത്രത്തിൽ ആദ്യമായി രണ്ടു ഗ്ലോബൽ മീറ്റിലും 12 രൂപതകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തുവാൻ 2020-21 സഭാതലസമിതിക്ക് സാധിച്ചു

യൂത്ത് സർവ്വേ, ടാസ്ക് ഫോഴ്സ് രൂപീകരണം, സെമിനാരി ദിനം, ഓൺലൈൻ യുവജനധ്യാനം, പ്രകൃതിയോട് യുവജനങ്ങൾക്കുള്ള ആത്മബന്ധം വളർത്തുന്നതിന് Green Month Drive,"The challenges and opportunities in post covid world for the youth" എന്ന വിഷയം ആസ്പദമാക്കി വെബിനാർ, സഹായകൻ, അയക്കപ്പെട്ടവൻ, വലിയ നോമ്പിന്റെ ദിനങ്ങളിൽ യുവജനങ്ങൾക്ക് പ്രത്യേകവിധം പ്രാർത്ഥിച്ചു ധ്യാനിക്കുവാനായി എല്ലാ ദിവസങ്ങളിലും ഓരോ നിയോഗം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ യുവജനങ്ങളിൽ എത്തിക്കാൻ 'റീഹോദ് സൗമോ' തുടങ്ങിയ വേറിട്ട ഒരുപിടി പ്രവർത്തനങ്ങൾ ചെയ്യുവാൻ ഈ കാലയളവിൽ സാധിച്ചു .

സഭയോടും സമൂഹത്തിനോടും ചേർന്ന് ഈ രണ്ടു വർഷക്കാലയളവിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെക്കാൻ സാധിച്ചു എന്നത് ഈ സമിതിയുടെ പ്രശംസാർഹമായ നേട്ടം തന്നെയാണ്.

www.malankaralibrary.com

# യുവജനസഭ



ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, പ്രിയ യുവജനസുഹൃത്തുക്കളെ,

രക്ഷാകരചരിത്രത്തിന്റെ ശോഭ സുവിശേഷ സൗഭാഗ്യങ്ങളിലൂടെയും, വലിയ സഭയുടെ ചെറിയ പതിപ്പായ ദൈവാലയങ്ങളിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ ബലികളിലൂടെയും കുഞ്ഞാടിന്റെ മണമുള്ള ഇടയന്മാരായ സഭാപിതാക്കന്മാരിലൂടെയും ഇഴചേർക്കപ്പെട്ടിരിക്കുന്നുവെന്നതിന്റെ ജീവനുള്ള തെളിവാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. ദിവ്യകർമ്മങ്ങളിൽ നിന്നു മാർജ്ജിക്കുന്ന ആത്മീയശക്തിയിലൂടെ സഭയും സഭയോട് ചേർന്നുനിൽക്കുന്ന യുവത്വവും വെല്ലുവിളികളുടെ കനൽവഴികളിൽ വിശ്വാസത്തിന്റെ തീനാളമായി കത്തിജ്ജ്വലിക്കുന്ന അനുഭവങ്ങൾ തരംഗം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ഇവിടെ ദൈവീകാഹ്വാനപ്രകാരമുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും സവിശേഷതകളെ ഉൾക്കൊണ്ട് സഭയുടെ ജീവസ്സും തേജസ്സുമായി നിലകൊള്ളുവാൻ ഇക്കഴിഞ്ഞ നാളുകളിൽ നമ്മുടെ യുവജനപ്രസ്ഥാനത്തിനു സാധിച്ചു എന്നത് തീർത്തും ദൈവാനുഗ്രഹമായി കണക്കാക്കുന്നു. ചുങ്കക്കാരുടെയും പാപികളുടെയും തിരസ്കൃതരായവരുടെയും സ്നേഹിതനായിരുന്ന ഈശോ അവരോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചപ്പോൾ തിരുത്തിയെഴുതപ്പെട്ട സഹോദരസ്നേഹത്തിന്റെ ചരിത്രം നമ്മുടെ യുവജനങ്ങളിലൂടെ അനുഭവവേദ്യമാകുന്നുവെന്നത് ഏറ്റവും ശ്രേഷ്ഠമാണ്.

ഉത്തരവാദിത്വങ്ങളെ ഏറ്റെടുക്കുവാനും കഴിവുകളെ പൂർണമായി വിനിയോഗിക്കുവാനും നിരന്തരമായി സഭാശുശ്രൂഷകളിലൂടെ ജീവിക്കുവാനും ഒരു യുവാവിനെ പ്രാപ്തനാക്കുവാൻ എം.സി.വൈ.എം-ന് സാധിക്കുന്നുവെന്നത് നിഷേധിക്കാനാകാത്ത യാഥാർഥ്യമാണ്. വിഷമകരമായ ചോദ്യങ്ങൾക്ക് പോലും സ്വതന്ത്രമായി ഉത്തരം നൽകുവാൻ കെൽപ്പുള്ള സഭയുടെ മക്കളായ നാം, ഇന്നും അജ്ഞാതമായ ദൈവീകരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരായ യുവാക്കളായും യുവതികളായും ഈശോയാൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ, ഏറ്റവും യോഗ്യതയോടെ യുവജനശുശ്രൂഷകളിൽ ഏർപ്പെടാനായി വിളിക്കപ്പെട്ടിരിക്കുന്നു. വഴിയും സത്യവും ജീവനുമായവന്റെ പിന്നാലെയാണ് ഇക്കഴിഞ്ഞ നാളുകളിലൊക്കെയും നാം യാത്ര ചെയ്തത്. മഹാവ്യാധിയാൽ നിശ്ചലമായ ദിനങ്ങളിൽപോലും അവന്റെ വചനമനുസരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ മുന്നേറുവാനും നാൾവഴികളിലെല്ലാം തന്നെ യുവജനങ്ങളോടൊപ്പമായിരിക്കുവാനും സഭാതലസമിതിയുടെ നേതൃത്വനിരയ്ക്ക് സാധിച്ചുവെന്ന് കരുതുവാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവിൽ വളർന്നവരാണ് നമ്മൾ.... ഇനിയും അവനിലൂടെ വളരേണ്ടവർ....... കാലങ്ങൾ ഓർമകളായി മാറുമ്പോൾ, അവനെന്ന സാക്ഷ്യത്തെ സിരകളിൽ പേറുവാനും, അവനിലൂടെ ക്രൈസ്തവയൗവനത്തെ പരിപോഷിപ്പിക്കുവാനും വിളിച്ചു വേർതിരിക്കപ്പെട്ടവർ.......കൂട്ടായ്മയിലൂടെ, സ്നേഹത്തിലൂടെ, ത്യാഗത്തിലൂടെ, വിട്ടുകൊടുക്കലിലൂടെ ഇനിയും നമുക്ക് ജീവിക്കാം.... നമ്മുടെ സഭയോടും യുവജനപ്രസ്ഥാനത്തോടുമൊപ്പം.......

സഭയ്ക്കും സമൂഹത്തോടും ഒപ്പം ചേർന്ന് കഴിഞ്ഞ 2 വർഷക്കാലം നടത്തിയ പ്രവർത്തനങ്ങളുടെ ഒരു സമാഹാരമാണ് 'പടവുകൾ' എന്ന ഈ പുസ്തകം. നിങ്ങൾക്കേവർക്കും സമർപ്പിക്കുന്നു.

**ജിത്ത് ജോൺ ഫ്രാൻസിസ്**

**എം.സി.വൈ.എം. പ്രസിഡന്റ്**

# യുവത്വം: ധീരപ്രേഷിതരാകാനുള്ള ഒരു വിളി

## (YOUTHOOD: A Call to Become Courageous Missionaries)

### "യുവാവേ, ഞാൻ നിന്നോട് പറയുന്നു എഴുന്നേൽക്കുക"

(ലൂക്കാ 7:14)

റവ. ഡോ. ഫാ. പ്രഭീഷ് ജോർജ്ജ്



യേശുക്രിസ്തു പൂർത്തീകരിച്ച സാർവത്രിക പ്രേഷിതദൗത്യം എല്ലാ കാലത്തും എല്ലാ ഇടങ്ങളിലും യാഥാർത്ഥ്യമാകേണ്ടതിനാണ് തന്റെ മൗതിക ശരീരമായ സഭയെ "രക്ഷയുടെ സാർവത്രിക കൂദാശ" ആയി സ്ഥാപിച്ചത്. ഈ ദൗത്യത്തിൽ പങ്കാളികളാകാനാണ് സഭയിൽ വ്യക്തികളെ പ്രത്യേകം വിളിക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാകര കൃപാവാഹകരായ മിഷണറിമാരെ "നിത്യരക്ഷയുടെ ശുശ്രൂഷകർ" എന്നാണ് വിളിക്കുന്നത്.

യുവത്വത്തിലായിരിക്കുന്നത് ഒരു വിളിയാണ്: ക്രിസ്തുവിനെ അനുഗമിക്കാൻ, ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനങ്ങളിൽ പങ്കുകാരാകാൻ. സകലത്തിനേയും ക്രിസ്തുവിൽ ഐക്യപ്പെടുത്താനുള്ള ഈ വിളിക്ക് കൂടുതൽ ഊർജ്ജം, കൂടുതൽ സമർപ്പണം, കൂടുതൽ ഉറച്ച തീരുമാനം, അതിലുപരി, ക്രിസ്തുവിനോടുള്ള അടങ്ങാത്ത സ്നേഹം നമുക്ക് ആവശ്യമാണ്. യുവജനങ്ങളെ അടിസ്ഥാന പ്രേഷിത വിളിയിൽ നിന്നകറ്റുന്ന അനേകം കാര്യങ്ങൾ ഈ ലോകത്തിലുണ്ട്. അത്തരം പ്രലോഭനങ്ങളെ അതിജീവിക്കാനും ദൈവവിളിയിൽ ഉറച്ചു നിൽക്കാനും ധാരാളം ധിക്ഷണാശക്തിയും സമർപ്പണവും അനിവാര്യമാണ്. അതിനാലാണ് ഊർജ്ജ്വസ്വലരായ യുവജനങ്ങളെ സമകാലീന ലോകത്തിലെ ധീരരായ പ്രേഷിതരായി വിശേഷിപ്പിക്കുന്നത്.

### 1. സൗഹൃദത്തിലേയ്ക്കുള്ള വിളി

ഈ വിളി ക്രിസ്തുവുമായി സൗഹൃദം (യോഹ 21:16) ഉണ്ടാക്കാനാണ്. വിളി ഉപേക്ഷിക്കാനുള്ള എല്ലാ പ്രലോഭനങ്ങളെയും അതിജീവിക്കാൻ ഒരു വ്യക്തിയെ പ്രാപ്തമാക്കുന്നത് ക്രിസ്തുവുമായുള്ള സവിശേഷമായ സൗഹൃദമാണ്. യേശു "അവന് ഇഷ്ടമുള്ളവരെ തന്റെ അടുക്കലേയ്ക്ക് വിളിച്ചു" (മത്താ 3:13), "തന്നോടു കൂടെയായിരിക്കുക" (മർക്ക 3:14) എന്ന ഏറ്റവും അടിസ്ഥാന വിളിയും അവർക്ക് നൽകി. ഇത് സൗഹൃദത്തിലേയ്ക്കുള്ള വിളിയാണ്. "ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്ന് കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു." (യോഹ 15:15). എല്ലാവിളികളും നമുക്ക് നൽകുന്ന പദവി "യേശുവിന്റെ സുഹൃത്തുകളുടേതാണ്." (Friends of Jesus)

ക്രിസ്തീയ വിളി യേശുവിന്റെ സുഹൃത്തുക്കളായി സ്വർഗീയ വിരുന്നിൽ പങ്കുചേരാനാണ്. ഈ ക്ഷണം ഒരു പുതിയ ലോകത്തിലേയ്ക്കാണ്, സുഹൃത്തുക്കളുടെ ലോകം. ക്രിസ്തുവുമായുള്ള നമ്മുടെ സൗഹൃദം നമ്മുടെ എല്ലാ ബന്ധങ്ങളെയും വിശുദ്ധീകരിക്കുന്നതായിരിക്കണം. പാപത്തിന്റെ ബന്ധനമില്ലാത്ത സൗഹൃദമാണിത്. ദൈവമക്കളെപ്പോലെ സ്വാതന്ത്ര്യമനുഭവിക്കാനുള്ള സൗഹൃദമാണിത്. ക്രിസ്തുവുമായുള്ള നമ്മുടെ സൗഹൃദം നമ്മുടെ ജീവിതത്തിലെ മറ്റു സൗഹൃദങ്ങളെ പരിശോധിക്കാനുള്ള അളവുകോലാണ്.

ആരാണ് നിങ്ങളുടെ യഥാർത്ഥ സുഹൃത്ത്? നമ്മുടെ പ്രതിസന്ധി കളിൽ ആർക്കാണ് നമ്മെ

ആശ്വസിപ്പിക്കാൻ സാധിക്കുന്നത്? വേദനാജനകമായ അനുഭവങ്ങളിൽ ആർക്കാണ് നമ്മെ ആശ്വസിപ്പിക്കാനാകുക? പരാജയങ്ങളിൽ ആർക്കാണ് നമുക്ക് ആത്മവിശ്വാസം നൽകാൻ സാധിക്കുക? ആർക്കാണ് നമുക്ക് യഥാർത്ഥ സ്വാതന്ത്ര്യവും സന്തോഷവും നൽകാനാവുക? പ്രഭാഷകൻ പറയുന്നു: "ദൈവഭക്തനും കല്പനകൾ പാലിക്കുന്നവനെന്ന് ഉറപ്പുള്ളവനും നിന്റെ സ്വാഭാവത്തിന് ഇണങ്ങുന്നവനും നിന്റെ പരാജയത്തിൽ സഹതപിക്കുന്നവനുമായ ഒരുവനോട് എപ്പോഴും ഒട്ടി നിൽക്കുക" (37:12). എല്ലാകാലങ്ങളിലും നമുക്ക് വിശ്വസിക്കാനാവുന്ന അത്തരം സുഹൃത്തുക്കൾ നമ്മോടുകൂടെയായിരിക്കും.

ദൈവപുത്രനായ ക്രിസ്തു സ്വർഗത്തിൽ നിന്നിറങ്ങി വന്നത് നമ്മിലൊരുവനാകാനും ഒരു സുഹൃത്തിനെപ്പോലെ നമ്മോടുകൂടെ ആയിരിക്കാനാണ്. അവൻ തന്റെ ജീവിതം ബലിയായി അർപ്പിച്ചത് രണ്ടു ലക്ഷ്യങ്ങൾക്കുവേണ്ടിയാണ്: പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റി അവിടുത്തെ അനുസരിക്കാനും, അവസാന തുള്ളിചോരവരെ ചിന്തി തന്റെ സുഹൃത്തുക്കളെ സ്നേഹിക്കാനുമാണ്. ക്രിസ്തുവിൽ ഒരു യഥാർത്ഥ സുഹൃത്തിനെ നമുക്ക് കണ്ടെത്താൻ സാധിക്കും. നമ്മുടെ പരാജയത്തിലോ വിജയത്തിലോ അവൻ നമ്മെ ഉപേക്ഷിച്ചുപോകുന്നില്ല.[7] ആടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുന്ന ഒരു യഥാർത്ഥ ഇടയനായ അവിടുന്ന് "തൊണ്ണൂറ്റി ഒൻപതിന്റെ" കൂട്ടായ്മയിൽ നിന്ന് നാം കൂട്ടം തെറ്റിയാലും നമ്മെ തേടി വരുന്നു. യേശു നാമോരോരുത്തരേയും വിലയേറിയതായി കരുതുന്നതിനാൽ തന്നെ നമ്മുടെ സൗഹൃദത്തെ മറ്റെന്തിനേക്കാളും മൂല്യമുള്ളതായി പരിഗണിക്കുന്നു.

വി. വേദപുസ്തക വിവരണത്തിൽ കർത്താവിന്റെ സജീവമായ സൗഹൃദവലത്തിൽ പന്ത്രണ്ടുപേർ മാത്രമല്ല ധാരാളംപേരുണ്ടായിരുന്നു എന്നു കാണാം. അവർ അവനോടൊപ്പം യാത്രചെയ്യുകയും അവന്റെ ദൗത്യത്തിൽ പങ്കാളികളാകുകയും ചെയ്തു. അവർ മറ്റുള്ളവരെ അവന്റെ അടുക്കലേയ്ക്ക് കൊണ്ടു വന്നു. യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് അവർ സംസാരിച്ചു. അവന്റെ വാക്കുകൾക്കും പ്രവർത്തികൾക്കും അവർ സാക്ഷികളായി. അവന്റെ നാമത്തിൽ രോഗികളെ സുഖമാക്കാനും പിശാചുക്കളെ പുറത്താക്കാനും കഴിഞ്ഞു. ഇതെല്ലാം ചെയ്യാൻ അവർ ഇഷ്ടപ്പെട്ടു കാരണം അവർ യേശുവുമായുള്ള സൗഹൃദം യഥാർത്ഥത്തിൽ ആസ്വദിച്ചിരുന്നു.

ക്രിസ്തുവിന്റെ സൗഹൃദത്തിലാവുക ഒരു അനുഗ്രഹവും അതുപോലെ വെല്ലുവിളിയുമാണ്. മാമോദീസാ എന്ന കൂദാശ സ്വീകരിക്കുന്നതിലൂടെ ഒരാൾ ക്രിസ്തുവുമൊത്തുള്ള ഒരു പുതുജീവിതം ആരംഭിക്കുന്നു. ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ ക്രിസ്തുവുമായുള്ള സ്നേഹബന്ധം ദിനംപ്രതി നവീകരിക്കുന്നു. അനുതാപത്തിന്റെ കൂദാശയിലൂടെ നാം ദൈവത്തോടും ലോകത്തോടുമുള്ള നമ്മുടെ ബന്ധങ്ങളെ വിശുദ്ധീകരിക്കുകയും അത് യഥാർത്ഥമായ സ്വാതന്ത്ര്യവും സന്തോഷവും ആസ്വദിക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തുമായുള്ള സൗഹൃദം മാലാഖമാരും വിശുദ്ധരുമായുള്ള സൗഹൃത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. അതിലൂടെ നാം വിശുദ്ധിയുടെ ഒരു ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഇതൊരു വെല്ലുവിളിയാണ് കാരണം എല്ലാവർക്കും ഈ പുതിയ ജീവിതക്രമത്തിലേയ്ക്ക് പ്രവേശിക്കാൻ സാധ്യമല്ല. അതിലുപരി, ക്രിസ്തുവിനോടും അവന്റെ കൽപനകളോടും നിരന്തരമായ അതെ എന്ന പ്രത്യുത്തരം ആവശ്യപ്പെടുന്നു. ക്രിസ്തുവുമായുള്ള സൗഹൃദത്തിന് നാം നൽകേണ്ട വില അവിടുത്തെ കല്പനകളോട് വിശ്വസ്തരായിരിക്കുക എന്നതാണ്. ക്രിസ്തുവുമായുള്ള സൗഹൃദത്തിന് വിലനൽകാൻ നിങ്ങൾ തയ്യാറാണോ?

## 2. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ജീവിക്കാനുള്ള വിളി

ദൈവരാജ്യത്തെക്കുറിച്ച് ക്രിസ്തു വെളിപ്പെടുത്തിയ പശ്ചാത്തലം ഒരു സൗഹൃദസംഭാഷണ വേദിയായിരുന്നു. യാഥാർത്ഥ സുഹൃത്തുക്കൾ എന്ന നിലയിൽ മാമോദീസാ സ്വീകരിച്ച ഓരോരുത്തരം ദൈവരാജ്യത്തിന്റെ സത്യങ്ങൾ അറിയാനുള്ള അനുഗ്രഹം കിട്ടിയവരാണ്. ദൈവരാജ്യത്തിന്റെ സത്യമറിയുന്നത് ഏക സമയ പ്രവൃത്തിയല്ല; മറിച്ച്, ഇത് നിരന്തരമായ ഒരു പരിശീലന പ്രക്രിയയാണ് (It is not one time but an ongoing process and formation). ഇത് ബൗദ്ധികമായ അറിവല്ല, മറിച്ച് ദൈവരാജ്യത്തിലേയ്ക്ക് നാം ഉൾചേർക്കപ്പെടുന്നതാണ്. അറിയുക എന്നുവച്ചാൽ ദൈവരാജ്യത്തിന്റെ സത്യങ്ങൾക്കൊണ്ട് നമ്മുടെ ജീവിതങ്ങൾ പരിവർത്തനം ചെയ്യപ്പെടുക എന്നതാണ്.

ദൈവരാജ്യത്തിന്റെ സത്യമറിയാനുള്ള നിബന്ധന ശിശുക്കളെപ്പോലെ (മത്താ 11:25). നമ്മുടെ മനസ്സ് പാപമേശാതെയും നിഷ്കളങ്കമായും നാം കാത്തുസൂക്ഷിക്കുക എന്നതാണ്.

സ്നാപക യോഹന്നാൻ ആഹ്വാനം ചെയ്തു: "മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 3:2) ദൈവരാജ്യത്തെ ക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രബോധനം ഒരു വാക്യത്തിൽ വി. മത്തായി ശ്ലീഹാ ചുരുക്കുന്നു: "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ

5:16). നമ്മുടെ വഴികളിൽ നിന്ന് ദൈവത്തിന്റെ വഴികളിലേയ്ക്ക് നമ്മുടെ ജീവിതങ്ങളെ മാറ്റി പ്രതിഷ്ഠിക്കുന്ന പ്രക്രിയയാണിത്. ഇത് ദൈവത്തി ലേയ്ക്കുള്ള ഒരു തിരിവാണ് (It is a turning towards God). വിശ്വാസം പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങളോടൊപ്പം ഉപവി, കരുണ, സമാധാനം, നീതി, ക്ഷമ, കൃതജ്ഞത, സമത്വം, എന്നീ മൂല്യങ്ങൾ ദൈവരാജ്യത്തിന് അനുയോജ്യമായ ജീവിതം നയിക്കാൻ നമ്മെ സഹായിക്കും.

## 3. ദൈവരാജ്യം പണിയാനുള്ള വിളി

"സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്ക 1:15). പ്രഖ്യാപിക്കുക മാത്രമല്ല ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാനായി യേശു തന്റെ ജീവിതം ഉഴിഞ്ഞു വച്ചു. നമ്മളും ഇതുപോലെ നമ്മുടെ ജീവിത ചുറ്റുപാടുകളിൽ ദൈവരാജ്യം പണിയാനായി വിളിക്കപ്പെട്ടിരിക്കുന്നു. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കെതിരെയുള്ള എല്ലാ പ്രതികൂല സാഹചര്യങ്ങളുടേയും മദ്ധ്യേ യേശുവിന്റെ സുഹൃത്തുക്കൾ ദൈവരാജ്യപണിക്കായി നിലക്കൊള്ളണം. എല്ലാവരേയും ദൈവഭരണത്തിൻകീഴിൽ കൊണ്ടുവരിക എന്നതാണ് നമ്മുടെ മിഷൻ.

ദൈവരാജ്യത്തെ സോഷ്യലിസമായി നാം കരുതരുത്, മറിച്ച് ദൈവത്തിന്റെ സർവാധികാരം അംഗീകരിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്ന ദൈവജനത്തിന്റെ കൂട്ടായ്മയാണിത്. പരോപകാര പ്രവൃത്തികൾ മാത്രം ചെയ്യുന്നതിലൂടെ ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കാമെന്ന് സോഷ്യലിസത്തിന്റെ തത്വശാസ്ത്രം പലപ്പോഴും നമ്മെ തെറ്റിധരിപ്പിക്കാറുണ്ട്. പല യുവജനങ്ങളുടേയും മനസിലെ ചിന്ത ഇപ്രകാരമായതുകൊണ്ട് അവർ ദൈവത്തോടുള്ള അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെ പരോപകാര പ്രവർത്തികളിൽ മാത്രം വ്യാപരിക്കുന്നു. അവരുടെ മതപരമായ കടമകൾ സൗകര്യപൂർവം വിസ്മരിച്ചിട്ട് സാമൂഹിക പ്രതിബദ്ധത ആഘോഷിക്കുന്നു. നമ്മുടെ വിളിയും നിയോഗവും വെറുമൊരു സാമൂഹിക ആഘോഷമായി തരംതാഴ്ത്തരുത്.

ദൈവരാജ്യത്തിന് അതിരുകൾ നാം നിശ്ചയിക്കരുത്. അത് എല്ലാവരേയും ഉൾക്കൊള്ളുന്നതാകണം. നമ്മുടെ 'ചെറിയ വലകളിൽ' (net works)നിന്നും കൂട്ടങ്ങളിൽ (gang) നിന്നും സാമൂഹിക കൂട്ടങ്ങളിൽ (social group)നിന്നും നാം പുറത്തുവരേണ്ടത് അത്യാവശ്യമാണ്. പാപം ഒഴികെയുള്ള എല്ലാറ്റിനോടും നമുക്ക് അടിസ്ഥാനപരമായ തുറവി ആവശ്യമാണ്. പരി. ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങളോട് ആവശ്യപ്പെടുന്നു: "ഞാൻ യുവജനങ്ങളോട് ആവശ്യപ്പെടുന്നത് നിങ്ങളുടെ ചെറിയ സംഘങ്ങൾക്ക് അപ്പുറത്തേയ്ക്ക് പോയി എല്ലാവരും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന വിശാലമായ സാമൂഹികമായ സൗഹൃദങ്ങൾ കെട്ടിപ്പെടുക്കണം." പൊതുനന്മ സാമൂഹിക പ്രവർത്തനമായി നാം ചുരുക്കാതെ ദൈവരാജ്യവുമായി ബന്ധിപ്പിക്കുന്നതാക്കണം. യുവജനങ്ങൾ ദൈവരാജ്യത്തിന്റെ വിസ്തൃതി ലോകത്തിന്റെ അതിർത്തികളോളം എത്തിക്കാനായി അവരുടെ ദർശനങ്ങളും ദൗത്യവും വിശാലമാക്കണം.

## 4. സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വിളി

യുവജനങ്ങൾ ഏറെ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യം ഒരുവനെ നയിക്കുന്നത് ജീവനിലേയ്ക്കായിരിക്കണം. നിയമങ്ങളും നിയന്ത്രണവുമില്ലാത്ത സ്വാതന്ത്ര്യം ചരടുപൊട്ടിയ പട്ടം പോലെയാണ്. അതിന് ദിശാബോധം നഷ്ടപ്പെടുന്നു. ആധുനിക എപ്പിക്ക്യൂറിയൻ ദർശനങ്ങൾ നൈമിഷികമായ വസ്തുക്കൾ ആസ്വദിക്കാനുള്ള സ്വാതന്ത്ര്യമാണ് നിർദ്ദേശിക്കുന്നത്. അത്തരം ആസ്വാദനങ്ങൾ ഒരാളെ നയിക്കുന്നത് അടിമത്തത്തിലേയ്ക്കാണ്, അല്ലാതെ സ്വാതന്ത്ര്യത്തിലേയ്ക്കല്ല; മരണത്തിലേയ്ക്കാണ്, അല്ലാതെ ജീവനിലേയ്ക്കല്ല. യേശു പറയുന്നു: "പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്." (യോഹ 8:34)

"നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." (യോഹ 8:32). സത്യമറിയുന്നവർക്ക് ഉള്ളിൽ സ്വാതന്ത്ര്യം അനുഭവിക്കാനാകും. ആധുനിക ലോകം പലവിധമായ അടിമത്തങ്ങൾ യുവജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നു. ആഗോളവത്കൃത സംസ്ക്കാരത്തിന്റെ മുഖമുദ്ര പലവിധമായ 'വാദങ്ങളാണ്': ഉപഭോഗവാദം, വ്യക്തിമാഹാത്മ്യവാദം, ഭൗതീകവാദം, സാമ്പത്തികവാദം, തീവ്രവാദം, വിഭാഗീയവാദം, വർഗീയവാദം, മുതലായവ. ഈ സംസ്ക്കാരത്തിൽ, ഇന്ദ്രിയസുഖദായകമായ കാര്യങ്ങളെ യാഥാർത്ഥ്യമെന്നും സത്യമെന്നും വ്യാഖ്യാനിക്കുന്നു. ആധുനിക മാധ്യമങ്ങൾ പ്രത്യേകിച്ച് ബഹുജന മാധ്യമങ്ങളും സാമൂഹിക സമ്പർക്ക മാധ്യമങ്ങളും ലോകത്തിലെ ആഘർഷണങ്ങളും ലഹരികളും മനുഷ്യജീവിതത്തിൽ ഉപയോഗപ്രദമെന്നും സത്യമെന്നും അവതരിപ്പിക്കുന്നു. തന്മൂലം ഭൗതീകവാദത്തിന്റെ ഈ ലോകം സത്യത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനെ തെറ്റിധരിപ്പിക്കുന്നു.

വി. അഗസ്തീനോസ് പ്രാർത്ഥിച്ചു: "കർത്താവേ, അങ്ങിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥമാണ്." മനുഷ്യജീവിതത്തിലെ അസ്വസ്ഥത ആത്മാവിന്റെ ദാഹത്തെ സൂചിപ്പിക്കുന്നു. ദൈവം സൃഷ്ടിച്ച ഒന്നിലും പൂർണമായ സംതൃപ്തി അനുഭവിക്കാൻ മനുഷ്യനു സാധിക്കില്ല. ഈ സത്യമറിയാതെ അവർ വിവിധങ്ങളായ വസ്തുക്കൾ, വ്യത്യസ്തങ്ങളായ വ്യക്തികൾ, വൈവിധ്യമാർന്ന സ്ഥല

ങ്ങൾ എന്നിവയുടെ പുറകെ പോയിട്ട് അവസാനം നിരാശരായി തീരുന്നു. സ്വാതന്ത്ര്യത്തെയും വൈകാരികതയേയും തമ്മിൽ വേർതിരിച്ചറിയാൻ യാഥാർത്ഥ്യത്തെ അയഥാർത്ഥ്യത്തിൽ നിന്നും, നിത്യതയെ താൽക്കാലികമായതിൽ നിന്നും, ജീവനെ മരണത്തിൽ നിന്നും വിവേചിച്ചറിയാൻ ഒരാൾക്ക് സാധിക്കണം.

യുവജനങ്ങൾ പലപ്പോഴും സ്വാതന്ത്ര്യത്തെ അവരുടെ ഉത്തരവാദിത്വവുമായോ ദൗത്യവുമായോ ബന്ധപ്പെടുത്താറില്ല. കുടുബജീവിതത്തിന്റേയും സാമൂഹിക ജീവിതത്തിന്റേയും സഭാത്മക ജീവിതത്തിന്റേയും മൂല്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയാതെ അത്തരം സംവിധാനങ്ങളെ അവർ നിഷേധിക്കുന്നു (ഇപ്പോഴത്തെ പ്രവണത അവമതിക്കലാണ്). തന്മൂലം അവർ ജീവിതത്തിൽ ഒരിക്കലും സത്യം സ്വന്തമാക്കുന്നില്ല. നമ്മുടെ ദൗത്യ നിർവ്വഹണത്തിൽ നാം യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുകയും മറ്റുള്ളവരെ ക്രിസ്തു നൽകുന്ന ആ നിത്യസ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുകയും ചെയ്യണം.

## 5. സത്യത്തെ പുൽകാനുള്ള വിളി

"ഞാനാണ് വഴിയും സത്യവും ജീവനും" (യോഹ 14:6). നിത്യജീവനുവേണ്ടി ലോകത്തിനു വെളിപ്പെടുത്തപ്പെട്ട നിത്യസത്യം യേശു ക്രിസ്തുവാണ്. നാം വിളിക്കപ്പെട്ടിരിക്കുന്നത് ഈ സത്യം അറിയാൻ മാത്രമല്ല അതിനെ പുൽകാൻ കൂടിയ ാണ്. ക്രിസ്തുവിനെ ആശ്ലേഷിക്കാൻ നാം തയ്യാറാണോ? ക്രിസ്തുവിനെ പുൽകാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടോ? നമ്മുടെ ജീവിതത്തിലെ എന്തെങ്കിലും നമ്മെ ക്രിസ്തുവിൽ നിന്ന് നമ്മെ അകറ്റുന്നുണ്ടോ? ക്രിസ്തുവിനെ പുൽകുന്നത് ഒരു ഫാഷനായിട്ടായിരിക്കരുത്; പിന്നയോ ആവേശമായിട്ടായിരിക്കണം (not fashion but passion ). യുവജനങ്ങളെ സംബന്ധിച്ച് പരസ്യവും രഹസ്യവുമായ ജീവിതത്തിൽ ക്രിസ്തുവിനെ ആശ്ലേഷിക്കുന്നത് ഒരു വെല്ലുവിളിയാണ്. ക്രിസ്തുവിനെ പുൽകുന്ന വ്യക്തി എല്ലാ സഹചര്യങ്ങളിലും ക്രിസ്തുവിനുവേണ്ടി അടിസ്ഥാനപരമായ ഒരു തെരഞ്ഞെടുപ്പ് നടത്തണം. രക്തസാക്ഷിത്വം ക്രിസ്തുവിനുവേണ്ടി നടത്തുന്ന വിലമതിക്കാനാവാത്ത ഒരു തെരഞ്ഞെടുപ്പാണ്. ഒരാൾ വിശുദ്ധൻ/വിശുദ്ധ ആകുന്നത് നാളെയല്ല, ഇന്നാണ്. അതിനാൽ യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് നാളത്തെ വിശുദ്ധരാകാനല്ല, ഇന്നത്തെ വിശുദ്ധരാകാനാണ്.

യേശു ശിരസും തിരുസഭ ശരീരവുമാണ്. ശരീരത്തെ ആശ്ലേഷിക്കാതെ ആർക്കും ശിരസിനെ ആശ്ലേഷിക്കാനാകില്ല. ക്രിസ്തുവിനെ സ്നേഹിക്കുന്നു സഭയെ വെറുക്കുന്നു എന്നു പറയുന്നവരിലേയ്ക്ക് ധാരാളം യുവജനങ്ങൾ ആഘർഷിക്കപ്പെടുന്നുണ്ട്. ക്രിസ്തുവിനുവേണ്ടി നാം നടത്തുന്ന തെരഞ്ഞെടുപ്പ് അതിനാൽ തന്നെ ഒരേസമയം തിരുസഭയ്ക്കുവേണ്ടി കൂടിയുള്ള തെരഞ്ഞെടുപ്പാണ്. ദൈവീകവും മാനുഷികവുമായ സഭയെ പൂർണമായി നാം അംഗീകരിക്കണം. സഭയെ ആശ്ലേഷണം സൗകര്യപ്രദമായ തെരഞ്ഞെടുപ്പാകരുത്. സഭയുടെ താഴ്ചയിലും വീഴ്ചയിലും നാം ഒരുപോലെ അഭിമാനിക്കുന്നവരാകണം.

## 6. ജീവനിലേയ്ക്കുള്ള വിളി

യേശു പറഞ്ഞു: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്." (യോഹ 10:10). അവനിൽ ജീവന്റെ സമൃദ്ധി നാം കാണുന്നു. ക്രിസ്തുവിലായിരിക്കുന്നവർക്ക് ജീവന്റെ സമൃദ്ധി ലഭിക്കുന്നു. യേശുക്രിസ്തു ജീവൻ നൽകുന്ന ജലമാണ്. "ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേയ്ക്ക് നിർഗളിക്കുന്ന അരുവിയാകും" (യോഹ 4:14). ഓരോ നിമിഷവും അവന്റെ അടുക്കലേയ്ക്ക് ചെന്ന് അവനിൽ നിന്ന് കുടിക്കാൻ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. ഇവിടെ നമുക്കൊരു ദൗത്യമുണ്ട്: എല്ലാവരേയും ജീവന്റെ ഉറവയായ ക്രിസ്തുവിലേയ്ക്ക് ആനയിക്കുക. ഇത് ജീവന്റെ ദൗത്യമാണ്: കൂടുതൽ കരുണയും ധീരതയും ആവശ്യമായ ഒരു മിഷൻ.

ക്രിസ്തു സ്വർഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പമാണ്. ഓരോ ദിവസവും ഈ സ്വർഗീയ ഭോജനത്തിലേയ്ക്ക് നമ്മെ ക്ഷണിച്ചുകൊണ്ട് യേശു പറയുന്നു: "സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും" (യോഹ 6:51). അവൻ ഇറങ്ങി വന്നത് മുറിക്കപ്പെടാനും മറ്റുള്ളവർക്കായി നൽകപ്പെടാനുമാണ്. അതുപോലെ നാമോരോരുത്തരും വിഭജിക്കപ്പെടാനും മറ്റുള്ളവർക്കായി മുറിച്ചു നൽകാനുമായി വിളിക്കപ്പെട്ടിരിക്കുന്നു. സ്വയം മുറിക്കപ്പെടുക എന്നത് കൂടുതൽ നിശ്ചയധാർഢ്യവും സമർപ്പണവും ആവശ്യമായ ഒരു ധീരപ്രവൃത്തിയാണ്.

കൂദാശകൾ ജീവദായകമായ അരുവികളാണ്; കൃപയുടെ നീർച്ചാലുകൾ. ക്രിസ്തുവിൽ വളരാൻ ആഗ്രഹിക്കുന്നവർ കൂദാശകൾ മുടക്കം കൂടാതെ സ്വീകരിക്കേണ്ടതാണ്. ക്രിസ്തുവിന്റെ മണവാട്ടിയും നമ്മുടെ അമ്മയുമായ തിരുസഭ വിവിധ കൂദാശകൾ പരികർമ്മം ചെയ്തുകൊണ്ട് നമ്മെ നിത്യജീവൻ നൽകി വളർത്തുന്നു. അവൾ നമ്മുടെ ജീവിതത്തെ പരിപാലിക്കുന്നു. എല്ലാവിധ മരണസംസ്ക്കാരത്തിൽ നിന്നും അവൾ നമ്മെ സംരക്ഷിക്കുന്നു. ജീവന്റെ സമൃദ്ധിയിലേയ്ക്ക് നമ്മെ ആനയിക്കുന്നു. അവളുടെ ചിറകിൻ കീഴിൽ നാം സുരക്ഷിതരാണ്. ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നവർ അവന്റെ മണവാട്ടിയും മൗതികശരീരമായ തിരുസഭാ മാതാവിനോടുംകൂടെ

ആയിരിക്കണം. ഈ സത്യം തിരിച്ചറിഞ്ഞ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സന്തോഷത്തോടുകൂടി നമ്മെ ഓർമപ്പെടുത്തുന്നു: "കത്തോലിക്കരായിരിക്കുന്നതിൽ നിങ്ങൾ അഭിമാനിക്കുവിൻ.'' കത്തോലിക്കരാകുന്നതും കത്തോലിക്കാരായി തുടരുന്നതും ഒരു അനുഗ്രഹവും വെല്ലുവിളിയുമാണ്.

ക്രിസ്തുവിനെപ്പോലെ നമുക്കും മൂന്നു നിയോഗങ്ങളുണ്ട് - പ്രവാചക ദൗത്യം, രാജകീയ ദൗത്യം പൗരോഹിത്യ ദൗത്യം).: നാം ഏതുരൂപത്തിലേയും മരണത്തിനെതിരെ പ്രതികരിക്കുന്ന ജീവന്റെ പ്രവാചകന്മാരാണ്; നാം ഗർഭപാത്രം മുതൽ കബറു വരെയുള്ള ജീവനെ, ഏതുരൂപത്തിലേയും, സംരക്ഷിക്കുന്ന രാജാക്കന്മാരണ്; നാം ഓരോ നിമിഷവും ജീവനെ വിശുദ്ധീകരിക്കുന്ന പുരോഹിതരാണ്. കത്തോലിക്കാ സഭയിൽ നാം ജീവന്റെ പ്രേഷിതരായി വിളിക്കപ്പെട്ടിരിക്കുന്നു.

### 7. അധികം ധൈര്യം അനിവാര്യമായ ഒരു വിളി

ആർക്കാണ് ക്രിസ്തുവിന്റെ യഥാർത്ഥ പ്രേഷിതരാകാൻ സാധിക്കുക? ക്രിസ്തുവിനു പകരം ആർക്കാണ് പ്രവർത്തിക്കാനാകുക? ആർക്കാണ് യേശുവിനു വേണ്ടി സംസാരിക്കാൻ സാധിക്കുക? ജീവിതത്തിന്റെ വിളുമ്പിലുള്ളരുടെ അടുക്കലേയ്ക്ക് ക്രിസ്തു നാമത്തിൽ ആർക്കാണ് ഇറങ്ങി ചെല്ലാൻ സാധിക്കുക? ക്രിസ്തുവിനുവേണ്ടി മുറിക്കപ്പെടാൻ ആരാണ് തയ്യാറാകുക? ആർക്കാണ് ക്രിസ്തുവിനുവേണ്ടി മുറിവേൽക്കാൻ സാധിക്കുക? ഈ കാലഘട്ടം, ക്രിസ്തുവിന്റെ കരുണാർദ്ര സ്നേഹം ഈ ലോകത്തിൽ കാണിക്കുവാൻ കഴിയുന്ന അനേകം പ്രേഷിതരെ ആവശ്യപ്പെടുന്നു.

നാം ജീവിക്കുന്ന ലോകം നന്മയ്ക്കു പകരം തിന്മ പ്രോത്സാഹിപ്പിക്കുന്നു; നീതിക്കു പകരം അക്രമം വളർത്തുന്നു; പരസ്നേഹത്തിനുപകരം സ്വാർത്ഥത പ്രോത്സാഹിപ്പിക്കുന്നു; മൂല്യങ്ങൾക്കു പകരം സുഖമന്വേഷിക്കുന്നു; സ്നേഹത്തിനുപകരം വിദ്വേഷം വിതയ്ക്കുന്നു; ജീവനു പകരം മരണം കൊണ്ടുവരുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ വിശ്വാസം ജീവിക്കുന്നതും ദൈവരാജ്യം നിർമ്മിക്കുന്നതും ഏറെ വെല്ലുവിളി നിറഞ്ഞ കാര്യമാണ്. നമ്മുടെ ദൗത്യം പൂർത്തീകരിക്കുന്നതിന് ഉറച്ച നിശ്ചയദാർഢ്യവും ജീവിതാവസാനം വരെ നീണ്ടു നിൽക്കുന്ന തീരുമാനവും, ജീവിതത്തിൽ സ്ഥിരതയും അനിവാര്യമാണ്. ഈ മിഷൻ വെല്ലുവിളി നിറഞ്ഞതാണ് അത് നിറവേറ്റാൻ കൂടുതൽ ധൈര്യം അനിവാര്യമാണ്. അവസാനശ്വാസം വരെ പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള ധിക്ഷണാശക്തിയുണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് ഈ ദൗത്യം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

ഉറങ്ങുവാനുള്ള പ്രലോഭനം- ജീവിത ദൗത്യത്തോട് കണ്ണടയ്ക്കാനുള്ള പ്രലോഭനം- എപ്പോഴും നമുക്കുണ്ട്. അനേകം യുവജനങ്ങൾ ഉറക്കത്തിലാണ്, തങ്ങളുടെ ദൗത്യം തിരിച്ചറിയാതെ. യാന്ത്രികതയുടേയും സാങ്കേതിക വിദ്യയുടേതുമായ ലോകത്തിൽ തങ്ങൾക്കു ചുറ്റും നടക്കുന്നതിനെക്കുറിച്ചറിയാതെ അവർ ഉറക്കത്തിലാണ്.

ഈ ആധുനിക കാലഘട്ടത്തിലെ നമ്മുടെ പ്രേഷിതദൗത്യം കൂടുതൽ നിശ്ചയദാർഢ്യവും സമർപ്പണവും, കൂടുതൽ സമയവും സ്ഥലവും, അധികമായ ഊർജ്ജവും ആവേശവും, കൂടുതൽ സമർപ്പണവും ധൈര്യവും ആവശ്യപ്പെടുന്നുണ്ട്. ദൈവത്തിലാശ്രയിക്കുന്നവർക്കു മാത്രമേ കരിമേഘങ്ങൾക്ക് മുകളിലൂടെ പറക്കാൻ സാധിക്കുകയുള്ളൂ. ഏശയ്യാ പ്രവാചകൻ പറയുന്നു: "എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാലും തളരുകയില്ല" (40:31). നിങ്ങൾ ക്രിസ്തുവിനോടു കൂടെ ആയിരുന്നാൽ നിങ്ങളുടെ വിളിക്കെതിരെയുള്ള എല്ലാ പ്രലോഭനങ്ങളേയും അതിജീവിക്കാനുള്ള ശക്തി ലഭിക്കുന്നതാണ്.

### യുവജനങ്ങളെ, നിങ്ങൾ തയ്യാറാണോ? (Youth, Are You Ready?)

യേശു യുവജനങ്ങളെ വിളിക്കാൻ കാരണം അവർക്ക് അവരുടെ മുൻതലമുറയെക്കാൾ മെച്ചമായി കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുക്കാൻ സാധിക്കുന്നതുകൊണ്ടാണ്. ദൈവീകജ്ഞാനവും സാങ്കേതിക വിദ്യയും സമ്മേളിപ്പിച്ച് ക്രിസ്തുതവിന്റെ ദൗത്യം ഏറ്റെടുക്കാൻ യുവജനങ്ങൾ തയ്യാറാകണം.

യേശുവിന്റെ വിളി നമ്മിൽ നിന്നാവശ്യപ്പെടുന്നത് നമ്മുടെ അനുകൂലവും സ്വതന്ത്രവുമായ പ്രത്യുത്തരമാണ്. ഈ സമകാലീന ലോകത്തിലെ ഉയർച്ച താഴ്ചകളോട് പ്രത്യുത്തരിച്ചുകൊണ്ട് വലിയ കാര്യങ്ങൾ ചെയ്യാനുള്ള വിളിയാണിത്. ജീവൻ നൽകുന്ന ഉറവിയിൽ നിന്ന് പ്രവഹിക്കുന്ന അരുവികളാകാനാണ് ഈ വിളി. അപ്പസ്തോലന്മാരെ വിളിച്ചതുപോലെ ഇന്നും വെല്ലുവിളികൾ നിറഞ്ഞ ഈ വിളിയേറ്റെടുക്കാൻ യുവജനങ്ങളെ യേശു വിളിക്കുന്നു. ഈ വിളിയോട് പ്രത്യുത്തരിക്കാൻ നിങ്ങൾ തയ്യാറാണോ? നിങ്ങളുടെ വിളിയുടെ വില നൽകാൻ നിങ്ങൾ തയ്യാറാണോ? വിശുദ്ധ രക്തസാക്ഷികളെപ്പോലെ നിങ്ങളുടെ വിളിയെ രക്തംകൊണ്ട് മുദ്രയിടാൻ നിങ്ങൾ തയ്യാറാണോ? ഈ പ്രേഷിത ദൗത്യം ഏറ്റെടുക്കാൻ തക്കവിധം നിങ്ങൾ ധൈര്യശാലികളാണോ?

www.malankaralibrary.com

# എം. സി. വൈ. എം.
# സഭാതല സമിതി
# റിപ്പോർട്ട്
# 2020 – 21

## ആമുഖം:

ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്ക് വേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു : "ഇതാ ഞാൻ എന്നെ അയച്ചാലും". ദൈവത്തിൽ നിന്ന് അകന്നുപോയ ഇസ്രായേൽ ജനത്തെ തിരികെ കൊണ്ടുവരുവാൻ കാത്തിരിക്കുന്ന ദൈവത്തിനു മുമ്പിൽ ഏശയ്യാ പ്രവാചകൻ പറഞ്ഞ വാക്കുകൾ. ഏശയ്യായെ പോലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശക്തിയും ജീവനുമായി നിലനിന്നു കൊണ്ട് കത്തോലിക്കാസഭയിൽ വെളിച്ചം വീശുവാൻ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.) കടപ്പെട്ടിരിക്കുന്നു.


യുവജനങ്ങൾ എന്നത് പ്രചോദനത്തിന്റെയും തീക്ഷ്ണമായ പ്രവർത്തനങ്ങളുടെയും നന്മയുടെയും സഹായത്തിന്റെയും പര്യായമായി നിലകൊള്ളേണ്ടതുമായ ഒരു ജനവിഭാഗമാണ്. നാളേക്ക് നാം എന്ത് നൽകണമെന്ന് തീരുമാനിക്കേണ്ടതും പ്രവർത്തനങ്ങൾ എന്ന വിത്ത് വിതച്ച് സമ്പുഷ്ടമായ നല്ലൊരു നാളെയെ വാർത്തെടുക്കേണ്ടതുമായ ഒരു പറ്റം വ്യക്തികളാണ് യുവജനങ്ങൾ.

യുവജനങ്ങൾ എന്താകണം? എങ്ങനെയാകണം? ഇവയെല്ലാം തന്റെ ജീവിതത്തിലൂടെ നമ്മോട് വിളിച്ചോതിയ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയാകട്ടെ നമ്മുടെ മാതൃക. ക്രിസ്തുവിന്റെ സാമീപ്യം ലോകത്തിനേകിയ രണ്ടാം ക്രിസ്തുവായ വിശുദ്ധ ഫ്രാൻസിസ് അസ്സീസി ആദ്ധ്യാത്മിക വിപ്ലവങ്ങളിലൂടെ മനുഷ്യമനസ്സിൽ സ്നേഹത്തിന്റെ തണലേകി. എല്ലാത്തിലുമുപരി ദൈവത്തെ സ്നേഹിക്കുവാനും സ്വയം ത്യജിച്ച് മറ്റുള്ളവരെ സ്നേഹിക്കുവാനുമുള്ള ശക്തിയും നമ്മിലേക്ക് പകരുന്നു.

യുവത്വത്തിൽ ആയിരിക്കുന്നത് ഒരു വിളിയാണ്. ഈ വിളിയുടെ ലക്ഷ്യം സകലത്തിനെയും ക്രിസ്തുവിൽ ഐക്യപ്പെടുത്തലാണ്. അതിനുവേണ്ടിയാണ് ഊർജ്ജസ്വലരായ യുവജനങ്ങളെ കർത്താവ് വിളിക്കുന്നത്. ഈ യുവത്വം, സമകാലീന ലോകത്തിലെ ധീരരായ പ്രേഷിതരായിത്തീരുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന് കഴിയട്ടെ എന്ന ആശംസയോടെ എം.സി.വൈ.എം. സഭാതല വാർഷിക റിപ്പോർട്ട് ബഹുമാനപ്പെട്ട സെനറ്റ് മുമ്പാകെ അവതരിപ്പിക്കുന്നു.




### 1. ഗ്ലോബൽ മീറ്റ്




എം.സി.വൈ.എം. സഭാതല സമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം-ഗ്ലോബൽ മീറ്റ്, 2020 ജനുവരി 25, 26 തീയതികളിലായി മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മാർ എഫ്രേം കോളേജിൽ വച്ച് നടത്തപ്പെട്ടു. എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ശ്രീ. ടിനു കുര്യാക്കോസിന്റെ അധ്യക്ഷതയിൽ കൂടിയ വാർഷിക സെനറ്റ് സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം മാർത്താണ്ഡം രൂപതാധ്യക്ഷനും മലങ്കര സുറിയാനി കത്തോലിക്കാ സഭാ യുവജന കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് നിർവഹിച്ചു. തുടർന്ന്, എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ് 'യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പോസ്തോലർ' എന്ന എം.സി.വൈ.എം. 2020 വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

ഭദ്രാസനങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചതിനു ശേഷം, സഭാതല സമിതിയുടെ റിപ്പോർട്ട് അവതരണവും കണക്ക് അവതരണവും നടത്തപ്പെട്ടു. തുടർന്ന് 2020-21 വർഷത്തെ ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി.

പ്രസിഡന്റ് : ജിത്ത് ജോൺ ഫ്രാൻസിസ് (തിരുവനന്തപുരം മേജർ അതിഭദ്രാസനം), ജനറൽ സെക്രട്ടറി : ജിനു ജോർജ്ജ് (തിരുവല്ല അതിഭദ്രാസനം), ട്രഷറർ : ശരത് ലാൽ (പാറശ്ശാല ഭദ്രാസനം), വൈസ് പ്രസിഡന്റുമാർ : ഷിജിൻ പുത്തൻപുരക്കൽ (ഗുഡ്ഗാവ് ഭദ്രാസനം), എബിൻ തോമസ് (ബത്തേരി ഭദ്രാസനം), മെറിൻ മാമ്മച്ചൻ (മാവേലിക്കര ഭദ്രാസനം) സെക്രട്ടറിമാർ : ബിച്ചു കുര്യൻ (മൂവാറ്റുപുഴ ഭദ്രാസനം), സാഞ്ജോ സുനിൽ (പുത്തൂർ ഭദ്രാസനം), എസ്. അനീഷാ (മാർത്താണ്ഡം ഭദ്രാസനം), സഭാതല സിൻഡിക്കേറ്റ് : ലിബിൻ സാമുവൽ (പൂനെ ഭദ്രാസനം), സ്വേത മാത്യു (പത്തനംതിട്ട ഭദ്രാസനം)

തമിഴ്നാട്ടിലെ വൈവിധ്യങ്ങൾ അനുസരിച്ച് മാർത്താണ്ഡം ഭദ്രാസന സമിതി വാർഷിക സെനറ്റ് സമ്മേളനത്തിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ഭംഗിയായി ചെയ്തു. ഗ്ലോബൽ മീറ്റിന് ആതിഥേയത്വം വഹിച്ച മാർത്താണ്ഡം ഭദ്രാസനത്തിലെ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനെയും ഡയറക്ടർ ബഹുമാനപ്പെട്ട സജീവ് അച്ചനെയും പ്രസിഡന്റിനെയും ആനിമേറ്ററിനെയും ഭദ്രാസന ഭാരവാഹികളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയും മൂന്നു വർഷക്കാലം ചടുലമായ പ്രവർത്തനങ്ങൾകൊണ്ട് യുവജന ശുശ്രൂഷയെ നയിച്ച ടിനു കുര്യാക്കോസിനും സഹഭാരവാഹികൾക്കും സ്നേഹവും കൃതജ്ഞതയും അറിയിക്കുകയും ചെയ്യുന്നു.




## 2. സത്യപ്രതിജ്ഞ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനം എം.സി.വൈ.എം. സഭാതല സമിതിയുടെ 2020-2021 വർഷത്തെ ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞ 2020 ഫെബ്രുവരി 20-ാം തീയതി, മേജർ ആർച്ച് ബിഷപ്പ് ഹൗസ്, തിരുസന്നിധിയിൽ വച്ച് നടത്തപ്പെട്ടു.

യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെയും എം.സി.വൈ.എം. സഭാതല ഡയറക്ടർ സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ അച്ചന്റെയും സാന്നിധ്യത്തിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയുടെ മുമ്പാകെ ഭരണസമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

## 3. കരുണയുടെ ജപമാല





കോവിഡ് -19 എന്ന മഹാമാരി ലോകത്തെ ഭീതിയിലാഴ്ത്തിയപ്പോൾ അതിനെതിരെ 'പ്രാർത്ഥന കൊണ്ട് കവചം തീർക്കുക' എന്ന അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ വാക്കുകൾ ഹൃദയത്തിലേറ്റിക്കൊണ്ട് 2020 മാർച്ച് 18-ാം തീയതി സഭയിലെ യുവജനങ്ങൾ ഒന്നായി ദൈവകരുണയ്ക്കായി ഉപവസിക്കുകയും ലോകം മുഴുവന്റെയും മേൽ ദൈവകരുണ സമൃദ്ധമായി വർഷിക്കുന്നതിനായി ഒരു ലക്ഷം കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

## 4. Break the Chain

കോവിഡ്-19 വ്യാപനത്തെ തടയുന്നതിനായി കേരള സർക്കാർ നിർദ്ദേശിച്ച 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പ യിന്റെ ഭാഗമായി ചേർന്നുനിന്നുകൊണ്ട് മഹാമാരി ക്കെതിരെ പൊരുതുവാൻ എം.സി.വൈ.എം. ആഹ്വാ നം ചെയ്തു.

സഭയിലെ എല്ലാ രൂപതകളിലെയും യൂണിറ്റ്



തലങ്ങളിൽ 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി കൈ കഴുകുവാനുള്ള സൗകര്യവും സാനിറ്റൈസറുകളുടെയും മാസ്കുകളുടെയും നിർമ്മാണവും വിതരണവും നടത്തപ്പെട്ടു. ഈ ഉദ്യമത്തിൽ പങ്കാളികളായ എല്ലാ യുവജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

### 5. കഷ്ടാനുഭവ ശുശ്രൂഷ തൽസമയ സംപ്രേഷണം




ക്രൈസ്തവ വിശ്വാസികളുടെ മനസ്സിൽ ദുഃഖത്തിന്റെ മാരിപെയ്ത ദിനങ്ങളായിരുന്നല്ലോ ഈ വർഷത്തെ കഷ്ടാനുഭവ ആഴ്ചയിലേത്. ഓശാന മുതൽ ഉയിർപ്പ് തിരുനാൾ വരെയുള്ള ഹാശാ ആഴ്ചയുടെ ശുശ്രൂഷകളിൽ സംബന്ധിക്കുവാനുള്ള അവസരം ക്രൈസ്തവ ജനതയ്ക്ക് കൊറോണ എന്ന മഹാമാരി കാരണത്താൽ നഷ്ടമായപ്പോൾ ശുശ്രൂഷകളെല്ലാം തൽസമയം ജനലക്ഷങ്ങളിലേക്ക് എത്തിക്കുവാൻ എം.സി.വൈ.എം.ന് സാധിച്ചു.

താഴ്മയുടെ പ്രതീകമായ കഴുതയുടെ പുറത്ത് എഴുന്നള്ളിയവന് ജെറുസലേം നഗരവീഥി ഓശാന എന്ന് ആർത്ത് വിളിച്ചപ്പോൾ, കുരുത്തോലയും പൂക്കളും ഇല്ലാത്ത ജനതയ്ക്ക് കർഫ്യൂ കാലമായിരുന്നു ഈ വർഷത്തെ ഓശാന തിരുനാൾ. വിശ്വാസികൾക്കായി നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ ഓശാന തിരുനാൾ കുർബാനയും വചന സന്ദേശവും നൽകി.

സംഹാരദൂതൻ കടന്നുപോയ മിസ്രേമിൽ നിന്നും ഉയർന്ന നിലവിളിയുടെയും മരണത്തിന്റെയും ശബ്ദമായിരുന്നു ഈ പെസഹാ കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കേട്ടത്. യേശുവിനെ ക്രൂശിക്കുക ക്രൂശിക്കുക എന്ന് ജനം ആർത്തു വിളിച്ച് രണ്ട് കള്ളന്മാരുടെ മധ്യത്തിൽ ക്രൂശിച്ചതും കൈയ്പ് കുടിപ്പിച്ചതുമായ പീഡാനുഭവത്തിന്റെ അനുസ്മരണ ദിനമായ ദുഃഖവെള്ളിയാഴ്ചയുടെയും പെരുന്നാളുകളുടെ പെരുന്നാൾ എന്ന് വിശേഷിപ്പിക്കുന്ന മനുഷ്യരാശിയുടെ പ്രത്യാശയുടെ തിരുനാളായ ഈസ്റ്റർ ദിനത്തിന്റെയുമെല്ലാം ശുശ്രൂഷകൾ ബഥേൽ ഡാനിയേൽ അച്ചന്റെ (പത്തനംതിട്ട ഭദ്രാസനം) കാർമികത്വത്തിലൂടെ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ തൽസമയം സംപ്രേഷണം ചെയ്തു.

### 6. ടാസ്ക് ഫോഴ്സ് രൂപീകരണം

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലയളവിൽ നാം വീടുകളിൽ ആയിരുന്നപ്പോൾ നാടിന്റെ ദുരന്തമുഖത്ത് സഹായങ്ങൾ ചെയ്യുവാൻ കേരള സർക്കാർ ആവിഷ്കരിച്ച സന്നദ്ധ സേനയുടെ അംഗങ്ങളാകുകയും, ക്രൂശിതനായ ക്രിസ്തുവിനോട് ചേർന്നുനിന്നുകൊണ്ട് യുവജനങ്ങൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു.


### 7. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ശ്ലൈഹിക ദണ്ഡവിമോചന ആശീർവാദം

ആഗോള കത്തോലിക്കാ സഭയുടെ ആത്മീയ പിതാവ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ മുഖ്യകാർമികത്വത്തിൽ വത്തിക്കാൻ സ്ക്വയറിൽ വച്ച് നടത്തപ്പെട്ട ശ്ലൈഹിക ദണ്ഡവിമോചന ആശീർവാദം എം.സി.വൈ.എം. പേജിലൂടെ 2020 മാർച്ച് 27-ാം തീയതി സംപ്രേഷണം ചെയ്തു.

### 8. യൂത്ത് ഗ്യാലറി

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പൊടുന്നനെ ഉണ്ടായ ലോക്ക്ഡൗണിന്റെ വിരസത അകറ്റുവാനും യുവജനങ്ങളുടെ സർഗ്ഗാത്മകമായ കഴിവുകളും ക്രിയാത്മക ചിന്തകളും ഭാവനകളും പ്രദർശിപ്പിക്കുവാനും 'Youth Gallery - A Space to showcase your Talents' എന്ന പേരിൽ യുവജനങ്ങൾക്കായി ഒരു വേദിയൊരുക്കി.

ഈ വേദിയിലൂടെ ദൈവം, മനുഷ്യൻ, പ്രകൃതി എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ആലാപനം, നൃത്തം തുടങ്ങിയവയുടെ വീഡിയോകളും കരകൗശല നിർമ്മാണത്തിന്റെ ഫോട്ടോകളും പെയിന്റിംഗുകളും കുറിപ്പുകളും വ്യത്യസ്തമായ മറ്റ് കലാസൃഷ്ടികളും പ്രദർശിപ്പിക്കുവാൻ യുവജന പ്രസ്ഥാനത്തിന്




സാധിച്ചു. എം.സി.വൈ. എം. ഫേസ്ബുക്ക് പേജ് വഴി അവ അനേകായിരങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു എന്നത് അഭിമാനപൂർവ്വം ഓർക്കുന്നു.

### 9. യൂത്ത് സർവ്വേ

12 ഭദ്രാസനങ്ങളായി തിരിഞ്ഞു കിടക്കുന്ന മലങ്കര കത്തോലിക്കാ സഭയുടെ യുവജനങ്ങളെ ഒരുമിച്ച് ചേർത്ത് അവരുടെ വിവരങ്ങൾ സ്വീകരിക്കുവാനുള്ള കർമ്മപദ്ധതിയായിരുന്നു 'യൂത്ത് സർവ്വേ'. ഇതിലൂടെ 12 ഭദ്രാസനങ്ങളിലെയും ഭൂരിഭാഗം യുവജനങ്ങളുടെ സമ്പൂർണ്ണ വിവരങ്ങൾ അടങ്ങുന്ന ഡാറ്റാ ബാങ്ക് ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിക്കാൻ സാധിച്ചു. സഹകരിച്ച എല്ലാ യുവജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

### 10. മിനി ഫാംസ്

പ്രകൃതിയും മനുഷ്യനും രണ്ടല്ല ഒന്നാണ് എന്ന ആശയത്തെ മുൻനിർത്തി 2020 ഏപ്രിൽ 17-ാം തീയതി 'മിനി ഫാംസ്' എന്ന പദ്ധതി ആവിഷ്കരിച്ചു. വിഷരഹിത പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുവാനും നല്ല കൃഷിയുടെ വക്താക്കളാകുവാനും സഹജീവികളോട് സ്നേഹവും പരിപാലനയും പ്രോത്സാഹിപ്പിക്കുന്നതിനുമായി എം.സി.വൈ.എം. യുവജനങ്ങൾക്കായി വീണ്ടുമൊരു വേദിയൊരുക്കി.

പച്ചക്കറിതോട്ടം, വ്യത്യസ്ത ഇനം വളർത്തു പക്ഷി-മൃഗാദികൾ, അലങ്കാര മത്സ്യങ്ങൾ എന്നിവ




അടിസ്ഥാനമാക്കിയുള്ള വീഡിയോകളും ഫോട്ടോകളും പങ്കുവയ്ക്കുന്നതിന് എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ ഒരു അവസരമൊരുക്കി. യുവജനങ്ങൾ പ്രകൃതിയുമായി ഇണങ്ങി ജീവിച്ച് മറ്റുള്ളവർക്ക് മാതൃകയാകുവാൻ 'മിനി ഫാംസ്' എന്ന പദ്ധതി സഹായകമായി.

### 11. എം.സി.വൈ.എം വെബ്സൈറ്റ് ഉദ്ഘാടനം

എം.സി.വൈ.എം.ന്റെ പ്രവർത്തനങ്ങൾ ലോകമെമ്പാടും എത്തിക്കുവാനും അവയിൽ എല്ലാവരെയും പങ്കാളികളാക്കുവാനും വേണ്ടി, പുതിയ സവിശേഷതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എം.സി.വൈ.എം.ന്റെ വെബ്സൈറ്റ് : www.mcym.in, 2020 മെയ് 10-ാം തീയതി അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ അനുമതിയോടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉദ്ഘാടനം ചെയ്തു.




### 12. The Challenges and opportunities in post covid world for the youth - വെബ്ബിനാർ

കോവിഡ് -19 എന്ന മഹാമാരി മനുഷ്യനെ പലതും പഠിപ്പിച്ചു. വീടുകളിൽ ഒതുങ്ങി കൂടുവാനും പ്രകൃതിയെ തിരിച്ചറിയുവാനും മണ്ണിനെ സ്നേഹിക്കു



വാനും പഠിച്ചു. ഈ പഠനങ്ങളുടെ പുതിയതലങ്ങളെ യുവജനങ്ങൾക്കായി എത്തിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എം.സി.വൈ.എം. ഭദ്രാസന പ്രതിനിധികൾക്കായി ഓൺലൈൻ വെബ്ബിനാർ നടത്തി. "The Challenges and opportunities in post covid world for the youth" എന്ന വിഷയത്തെ ആസ്പദമാക്കി മുൻ ഡി.ജി.പി. ഡോ. ജേക്കബ് പുന്നൂസ് IPS ക്ലാസ്സ് എടുത്തു. മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ പിതാവും അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും ഈ വെബ്ബിനാറിൽ പങ്കെടുത്തു. ഓരോ രൂപതയിൽ നിന്നും 6 പേർ അടങ്ങുന്ന സംഘവും കൂടാതെ രൂപതയിലെ സഭാതല സിൻഡിക്കേറ്റ് അംഗങ്ങളും ഈ വെബ്ബിനാറിൽ പങ്കെടുത്തു.

## 13. Green Month Drive

യുവതലമുറയെ പ്രകൃതിയെ സ്നേഹിക്കാനും മണ്ണിനോട് കൂടുതൽ അടുക്കുവാനുമായി എം.സി.വൈ.എം. ഈ കൊറോണക്കാലത്ത് 'Green Month Drive' നടത്തുകയുണ്ടായി.




Go Green Campaign, Young Farmer Campaign, Save Energy Campaign എന്നീ മൂന്ന് വ്യത്യസ്തങ്ങളായ ആശയത്തോട് കൂടിയാണ് ഈ മത്സരം സഭാതല സമിതി മുന്നോട്ടുവച്ചത്. ഈ മത്സര പദ്ധതിയിലേക്ക് 217 എൻട്രികൾ ലഭിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ എൻട്രികൾ ലഭിച്ച തിരുവല്ല അതിരൂപതയിലെ കുമിളി (106 എൻട്രികൾ), പത്തനംതിട്ട രൂപതയിലെ സീതത്തോട് (26), തിരുവനന്തപുരം അതിരൂപതയിലെ ആയൂർ (16) എന്നീ വൈദിക ജില്ലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

പ്രകൃതിയെ സ്നേഹിക്കുവാനും സഹജീവികളോട് വിധേയപ്പെട്ട് ജീവിക്കുവാനും നമ്മെ പഠിപ്പിച്ച യുവജന പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ വാക്കുകൾ നെഞ്ചിലേറ്റി കൊണ്ട് ഈ കാലഘട്ടത്തിന്റെ കടന്നുകയറ്റവും പ്രകൃതിയെ ദുഷിക്കുവാനുള്ള ആധുനിക യുവതയുടെ ചിന്താശേഷിയും മാറണം എന്ന തിരിച്ചറിവ് യുവജനങ്ങൾക്ക് ഉണ്ടാകുവാൻ 'Green Month Drive' ഇടയാക്കി.


## 14. യുവചേതന

സഭയുടെയും സമൂഹത്തിന്റെയും പ്രേഷിത



പ്രവർത്തനങ്ങളിലേക്കും അതിന്റെ നേതൃത്വതലങ്ങളിലേക്കും ഇറങ്ങിവരുമ്പോൾ, യുവത്വത്തിന്റെ പ്രസരിപ്പോടെ ഈ ലോകത്ത് സ്വർഗ്ഗരാജ്യം പകർന്ന ക്രിസ്തുവിനെയാണ് നാം അനുകരിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെട്ട് നന്മയും കഴിവുകളും ലോകത്തിന് പകർന്ന ഒരു മാറ്റത്തിന്റെ ശബ്ദമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ. എം. സഭാതല സമിതിയുടെ മുഖപത്രമായ യുവചേതന 2020 ജൂൺ മാസം മുതൽ ഓരോ മാസവും ഇ - കോപ്പിയായി പ്രസിദ്ധീകരിക്കുന്നു. എം.സി.വൈ.എം. മുൻകാല നേതാക്കന്മാരുടെ ഓർമ്മകുറിപ്പുകൾ, വിശുദ്ധരുടെ ജീവചരിത്രം, യൂത്ത് ആർട്ടിക്കിൾ, ഭദ്രാസന സഭാതല വാർത്തകൾ ഇവ അടങ്ങുന്നതാണ് യുവചേതന ഇ-മാഗസിൻ.

### 15. വന്ദ്യ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചന്റെ ഓർമ്മ




ദൈവദാസൻ മാർ ഇവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യ പ്രസ്ഥാനത്തിന്റെ മുന്നണി പോരാളിയായി പ്രവർത്തിക്കുകയും പിതാവിനോട് ചേർന്നുനിന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സ്നേഹിക്കുകയും വളർത്തുകയും ചെയ്ത ധൈര്യശാലിയായ വൈദിക ശ്രേഷ്ഠൻ...

വന്ദ്യ റമ്പാച്ചനോടൊപ്പം സെമിനാരി പരിശീലന കാലഘട്ടത്തിൽ ഒരുമിച്ചു സമയം പങ്കിട്ടിരുന്ന, തിരുവനന്തപുരം വൈദിക ജില്ല വികാരി പെരിയ ബഹുമാനപ്പെട്ട ഡോ. ജോൺ പടിപ്പുരയ്ക്കൽ അച്ചൻ തന്റെ ഓർമകളിലൂടെ റമ്പാച്ചനെ സ്മരിച്ചു.

### 16. പുണ്യപിതാവിന്റെ ഓർമ്മകളിലൂടെ

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കൈയിൽനിന്നും വ്രതവാഗ്ദാനം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച പ്രിയപ്പെട്ട മദർ റഫാസ് എസ്. ഐ.സിയും പുണ്യപിതാവിനെ നേരിൽ കാണുവാനും സംസാരിക്കുവാനും ഭാഗ്യം ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട സിസ്റ്റർ ബർക്ക്മാൻസ് എസ്.ഐ.സി. (സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവായുടെ ജ്യേഷ്ഠസഹോദരി) തങ്ങളുടെ ഓർമ്മകൾ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ നമ്മോട് പങ്കുവച്ചു.

### 17. സെമിനാരി ദിനം

ഒട്ടേറെ വൈദികരെ സഭയ്ക്കും സമൂഹത്തിനും സംഭാവന ചെയ്ത മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സെമിനാരി സ്ഥാപന ദിനമായ ജൂൺ 29 ന് സഭയുടെ ആത്മീയ ഗോപുരമായ മലങ്കര മേജർ സെമിനാരിയെക്കുറിച്ച് സെമിനാരി റെക്ടർ പെരിയ ബഹു. ഡോ. സണ്ണി കാവുവിള അച്ചൻ വീഡിയോ മുഖേന എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ യുവജനങ്ങളോട് സംസാരിച്ചു.


### 18. ഈവാനിയൻ ചിന്തകൾ



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിൽ വിളങ്ങിയ പുണ്യങ്ങളെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമനസ്സും സഭയിലെ വിവിധ ഭദ്രാസനങ്ങളിലെ പിതാക്കന്മാരും ചേർന്ന് 2020 ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ എം.സി. വൈ.എം. ഫേസ്ബുക്ക് പേജിലൂടെ അനേകായിരങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു.

### 19. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുന്നാൾ


മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സൂര്യതേജസ്സ് ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മയാചരണത്തോടനുബന്ധിച്ച് 2020 ജൂലൈ 1 മുതൽ 15 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വി. കുർബാനയും പുണ്യപിതാവിന്റെ കബറിങ്കൽ ശുശ്രൂഷകളും




എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ സംപ്രേഷണം ചെയ്തു.

### 20. വന്ദ്യനായ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചന്റെ ഓർമ്മ


പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവ കാലഘട്ടത്തിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ നെടുംതൂണായി പ്രവർത്തിച്ച വൈദിക ശ്രേഷ്ഠൻ. വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചന്റെ 79-ാം ഓർമ്മപ്പെരുന്നാളിൽ വന്ദ്യ റമ്പാച്ചനെ കുറിച്ച് ബഥനി നവജ്യോതി പ്രൊവിൻസ് അംഗം ബഹുമാനപെട്ട ഡോ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ OIC അച്ചന്റെ വാക്കുകൾ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ സംപ്രേഷണം ചെയ്തു.




### 21. പ്രാർത്ഥനാകൂട്ടായ്മ

പ്രാർത്ഥന എപ്പോഴും നമ്മുടെ ശക്തിയും ബലവുമാണ്. മറ്റുള്ളവർക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും. നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനായി തിരുവനന്തപുരം മേജർ അതിഭദ്രാസന ആനിമേറ്റർ റവ. ഡോ. സിസ്റ്റർ ജർമൈൻ ഡി. എം., പാറശ്ശാല ഭദ്രാസന സെക്രട്ടറി റാണി പി. എസ് ന്റെയും നേതൃത്വത്തിൽ എം.സി.വൈ.എം. ജൂലൈ 9 ന് ഒരു വാട്സ് ആപ്പ് കൂട്ടായ്മ രൂപീകരിച്ചു.

### 22. വിശുദ്ധിയുടെ പുരോഹിതരൂപം വിശുദ്ധ ജോൺ മരിയവിയാനി - വിയാനി ദിനം




"കുറവുകൾ കൊണ്ട് ദൈവത്തെ സ്നേഹിച്ച ദൈവത്തിന്റെ പ്രിയപ്പെട്ടവൻ..സക്രാരിയിലെ ദൈവത്തെ കുമ്പസാരക്കൂട്ടിലേക്ക് ആനയിച്ച പുരോഹിതൻ"

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എം.സി. വൈ.എം. കുടുംബത്തെ നയിക്കുന്ന ജില്ലാ ഡയറക്ടർമാരേയും രൂപതാ ഡയറക്ടർമാരേയും മുൻകാല സഭാതല ഡയറക്ടർമാരേയും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരെയും ഓർത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ലോകമെമ്പാടുമുള്ള യുവജന നേതാക്കൾ വിവിധ ഭാഷകളിലായി സഭയുടെ അനുഗ്രഹമായ വൈദിക ശ്രേഷ്ഠർക്ക് എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ ആശംസകൾ അർപ്പിച്ചു.

### 23. യുവജന സംഗമം 2020

ആധുനിക ലോകത്തിന്റെ വെല്ലുവിളികൾ യേശുവിന്റെ കരുണകൊണ്ട് അതിജീവിക്കുകയും ക്രിസ്തു പകർന്നു നൽകിയ ആദർശങ്ങളെയും മൂല്യങ്ങളെയും മുറുകെപ്പിടിച്ച് കൊണ്ട് വിശ്വാസത്തിൽ ഉറപ്പിച്ചതുമായ ഒരു കൂട്ടായ്മയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനം.

കോവിഡ് 19 ന്റെ സാഹചര്യത്തിൽ ഈ വർഷത്തെ യുവജന സംഗമം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. 2020 ഓഗസ്റ്റ് മാസം 30-ാം തീയതി ഞായറാഴ്ച്ച 3 മണിക്ക് മാവേലിക്കര ഭദ്രാസനത്തിന്റെ യൂട്യൂബ് ചാനലിലൂടെയും എം.സി.വൈ.എം. ഫേസ്ബുക് പേജിലൂടെയും യുവജനങ്ങളിലേക്കെത്തിച്ചു.


മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കബാവ തിരുമേനി മുഖ്യസന്ദേശം നൽകുകയും മാവേലിക്കര ഭദ്രസനാധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത സ്വാഗതം ആശംസിക്കുകയും ചെയ്തു. സഭയുടെ യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് സന്ദേശം നൽകി. സി.സി.ബി.ഐ. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി റവ. ഡോ. സ്റ്റീഫൻ ആലത്തറ അച്ചൻ യുവജനങ്ങൾക്കായുള്ള ക്ലാസ്സ് നയിച്ചു. പ്രസ്തുത സംഗമത്തിന് നേതൃത്വം നൽകിയ മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിനോടും ഭദ്രാസന ഡയറക്ടർ റവ. ഫാ. ഡെന്നീസ് മുകളുംപുറത്തിനോടും ഭദ്രാസന ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.




## 24. പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുനാൾ

2020 സെപ്റ്റംബർ 1 മുതൽ 8 വരെ പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയും പരിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തപ്പെട്ടു.


മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, വിവിധ ഭദ്രാസനങ്ങളിലെ റവ. ഫാ. ജോൺ കടവിങ്കൽ (മാവേലിക്കര ഭദ്രാസനം), റവ. ഫാ. സ്കറിയ വട്ടക്കാട്ടുകാലായിൽ (തിരുവല്ല




അതിഭദ്രാസനം), റവ. ഫാ. അലോഷ്യസ് (പാറശ്ശാല ഭദ്രാസനം), റവ. ഫാ. ബിനോയ് പുതുപറമ്പിൽ (പത്തനംതിട്ട ഭദ്രാസനം), റവ. ഫാ. കുര്യക്കോസ് കുടിലിൽ (മൂവാറ്റുപുഴ ഭദ്രാസനം), റവ. ഫാ. നിജോ കൊല്ലന്റെതെക്കേതിൽ (ഗുഡ്ഗാവ് ഭദ്രാസനം), റവ. ഫാ. രാജു പരുകൂർ (തിരുവനന്തപുരം മേജർ അതിഭദ്രാസനം) എന്നിവരുടെ കാർമികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ സെപ്റ്റംബർ 1 മുതൽ 8 വരെ വൈകിട്ട് 6 മണിക്ക് തൽസമയം സംപ്രേഷണം ചെയ്തു.

## 25. ബിഷപ്പ് സക്കറിയാസ് മാർ അത്താനാസിയോസ് അനുസ്മരണം

എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മ തിരുനാൾ 2020 സെപ്റ്റംബർ 27-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ലിറ്റർജി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഐസക് പറപ്പള്ളിയിൽ അർപ്പിച്ച വിശുദ്ധ കുർബാനയും തുടർന്ന് വന്ദ്യ പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥനയും ഓൺലൈൻ മീഡിയ വഴി വിശ്വാസികളിലേക്കു എത്തിച്ചു.




## 26. M² Youth Session

സമൂഹത്തെ കൂടുതൽ മാനുഷികമാക്കാൻ, മനുഷ്യരെ കൂടുതൽ യോഗ്യതയുള്ളതാക്കാൻ, സാമൂഹികവും സാംസ്കാരികവുമായ ചിന്തകൾ നമ്മിൽ ഉയർത്തുന്ന അനവധി ചോദ്യങ്ങൾക്കുള്ള ഉത്തരവുമായി തിരുവല്ല അതിഭദ്രാസനത്തിലെ കട്ടപ്പന വൈദിക ജില്ലാ വികാരി ബഹുമാനപ്പെട്ട പ്രദീപ് വാഴത്തറമലയിൽ അച്ചൻ ഒക്ടോബർ 2 വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് എം.സി.വൈ.എം ഫേസ് ബുക്ക് പേജിലൂടെ യുവജനങ്ങളുമായി സംവദിച്ചു.




## 27. അന്തർദേശീയ ക്വിസ് മത്സരം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 90-ാ മത് പുനരൈക്യ ദിനാഘോഷങ്ങളോട് ചേർന്ന് 29-ാമത് അന്തർദേശീയ യുവജനസംഗമത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 3 ശനിയാഴ്ച എം.സി. വൈ.എം. പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി 12 ഭദ്രാസനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഓൺലൈൻ പ്ലാറ്റ്ഫോമിൽ അന്തർദേശീയ ക്വിസ് മത്സരം നടത്തപ്പെട്ടു. ഇതിൽ ഒന്നാം സ്ഥാനം തിരുവല്ല അതിഭദ്രാസനവും രണ്ടാം സ്ഥാനം പത്തനംതിട്ട ഭദ്രാസനവും മൂന്നാം സ്ഥാനം ബത്തേരി ഭദ്രാസനവും കരസ്ഥമാക്കി. ക്വിസ് മത്സരത്തിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ച ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനോടും ക്വിസ് മാസ്റ്ററായിരുന്ന ബഹുമാനപ്പെട്ട ഷീൻ തങ്കാലയം അച്ചനോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

## 28. ഹെസദ് ക്യാമ്പൈൻ 2020

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനദിനാഘോഷത്തിന് മുന്നോടിയായി യൂണിറ്റ് മുതൽ ഭദ്രാസന തലം വരെയുള്ള എല്ലാ യുവജനങ്ങളെയും പങ്കെടുപ്പിച്ച് ഫേസ്ബുക്ക് 'പ്രൊഫൈൽ പിക്ചർ' ക്യാമ്പൈൻ നടത്തി. പങ്കെടുത്ത എല്ലാ യുവജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

## 29. ഹെസദ് 2020




അസ്സീസിയുടെ തെരുവുകളിൽ ക്രിസ്തുവിനോടുള്ള അഗാധമായ സ്നേഹത്താൽ നഗ്നനായി നടന്നു നീങ്ങുന്ന ഒരു ചെറുപ്പക്കാരൻ.......... ക്രിസ്തുവിനോടുള്ള സ്നേഹത്തിനു പകരമായി അവനു നൽകേണ്ടി വന്നത് ആഡംബരം നിറഞ്ഞ പിതാവിന്റെ ഭവനവും അതിന്റെ പ്രൗഢിയും സുരക്ഷിതത്വവും ആയിരുന്നു........ അസ്സീസിയിലേ വിശുദ്ധ ഫ്രാൻസിസ്... മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ. എം.ന്റെ സ്വർഗീയ മധ്യസ്ഥൻ.....

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മ ദിനമായ ഒക്ടോബർ 4-ാം തീയതി സഭ യുവജന ദിനമായി ആചരിച്ചു. കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ ഒക്ടോബർ 4 ന് രാവിലെ 8:30 ന് തിരുവനന്തപുരം തിരുസന്നിധി അരമനയിൽ വച്ച് സഭ

യുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ യുവജനങ്ങൾക്കുവേണ്ടി വി. കുർബാന അർപ്പിച്ചു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് എം.സി. വൈ.എം. പതാക ഉയർത്തി. തുടർന്ന് എം.സി. വൈ. എം. സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ആമുഖസന്ദേശം നൽകി. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് മുഖ്യപ്രഭാഷണം നടത്തി. കെ.സിവൈ.എം. പ്രസിഡന്റ് ബിജോ പി. ബാബു ആശംസകൾ അറിയിക്കുകയും തുടർന്ന്, എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, സഭാതല ജനറൽ സെക്രട്ടറി ജിനു ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. 2019-2020 വർഷത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അഭിമാനപാത്രങ്ങളായിത്തീർന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജന പ്രതിഭകളെ വീഡിയോ രൂപത്തിൽ അവതരിപ്പിച്ചു. എം.സി.വൈ.എം -ന്റെ ഫേസ്ബുക്ക് പേജ് വഴി സഭാതല യുവജനദിനാഘോഷം അനേകരിലേക്കു എത്തിക്കുവാൻ സാധിച്ചു.


### 30. ആരാധന

സർവ്വശക്തനായ ദൈവം എം.സി.വൈ.എം.




ലൂടെ ഈ നിമിഷംവരെ ചൊരിഞ്ഞിട്ടുള്ള അനവധി - നിരവധിയായ നന്മകൾക്ക് നന്ദി അർപ്പിച്ച്, ദിവ്യ കാരുണ്യ ആരാധന സന്നിധിയിൽ നമ്മുടെ യുവജന ശുശ്രൂഷകളെ മുഴുവൻ സമർപ്പിച്ച് റവ. ഫാ. സിറിയക് വെച്ചൂർക്കരോട്ട് ഒക്ടോബർ 4 ഞായറാഴ്ച രാത്രി 7 മണിക്ക്, എം.സി. വൈ.എം. ഫേസ്ബുക്ക്, യൂട്യൂബ് പേജുകളിലൂടെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ച് ആരാധന നടത്തി.

### 31. കുരിശിന്റെ വഴി





ലോകമെമ്പാടും സമാധാനത്തിന്റെ പ്രതീകമായി നിലകൊള്ളുകയും ക്രൈസ്തവ സ്നേഹത്തിന്റെയും രക്ഷയുടെയും അടയാളമായി കണക്കാക്കുകയും ചെയ്യുന്ന വിശുദ്ധ കുരിശിനെ അപമാനിക്കുന്ന തരത്തിൽ വിശുദ്ധ കുരിശിന്റെ മുകളിൽ കയറിയിരുന്ന് ഫോട്ടോ എടുത്ത് സമൂഹമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്ന തരത്തിലുള്ള കിരാതമായ മതനിന്ദ നടത്തിയവർക്ക് മാനസാന്തരം ഉണ്ടാകുവാൻ വേണ്ടി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനോടൊപ്പം നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലേയും യുവജനങ്ങൾ ഒക്ടോബർ 27 ചൊവ്വാഴ്ച വൈകിട്ട് 6 മണിക്ക് കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ച് ദൈവാലയത്തിലോ, തങ്ങളുടെ ഭവനങ്ങളിലോ ആയിരുന്നുകൊണ്ട് രക്ഷയുടെ പ്രതീകമായ വിശുദ്ധ കുരിശിന്റെ വഴിയോ വിശുദ്ധ കുരിശിന്റെ പ്രാർത്ഥനയോ ചൊല്ലിക്കൊണ്ട് പങ്കാളികളായി.

### 32. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മ

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ദർശനം ആഴമായി മനസ്സിലാക്കുന്നതിന് സഹായകമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് സ്മൃതി മന്ദിരം സന്ദർശിക്കുകയും തിരുമേനിയുടെ പ്രസംഗങ്ങൾ, ആരാധനകൾ, ശുശ്രൂഷകൾ, കൽപ്പനകളും ലേഖനങ്ങൾ എന്നിവ കേൾക്കുവാനും കാണുവാനും സാധിച്ചു.

ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മസ്ഥലമായ കല്ലൂപ്പാറക്ക് സമീപം കോട്ടൂർ സ്ഥിതി




ചെയ്യുന്ന സ്മൃതി മന്ദിരത്തിലേക്ക് വന്ദ്യ പിതാവിന്റെ സഹോദരൻ ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. യുവജനങ്ങളെ സ്വാഗതം ചെയ്യുന്ന വീഡിയോ ഫേസ്ബുക്ക് പേജിലൂടെ യുവജനങ്ങളിലേക്ക് എത്തിച്ചു.

### 33. ഓൺലൈൻ യുവജന ധ്യാനം

പ്രസിദ്ധ വചനപ്രഘോഷകൻ ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിക്കുന്ന ഓൺലൈൻ യുവജന ധ്യാനം, GLORY TO GLORY നവംബർ 1 മുതൽ 3 വരെയുള്ള ദിവസങ്ങളിൽ എം.സി.വൈ.എം ഫേസ്ബുക്ക് പേജിലൂടെ സംപ്രേഷണം ചെയ്തു. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനെയും ടീമംഗങ്ങളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

### 34. കലണ്ടർ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനം (എം.സി.വൈ.എം.) പ്രസിദ്ധീകരിച്ച 2021 വർഷത്തെ കലണ്ടർ, സഭയുടെ തലവനും പിതാവുമായ മോറൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ, തിരുവനന്തപുരം മേജർ ആർച്ച് ബിഷപ്പ് ഹൗസിൽ വച്ച് എം.സി.വൈ.എം. പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

### 35. സദ്വാർത്ത




ഡിസംബർ 1 മുതലുള്ള ദിവസങ്ങളിൽ എം.സി.വൈ.എം. പ്രസ്ഥാനത്തിന് സുദീർഘമായ നേതൃത്വം നൽകുന്ന ഭദ്രാസന ഡയറക്ടർമാരും ആനിമേറ്റർ സിസ്റ്റേഴ്സും യുവജനങ്ങളെ നോമ്പിന്റെ അരൂപിയിൽ ഒരുക്കുവാനും 25 നോമ്പിന്റെ ദിനങ്ങൾ അർത്ഥവത്താക്കുന്നതിനുംവേണ്ടി എം.സി.വൈ.എം. ഫേസ്ബുക്ക് പേജ് വഴി സന്ദേശം നൽകി. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

### 36. എം.സി.വൈ.എം. തീം 2021

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020 ഒക്ടോബർ മാസം 3-ാം തീയതി പുറപ്പെടുവിച്ച ചാക്രിക



ലേഖനമായ 'ഫ്രത്തെലി തൂത്തി' അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മുഴുവൻ യുവജനങ്ങൾക്കും 2021 വർഷത്തിൽ പ്രത്യേകം ധ്യാനിച്ച് ഒരുങ്ങുവാനായി 'യുവജനങ്ങൾ : സഹോദര്യത്തിന്റെ അപ്പോസ്തോലര്' എന്ന പഠന വിഷയം സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവ് ജനുവരി രണ്ടിന് യുവജനങ്ങൾക്കായി സമർപ്പിച്ചു.

### 37. മൊബൈൽ ആപ്ലിക്കേഷൻ




പുതുവർഷത്തിൽ സഭാമക്കൾക്ക് എം.സി.വൈ.എം. ഒരുക്കിയ സ്നേഹസമ്മാനം. ലോകത്ത് എവിടെയായിരുന്നാലും നമ്മുടെ യാമപ്രാർത്ഥന കളും നോമ്പുകാല പ്രാർഥനകളും ശ്ഹീമോ നമസ് കാരവും ഐക്യദീപവും ക്രൈസ്തവ കാഹളവും വിരൽ ത്തുമ്പിൽ ലഭ്യമാകുന്ന മൊബൈൽ ആപ്ലിക്കേ ഷൻ പുതുവത്സര കുർബാനയ്ക്ക് ശേഷം അത്യഭിവന്ദ്യ ബാവാ തിരുമേനി സഭാമക്കൾക്കായി സമർപ്പിച്ചു.

### പ്രാർത്ഥനാശംസകൾ

- കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവിന് എം.സി.വൈ.എം.കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.
- പുത്തൂർ ഭദ്രാസനത്തിൽ എം.സി.വൈ.എം. ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ഗീവർഗീസ് ബർസോമ ഒ.ഐ.സി. അച്ചന് എം.സി.വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

### സ്വാഗതം

- യുവജന പ്രസ്ഥാനത്തിലേക്ക് പുതിയതായി കട ന്നുവന്ന എം.സി.വൈ.എം. പുത്തൂർ ഭദ്രാസന ഡയറക്ടർ തോമസ് സൈമൺ കാഞ്ഞിരത്തിങ്കൽ അച്ചന് യുവജന പ്രസ്ഥാനത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

### മംഗളാശംസകൾ

വിവാഹ കൂദാശയിലൂടെ കുടുംബജീവിത ത്തിലേക്ക് പ്രവേശിച്ച കെ.സി.വൈ.എം. പ്രസിഡന്റ് ബിജോ പി. ബാബു, പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ജസ്റ്റിൻ പി. എസ്., മാർത്താണ്ഡം ഭദ്രാസന ജനറൽ സെക്രട്ടറി ജോൺ ബി, പുത്തൂർ ഭദ്രാസന വൈസ് പ്രസിഡന്റ് അനൂഷാ, കെ.സി.വൈ.എം. സെക്രട്ടറി അബിനി പോൾ, മൂവാറ്റുപുഴ ഭദ്രാസന ട്രഷറർ ബിജു പാപ്പച്ചൻ, മാവേലിക്കര ഭദ്രാസന കെ.സി.വൈ.എം. സിൻഡിക്കേറ്റ് ജെറിൻ ജോസ് ഗുഡ്ഗാവ് ഭദ്രാസന ട്രഷറർ ജോമോൻ എന്നിവർക്ക് എം.സി.വൈ.എം. കുടുംബത്തിന്റെ ആശംസകൾ.

### അനുശോചനം

നമ്മിൽനിന്നും ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ വന്ദ്യ വൈദികർ, സിസ്റ്റേഴ്സ്, തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ പ്രസിഡന്റ് ഷെവലി യാർ കരിപ്പായി സാർ, എം.സി.വൈ.എം. ആന്തം നമുക്ക് സമ്മാനിച്ച എ. എസ്. ഫ്രാൻസിസ്, അകാ ലത്തിൽ വേർപിരിഞ്ഞ യുവജനങ്ങൾക്കും കണ്ണുനീരിൽ കുതിർന്ന ആദരാഞ്ജലികൾ.

### മീറ്റിംഗുകൾ

കോവിഡ് 19 എന്ന മഹാമാരി മനുഷ്യരാശിയെ മുഴുവൻ വീട്ടിനുള്ളിൽ ഒതുക്കി നിർത്തിയപ്പോൾ, ആൾക്കൂട്ടം ഓർമ്മകളിൽ മാത്രമായി മാറിയ സാഹചര്യത്തിൽ എം.സി.വൈ.എം. സഭാതല സമിതിയുടെ എല്ലാ മീറ്റിംഗുകളും zoom ആപ്ലിക്കേ ഷന്റെ സഹായത്തോടെ നടത്തപ്പെട്ടു.

2020 ഏപ്രിൽ 14 : യൂത്ത് സർവ്വേ
2020 മെയ് 9 : വെബ്സൈറ്റ്, യുവചേതന
2020 ആഗസ്റ്റ് 24 : അന്തർദേശീയ ക്വിസ് മത്സരം, യുവജനദിന ആലോചന മീറ്റിംഗ്.
2020 ഒക്ടോബർ 23 : ഭദ്രാസന യുവജനദിനാഘോഷ ത്തിന്റെ വിലയിരുത്തലുകൾ

എന്നിങ്ങനെ വിവിധങ്ങളായ ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ഓരോ പ്രവർത്തന ങ്ങളും അവയുടെ ഒരുക്കങ്ങളും വിലയിരുത്തുകയും ചെയ്തു. ഇതിൽ പങ്കാളികളായ എല്ലാ ഡയറക്ടേഴ്സി നോടും ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

### സെക്രട്ടറിയേറ്റ് മീറ്റിംഗുകൾ

**എം.സി.വൈ.എം. സഭാതല സമിതിയുടെ 2020 വർഷത്തെ ഓൺലൈൻ മീറ്റിംഗുകൾ**

2020 ഫെബ്രുവരി 20 ന് സംയുക്ത സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തി, 2020 ഏപ്രിൽ 12, 2020 മെയ് 8, 2020 ജൂൺ 12, 2020 ആഗസ്റ്റ് 22, 2020 ഒക്ടോബർ 21 എന്നിങ്ങനെ 6 സെക്രട്ടറിയേറ്റ് ഓൺലൈൻ മീറ്റിംഗുകൾ നടത്തി.

### അനുമോദനം

- 2023 ലോക യുവജന ദിനത്തിന് മുന്നോടിയായി നവംബർ 18 മുതൽ 21 വരെ നടത്തിയ അന്തർദേശീയ യുവ നജന മീറ്റിംഗിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും യുവജന പ്രസ്ഥാനത്തെയും പ്രതിനിധീകരിച്ച് സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസ് സംസാരിച്ചു.
- 1999 ലെ എം.സി.വൈ.എം. ജനറൽ സെക്രട്ടറിയായിരുന്നു ശ്രീ. ഷാജി കൂളിയാടിന് 2019-20 വർഷത്തെ മികച്ച അധ്യാപക അവാർഡ് ലഭിച്ചതിൽ എം.സി.വൈ.എം. അനുമോദനങ്ങൾ അറിയിച്ചു.
- 2020 ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച എം.സി.വൈ.എം. മുൻകാല നേതാക്കന്മാർക്കും യൂണിറ്റ്മേഖല ഭാരവാഹികൾക്കും ആശംസകൾ അറിയിച്ചു.

### ചാരിറ്റി

- എം.സി.വൈ.എം-ന്റെ നേതൃത്വത്തിൽ പാറശ്ശാല ഭദ്രാസനത്തിന് ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകി.

### പ്രതിഷേധം

- അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ ആഹ്വാന പ്രകാരം ആദിവാസികളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയ ഫാ. സ്റ്റാൻ സ്വാമിയെ രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തതിൽ, സഭയുടെ വിവിധ ഇടങ്ങളിൽ യുവജനങ്ങൾ പ്രതിഷേധം രേഖപ്പെടുത്തി.
- വനം വകുപ്പ് കസ്റ്റഡിയിൽ മരിച്ച മത്തായി എന്ന മലയോര കർഷകന്റെ ഭവനം എം.സി.വൈ.എം. സന്ദർശിക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.
- വിശുദ്ധിയോടെ കാണുന്ന ആരാധന പ്രതീകങ്ങളെ തീർത്തും അവഹേളിക്കുന്ന തരത്തിലുള്ള സാമൂഹിക ഇടപെടലുകൾക്കെതിരെ എം.സി.വൈ.എം. പ്രതിഷേധം രേഖപ്പെടുത്തി.
- ക്രൈസ്തവ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും ഈറ്റില്ലവും പൗരാണിക പ്രതീകമായ ഹാഗിയ സോഫിയ കത്തീഡ്രൽ ദേവാലയം മുസ്ലിം മോസ്ക്കായി മാറ്റിക്കൊണ്ടുള്ള തീരുമാനത്തിൽ എം.സി.വൈ.എം. ദുഃഖപൂരിതമായ കറുത്ത ദിനമായി ആചരിച്ചു.

### നന്ദി

- എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും ഈ വർഷം 58 വി. കുർബാനകൾ അനേകരിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചു. അഭിവന്ദ്യ പിതാക്കന്മാരോടും വന്ദ്യ വൈദികരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.
- ഹെസദ് 2020 ന് ആശംസകൾ അറിയിച്ച എം.സി.വൈ.എം., ഐ.സി.വൈ.എം., FIMCAP Asia, KCYM Latin, SMYM എന്നീ യുവജന സംഘടനകളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാരോടുള്ള നന്ദി അറിയിക്കുന്നു.
- മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ മെത്രാഭിഷേക തിരുനാൾ, നാമഹേതുക തിരുനാൾ, ദിനംപ്രതിയുള്ള വചനങ്ങളും പ്രാർത്ഥനകളും പ്രത്യേകതകൾക്കനുസരിച്ച് പോസ്റ്ററുകൾ തയ്യാറാക്കി എം.സി.വൈ.എം. പേജിലൂടെ യുവജനങ്ങളിൽ എത്തിക്കുന്ന പ്രിയ ബിബിൻ, ജേക്കബ് ജിജോ ജോയ് (തിരുവനന്തപുരം മേജർ അതിഭദ്രാസനം), ജിതിൻ ഷാജി (മാവേലിക്കര ഭദ്രാസനം) എന്നിവരെ നന്ദിയോടെ ഓർക്കുന്നു.
- മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനശബ്ദമായ യുവചേതനയുടെ പിന്നിൽ പ്രവർത്തിക്കുന്നവർ:

ലേ-ഔട്ട് & ഡിസൈൻ : ശ്യാം ചൊവ്വര

ഫോട്ടോഗ്രാഫ് : ബിബിൻ ജേക്കബ്, റോണി രാജു

പ്രൂഫ് റീഡിങ്ങ് : തേജസ് അന്ന ജേക്കബ്, അലീന എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

### ഉപസംഹാരം

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പറയുന്നു "യുവജനങ്ങൾ നഷ്ടധൈര്യരാകരുത്; അവർ വലിയ കാര്യങ്ങൾ സ്വപ്നം കാണാനും വിശാലമായ വീക്ഷണങ്ങൾ അന്വേഷിക്കാനും ഔന്നത്യം ലക്ഷ്യം വയ്ക്കാനും ഈ ലോകത്തെ ഏറ്റെടുക്കാനും അതിന്റെ വെല്ലുവിളികൾ സ്വീകരിക്കാനും അവരെക്കൊണ്ട് സാധ്യമായ സംഭാവന ചെയ്തുകൊണ്ട് കൂടുതൽ മെച്ചമായവ പണിതുയർത്താനുള്ളവരാണ്".

വിശ്വാസ ചൈതന്യത്താൽ ജ്വലിച്ച്, ധീര പ്രേഷിതരായി ലോകത്തിന് ക്രിസ്തുവിനെ പകർന്നു നൽകി, ക്രിസ്തുവിന്റെ സുവിശേഷ മൂല്യങ്ങളിൽ ഊന്നി, ഈ ആധുനിക കാലഘട്ടത്തിൽ നല്ല സാക്ഷികളായി അവിടുത്തെ തിരുമുമ്പിൽ നമുക്കേവർക്കും നന്ദിയുള്ളവരായിരിക്കാം.

പരിശുദ്ധ ദൈവമാതാവിന്റെയും പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാധ്യസ്ഥം മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് കരുത്തും കാവലുമായി തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എം.സി.വൈ.എം. സഭാതല സമിതിയുടെ 2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ഏവരുടെയും വിചിന്തനത്തിനും വിശകലനത്തിനുമായി സെനറ്റ് മുമ്പാകെ സമർപ്പിക്കുന്നു


www.malankaralibrary.com



# യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പോസ്തോലർ

**"നിങ്ങളെല്ലാം സഹോദരരാണ്."** (മത്തായി 23:8)

റവ. ഫാ. ബനഡിക്ട് വാറുവിള



## ആമുഖം

**ലോ**കം മുഴുവൻ കോവിഡ് വിതച്ച നിരാശ ബാധിച്ചിരിക്കുമ്പോൾ പ്രത്യാശയുടെ സ്വപ്നങ്ങൾ വിടർത്തുന്നതാണ് നിങ്ങളെല്ലാം സഹോദരരാണെന്ന വചനം. വലുപ്പചെറുപ്പമില്ലാതെ എല്ലാ മനുഷ്യരും ദുരിതത്തിലായിരിക്കുമ്പോൾ ഈ കാലഘട്ടത്തെ അതിജീവിക്കാൻ സാഹോദര്യത്തിന്റെ സുവിശേഷത്തിനു മാത്രമേ സാധിക്കൂ. ആത്മീയമായും ഭൗതീകമായും സാമ്പത്തികമായും പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് കോവിഡ് എന്ന മഹാമാരി വ്യാപിക്കുമ്പോൾ കൂട്ടായ്മയിലൂടെയാണ് നമ്മുടെ രക്ഷ സാധ്യമാകുന്നതെന്ന് നാം ഒരിക്കൽക്കൂടി മനസിലാക്കുന്നു.[1] മനുഷ്യമഹത്വം തിരിച്ചറിഞ്ഞ് മനുഷ്യർക്കിടയിൽ സാഹോദര്യം സംസ്ഥാപിക്കാനുള്ള സമയമാണിത്.[2] അതിനായി എല്ലാ മനുഷ്യർക്കും തുറവിയുള്ള ഒരു ഹൃദയമുണ്ടാകണം. അതുപോലെ തന്നെ എല്ലാ മനുഷ്യരും ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണെന്നും പരസ്പരം സഹോദരങ്ങളാണെന്നുമുള്ള ബോധ്യത്തിലേക്ക് വളരുകയും വേണം. ദൈവസ്നേഹത്താൽ നിറയുമ്പോൾ മാത്രമാണ് സാഹോദര്യത്തിലേക്കുള്ള ദർശനവും കാഴ്ചപ്പാടും തുറവിയും നമുക്ക് ലഭിക്കുന്നത്.[3] ഈ ദൈവസ്നേഹത്താൽ നിറഞ്ഞപ്പോൾ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനു പ്രപഞ്ചവും അതിലെ സൃഷ്ട വസ്തുക്കളുമെല്ലാം സഹോദരനും സഹോദരിയുമായി. നിരാശയിലേക്ക് പോയികൊണ്ടിരുന്ന ലോകത്തിനു അത് പുതിയ ആത്മീയ ഉണർവായി. സർവ്വത്തിലും പ്രധാനം സ്നേഹമാണ്. ഈ ലോകത്തിലെ ഏറ്റവും വലിയ അപകടം മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതിലുള്ള പരാജയമാണ്.[4] ദൈവസ്നേഹത്തിൽ അടിസ്ഥാനമായ സാഹോദര്യമാണ് ഈ കാലഘട്ടത്തിനാവശ്യം. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഒരിക്കൽ യുവജനങ്ങളോട് ആഹ്വാനം ചെയ്തത് ഇങ്ങനെയാണ്, "നിങ്ങൾ നിങ്ങളുടെ യുവത്വം അതിന്റെ പൂർണ്ണശക്തിയോടും കഴിവുകളോടും കൂടി ക്രിസ്തീയ സ്നേഹത്തിന്റെ സംസ്കാരം കെട്ടിപ്പടുക്കാൻ സമർപ്പിക്കുക. സമാധാനത്തിനും നീതിയ്ക്കും ഐക്യത്തിനും വേണ്ടി നിങ്ങൾ നിങ്ങളെ തന്നെ വിട്ടുകൊടുക്കുക."[5]

പ്രതികൂല സാഹചര്യങ്ങളുടെ നടുവിൽ ക്രിസ്തു യുവജനങ്ങളെ ക്ഷണിക്കുന്നത് എല്ലാവ

രേയും സഹോദര്യത്തിന്റെ സുവിശേഷം അറിയിക്കാനാണ്. കാരണം ലോകത്തെ മാറ്റിമറിക്കാൻ കഴിയുന്ന ആധുനിക കാലത്തെ സഹോദര്യത്തിന്റെ ശക്തരായ അപ്പോസ്തോലരാണ് യുവജനങ്ങൾ.



### എന്തുകൊണ്ട് യുവജനങ്ങൾ?

കത്തോലിക്കാ തിരുസഭ എല്ലാക്കാലവും അതിന്റെ യുവത്വത്തിലാണ്. കാരണം തിരുസഭയുടെ ശിരസ്സായ ക്രിസ്തു മുപ്പത്തിമൂന്നുകാരനായ യുവാവാണ്. ഈ തിരുസഭയിലാണ് സന്തതസഹചാരിയും യുവജനങ്ങളുടെ സുഹൃത്തുമായ ക്രിസ്തുവിനെ യുവജനങ്ങൾ കണ്ടുമുട്ടുന്നത്.[6] യുവത്വം ഒരു ദൈവവിളിയാണ്. ദൈവത്തിനായി ആത്മാക്കളെ നേടാൻ ദൈവം വ്യക്തികളെ തെരഞ്ഞെടുക്കുന്നത് പ്രധാനമായും യുവത്വത്തിലാണ്. ഉള്ളിലെ ദർശനങ്ങൾക്കും ബോധ്യങ്ങൾക്കും വിശ്വാസങ്ങൾക്കും വേണ്ടി ജീവൻ തന്നെ സമർപ്പിക്കാൻ തീക്ഷ്ണതയുള്ളവരാണ് യുവജനങ്ങൾ. യുവത്വത്തിൽ ദൈവത്തെ കണ്ടുമുട്ടിയ പഴയനിയമത്തിലെ ന്യായാധിപന്മാരും രാജാക്കന്മാരും പ്രവാചകന്മാരും ദൈവത്തിന്റെ കരങ്ങളിലെ ശക്തമായ ഉപകരണങ്ങളായി. കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ് എന്ന് പറഞ്ഞ ഏലിയായുടെ തീക്ഷ്ണതയും ഇതാ ഞാൻ എന്നെ അയച്ചാലും എന്ന് പറഞ്ഞ ഏശയ്യായുടെ ഊർജ്ജസ്വലതയും ഈ കാലഘട്ടത്തിൽ യുവജനങ്ങളുടെ സവിശേഷതയാണ്.

പുതിയ നിയമത്തിൽ ശ്ലീഹന്മാരിലേറെപ്പേരും തങ്ങളുടെ വിളി സ്വീകരിക്കുന്നത് യുവത്വത്തിലാണ്. വി. പൗലോസിനെപ്പോലെ ബോധ്യങ്ങളെ അർപ്പണങ്ങളാക്കി മാറ്റുന്നവരാണ് യുവജനങ്ങൾ. ക്രിസ്തുവിൽ എല്ലാവരും സഹോദരങ്ങളാണെന്ന് പ്രഘോഷിച്ച അപ്പോസ്തോലന്മാർ തങ്ങളുടെ ജീവൻ കൊടുത്തും സഹോദരങ്ങളെ ദൈവത്തിന്റെ രക്ഷയറിയിക്കാൻ തയ്യാറായവരാണ്. ഈ കാലഘട്ടത്തിൽ സാഹോദര്യത്തിന്റെ അപ്പോസ്തോലരായി ഒരു പുതിയ ലോകം തീർക്കാൻ ദൈവം തിരഞ്ഞെടുക്കുന്നത് യുവജനങ്ങളെയാണ്. കാരണം മനുഷ്യജീവിതങ്ങളുടെ ഏതു സാഹചര്യത്തിലും കടന്നുചെല്ലാനും സ്വാധീനം ചെലുത്താനും കഴിയുന്നവരാണവർ.

ഈ കാലഘട്ടം പ്രതിസന്ധിയല്ല മറിച്ച് യുവജനശുശ്രൂഷയുടെ പുതിയ വാതായനങ്ങൾ നമുക്ക് മുമ്പിൽ തുറന്നിടുന്നു. അതുകൊണ്ടുതന്നെ നാളെയെക്കുറിച്ചല്ല ഇന്നിനെ കുറിച്ചാണ് നാം ആലോചിക്കേണ്ടത്. തിരുസഭയുടെ 'ഇന്ന്' യുവജനങ്ങളാണ്. യുവജനത പടയാളികളെപ്പോലെയാണ്. യുവത്വത്തിലാണ് രാജ്യസംരക്ഷണത്തിനായി പട്ടാളക്കാർ തിരഞ്ഞെടുക്കപ്പെടുന്നത്. അതുപോലെ ഈ ലോകത്തിൽ പ്രതിസന്ധികൾക്കിടയിൽ ദൈവരാജ്യം കെട്ടിപ്പടുക്കാൻ ദൈവം അയച്ച ഈ കാലഘട്ടത്തിലെ പടയാളികളായ സാഹോദര്യത്തിന്റെ അപ്പോസ്തോലരാണ് യുവജനങ്ങൾ.

### ക്രിസ്തുവിൽ എല്ലാവരും സഹോദരങ്ങൾ

സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? നിഷ്കളങ്ക രക്തം പതിച്ച ഭൂമിയിൽ നിന്നും മനുഷ്യൻ ദൈവത്തോട് ചോദിച്ച ആദ്യ ചോദ്യമാണിത്. ഈ ചോദ്യത്തിനുള്ള ഉത്തരമാണ് മനുഷ്യൻ നശിക്കാതെ രക്ഷയിലേക്ക് പ്രവേശിക്കാൻ സ്വയം ബലിയായി മനുഷ്യനെ വീണ്ടെടുത്ത് സകലർക്കും കാവലായ യേശുക്രിസ്തു. എല്ലാ മനുഷ്യരും ഏക ദൈവത്തിൽ നിന്നും വരുന്നു. അതിനാൽ തന്നെ ദൈവത്തിന്റെ മക്കളായി പിതാവായ ദൈവത്തിന്റെ ഏക പുത്രനായ യേശുക്രിസ്തു വീണ്ടെടുത്ത സകല മനുഷ്യരും ദൈവതിരുമുമ്പാകെ സഹോദരങ്ങളാണ്. ഈ വലിയ സത്യം വിശുദ്ധ പൗലോസ് പറയുന്നത് ഇപ്രകാരമാണ്, "അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇത് തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനു വേണ്ടിയാണ്"(റോമ 8: 29). ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നും ഒഴുകിയ രക്തം ഭൂമുഖത്തെ മുഴുവൻ മനുഷ്യരേയും സഹോദരങ്ങളാക്കുന്നു. സഹോദരങ്ങൾ പരസ്പരം കാവൽക്കാരാകാൻ വിളിക്കപ്പെട്ട

**"കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല."**

വരാണ്. ക്രിസ്തുവിനെപ്പോലെ നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു (1 യോഹന്നാൻ 3:16). സഹോദരർക്ക് വേണ്ടിയുള്ള ഈ സ്നേഹം പ്രകടമാക്കേണ്ടത് നമ്മുടെ പ്രവർത്തിയിലാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനേയും സ്നേഹിക്കണം (1 യോഹ. 4:20-21). ലോകം മുഴുവൻ കൊറോണ എന്ന മഹാമാരി വളരെ പ്രതികൂലമായി ബാധിക്കുമ്പോൾ ഈ ഭൂമിയെ രക്ഷിക്കാൻ ജാതി-മത-രാജ്യ- വർണ്ണ വ്യത്യാസമില്ലാതെ "നിങ്ങളെല്ലാം സഹോദരരാണ്" (മത്തായി 23:8) എന്ന സുവിശേഷമാണ് പ്രഘോഷിക്കപ്പെടേണ്ടത്. ഈ സാഹോദര്യത്തിന്റെ സുവിശേഷം ജീവിക്കാനും പ്രഘോഷിക്കാനും ദൈവം പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നവരാണ് യുവജനങ്ങൾ.


## യുവജനങ്ങൾ ക്രിസ്തുവിന്റെ അപ്പോസ്തോലർ

'അപ്പോസ്തൊലോസ്' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് അപ്പോസ്തോലർ എന്ന വാക്കുരുവായിരിക്കുന്നത്. ഈ വാക്കിനർത്ഥം അയയ്ക്കപ്പെട്ടവർ എന്നാണ്. പെന്തക്കോസ്താ ദിനത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാർ ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ച് ലോകത്തിന്റെ അതിർത്തികൾ വരെ യാത്ര ചെയ്ത് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു. അതുപോലെ യുവജനങ്ങളും അയയ്ക്കപ്പെട്ടവരാണ്. കുഞ്ഞുനാൾ മുതൽ വിശ്വാസ പരിശീലനത്തിലൂടെ ദൈവത്തെക്കുറിച്ചു പഠിച്ചു വളരുന്നവർ യൗവനത്തിൽ തങ്ങൾ പഠിച്ച വിശ്വാസം ജീവിക്കാൻ അയയ്ക്കപ്പെടുന്നു. ശിഷ്യത്വത്തിൽ നിന്നും അപ്പോസ്തോലത്വത്തിലേക്കുള്ള വളർച്ചയാണിത്. ഇവിടെ ക്രിസ്തുവിനു വേണ്ടി തങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ ജീവിക്കുന്ന യുവജനങ്ങൾ അയയ്ക്കപ്പെട്ടവരാണ് എന്ന ബോധ്യത്തിൽ വളരണം. അപ്പോസ്തോലരാണ് തങ്ങളെന്ന ബോധ്യത്തിൽ യുവജനങ്ങൾ ദൈവവചനം ശ്രദ്ധാപൂർവ്വം വായിക്കാനും പഠിക്കാനും കൂദാശാജീവിതത്തിൽ ആഴപ്പെടാനുമുള്ള മനോഭാവം വളർത്തിയെടുക്കണം. ഈ അപ്പോസ്തോല ദൗത്യം നിറവേറ്റാൻ ദൈവത്തിന്റെ സഹായം കൂടിയേ തീരൂ. തിരുസഭയുടെ ശിരസ്സായ ക്രിസ്തുവിനോടും ക്രിസ്തുവിന്റെ മൗതീക ശരീരമായ തിരുസഭയോടും ചേർന്നുനിൽക്കുമ്പോഴാണ് ഈ അപ്പോസ്തോല ദൗത്യം യുവജനങ്ങൾക്ക് പൂർത്തിയാക്കാൻ കഴിയുന്നത്.[7]

ആരാധന, കൂട്ടായ്മ, സാക്ഷ്യം, പ്രഘോഷണം എന്നിവയിലൂടെയാണ് യുവജനങ്ങൾ തങ്ങളുടെ അപ്പോസ്തോല ജീവിതം ആഴപ്പെടുത്തേണ്ടത്.

### ആരാധന

ആരാധനയിലെ സജീവ പങ്കാളിത്തമാണ് അയയ്ക്കപ്പെടുന്ന യുവജനങ്ങളുടെ ജീവിതത്തിന്റെ പ്രഭവസ്ഥാനം.[8] വിശുദ്ധ കുർബാനയോടും മറ്റെല്ലാ കൂദാശകളോടും പ്രാർത്ഥനകളോടും അഗാധമായ സ്നേഹം യുവജനങ്ങൾ ഹൃദയത്തിൽ രൂപപ്പെടുത്തണം. ആരാധനയിൽ അധിഷ്ഠിതമായ ജീവിതമായിരിക്കണം യുവജനങ്ങളുടേത്. വിശുദ്ധ കുർബാനയില്ലാത്ത ജീവിതങ്ങൾ ശൂന്യങ്ങളായി മാറും. വിശുദ്ധ കുർബാന സാധ്യമായ എല്ലാ ദിവസങ്ങളിലും അനുഭവിക്കാൻ ഈ കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേകം തീരുമാനമെടുക്കണം. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാനയുടെ അവസാന ഭാഗത്ത് സമാധാനത്താലെ പോകുക എന്ന് വൈദികൻ പറയുമ്പോൾ ലോകം മുഴുവൻ വചനം അറിയിക്കാൻ ക്രിസ്തു ശിഷ്യന്മാർക്ക് നല്കിയ ഉത്തരവാദിത്തം യുവജനങ്ങൾ ഹൃദയത്തിൽ പേറുന്നു. ഈ പ്രഘോഷണം ആരംഭിക്കേണ്ടത് സ്വന്തം ഭവനത്തിൽ നിന്നുമാണ്. ആത്മീയകാര്യങ്ങൾ നിർവ്വഹിക്കാൻ ദൈവാലയത്തിൽ പോകാൻ കഴിയാത്ത ഒരു സാഹചര്യം കാലഘട്ടം നമുക്കു തരുമ്പോൾ ഭവനങ്ങൾ പ്രാർത്ഥനാലയങ്ങളാക്കി മാറ്റാൻ യുവജനങ്ങൾക്ക് കഴിയണം. ഭവനങ്ങളിൽ നിന്നും പ്രാർത്ഥനയുടെ സ്വരം ഉയരാത്ത ഒരു ദിവസം പോലും യുവജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാകരുത്.



### കൂട്ടായ്മ

അയയ്ക്കപ്പെടുന്ന വ്യക്തിക്ക് അയച്ച വ്യക്തിയുമായി അടിയുറച്ച ബന്ധമുണ്ടായിരിക്കണം. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ് അപ്പോസ്തോലരുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. പ്രതിസന്ധികളിൽ അവർ ദൈവത്തിൽ പൂർണ്ണമായും ആശ്രയം വയ്ക്കുന്നു. ദൈവവുമായുള്ള ഈ കൂട്ടായ്മ അപ്പോസ്തോലരെ സഹോദരങ്ങളിലേക്ക് നയിക്കുന്നു. അതുകൊണ്ടു തന്നെ സാഹോദര്യത്തിന്റെ വക്താക്കളായ യുവജനങ്ങൾ എപ്പോഴും ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിൽ ആയിരിക്കണം.

വ്യക്തിപരമായ പ്രാർത്ഥന ദൈവവുമായുള്ള കൂട്ടായ്മയിൽ വളരാൻ യുവജനങ്ങളെ സഹായിക്കും. ഓരോ നിമിഷവും ദൈവവുമായുള്ള കൂട്ടായ്മയിൽ ആയിരിക്കുന്നവർക്ക് എല്ലാവരെയും സഹോദരങ്ങളായി കാണാനും ആ സാഹോദര്യവലയത്തിലേക്ക് എല്ലാവരെയും ഒന്നുചേർക്കാനും എളുപ്പത്തിൽ സാധിക്കും. ദൈവവുമായുള്ള കൂട്ടായ്മയില്ലാതെ സാഹോദര്യം ഒരിക്കലും സാധ്യമല്ല.

### സാക്ഷ്യം

വിശുദ്ധ പോൾ ആറാമൻ മാർപാപ്പ പറയുന്നത് ആഴമായ ക്രിസ്തീയ ജീവിതമാണ് നമ്മുടെ ആദ്യ സുവിശേഷ സാക്ഷ്യം. ആധുനിക മനുഷ്യൻ ശ്രവിക്കുന്നത് സാക്ഷികളെയാണ് പ്രസംഗകരെ അല്ല. അവർ പ്രസംഗകരെ ശ്രവിക്കുന്നുണ്ടെങ്കിൽ പ്രസംഗകർ സാക്ഷികളായത് കൊണ്ടാണ്.[9] തങ്ങളുടെ ജീവിത വിശുദ്ധി കൊണ്ടാണ് അയയ്ക്കപ്പെടുന്ന അപ്പോസ്തോലർ ആദ്യമായി ക്രിസ്തുവിൽ സാഹോദര്യം പ്രഘോഷിക്കേണ്ടത്. ഈ ലോകത്തിലെ അന്ധകാരശക്തികളോട് പൊരുതാനുള്ള ധൈര്യവും വിശുദ്ധിയും അപ്പോസ്തോലരായ യുവജനങ്ങൾക്കുണ്ടാകണം.

കർദ്ദിനാൾ ആവറി ഡള്ളസ് രക്തസാക്ഷിത്വത്തെയാണ് വ്യക്തിപരമായ സാക്ഷ്യത്തിന്റെ ഏറ്റവും വലിയ അടയാളമായി കാണുന്നത്. ആദിമസഭയിൽ വിശ്വാസത്തിനു വേണ്ടി ജീവൻ വെടിഞ്ഞ രക്തസാക്ഷിയായ സ്തേഫാനോസിൽ തുടങ്ങി നമ്മുടെ ഈ കാലഘട്ടത്തിലും തുടരുന്നുണ്ട് വിശ്വാസത്തിനു വേണ്ടി ജീവൻ വെടിയുന്നവരുടെ വലിയ സാക്ഷ്യനിര.[10] അവരാണ് ക്രൈസ്തവ സാക്ഷ്യത്തിന്റെ ഉത്തമ മാതൃകകൾ. ഇന്നും അപ്പോസ്തോലരായ യുവജനങ്ങൾ വിശ്വാസത്തിനു വേണ്ടി ജീവൻ സമർപ്പിക്കാൻ തയ്യാറാകേണ്ടവരാണ്. കാരണം വിശ്വാസസാക്ഷ്യത്തിന് വേണ്ടി ജീവൻ സമർപ്പിച്ചവരാണ് അപ്പോസ്തോലർ. അയയ്ക്കപ്പെടുന്നവരുടെ ജീവിതങ്ങൾ തന്നെയാണ് മറ്റുള്ളവർ ശ്രദ്ധിക്കുന്ന ആദ്യ സുവിശേഷം.[11] യുവജനങ്ങളുടെ ജീവിതം സാഹോദര്യത്തിന്റെ ആദ്യ സുവിശേഷമായി മാറണം. അപ്പോഴാണ് സാഹോദര്യത്തിന്റെ സാക്ഷികളായി യുവജനങ്ങൾക്ക് ജീവിക്കാൻ കഴിയുന്നത്.

### പ്രഘോഷണം

അപ്പോസ്തോലരായ യുവജനങ്ങൾ തങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിനെ പ്രഘോഷിക്കേണ്ടവരാണ്. പ്രഘോഷണം വാക്കുകളിലൂടെ മാത്രമല്ല പ്രവർത്തികളിലൂടെയുമാണ് നടക്കേണ്ടത്. ആധുനിക മനുഷ്യൻ പ്രസംഗങ്ങൾ കേട്ട് കേട്ട് തളർന്നവരാണ്. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിൽ യുവജനങ്ങൾ സഹോദര്യത്തിന്റെ പ്രഘോഷണത്തിനു വിവിധതരം വഴികൾ ഉപയോഗിക്കണം.[12]



സാമൂഹിക മാധ്യമങ്ങളിലൂടെ ക്രിയാത്മകമായ രീതിയിൽ ഈ സാഹോദര്യത്തിന്റെ സുവിശേഷം യുവജനങ്ങൾ ലോകം മുഴുവനും അറിയിക്കണം. ഈ സാഹോദര്യം മനുഷ്യ ഹൃദയങ്ങളിൽ ഉറപ്പിക്കാനുള്ള ഉത്തരവാദിത്തവും യുവജനങ്ങങ്ങൾക്കുണ്ട്. സഹോദര്യം പ്രഘോഷിക്കാതെ ഈ ലോകത്തെ രക്ഷിക്കാനുള്ള വഴി ഈ ലോകം എങ്ങനെയറിയും? യുവജനങ്ങളുടെ ജീവിതം വഴി സാഹോദര്യം ഈ ലോകത്തിൽ പ്രഘോഷിക്കപ്പെടട്ടെ. അപ്പോസ്തോലരായ യുവജനങ്ങൾ സാക്ഷ്യം നൽകി സാഹോദര്യം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവരാണ്. ലോകത്തിന് മരിച്ച് ക്രിസ്തുവിനു വേണ്ടി സാഹോദര്യത്തിന്റെ അപ്പോസ്തോലരായി ജീവിക്കാൻ വിളിക്കപ്പെട്ടവരാണവർ.

### സാഹോദര്യം ഈ കാലഘട്ടത്തിൽ സാധ്യമോ?

ഇന്നുവരെ കടന്നുപോകാത്ത പ്രതിസന്ധിയിലൂടെയാണ് ലോകം മുഴുവൻ നീങ്ങുന്നത്. ഇവിടെ സാഹോദര്യത്തിന്റെ സുവിശേഷം നേരിടുന്ന വെല്ലുവിളികളുണ്ട്. വെല്ലുവിളികൾ എങ്ങനെ സാധ്യതകളാക്കണമെന്ന് വളരെ ഗൗരവമായി നാം ചിന്തിക്കേണ്ടതുണ്ട്. സംസ്കാരം, രാഷ്ട്രീയം, സാമൂഹിക മാധ്യമങ്ങൾ, മതതീവ്രവാദം, യുവജന ശുശ്രൂഷ എന്നീ മേഖലകളിലാണ് സാഹോദര്യത്തിന്റെ വിത്തുകൾ ആദ്യം പാകേണ്ടത്.

### സംസ്കാരം

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ദുരന്തമെന്നത് സുവിശേഷവും സംസ്കാരവും തമ്മിലുള്ള അകലമാണ്.[13] സാഹോദര്യം പ്രാവർത്തികമാക്കാൻ തടസ്സമായി നിൽക്കുന്നതും ഈ വലിയ വിടവാണ്. അതുകൊണ്ടുതന്നെ നമ്മുടെ സംസ്കാരത്തിൽ സാഹോദര്യത്തിന്റെ വേരുകൾ ആഴ്ന്നിറങ്ങണം. കുടുംബങ്ങളുടെ പ്രാധാന്യം ഉയർത്തിക്കാട്ടി മനുഷ്യന്റെ മഹത്വം തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി ക്രിസ്തുവിന്റെ നാമത്തിൽ ഈ സാഹോദര്യം യുവജനങ്ങൾ പ്രഘോഷിക്കണം. വികാരം നഷ്ടപ്പെട്ട, സാഹോദര്യത്തിന്റെ വില മറന്നുപോയ, സ്വന്തം കാര്യം മാത്രമാണ് വലുത് എന്ന് ചിന്തിക്കുന്ന ഈ സംസ്കാരത്തിന് നിങ്ങൾ അനുരൂപരാകരുത്. വി. പൗലോസ്

www.malankaralibrary.com


ശ്ലീഹാ പറയുന്നപോലെ "നിങ്ങളുടെ മനസിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ" (റോമാ .12:2). സാമൂഹിക സൗഹൃദങ്ങൾക്കും ആരോഗ്യപരമായ സംഭാഷണങ്ങൾക്കും സംവാദങ്ങൾക്കും സമൂഹത്തെ മുന്നോട്ടു നയിക്കാനുള്ള പുതിയ പാലങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.[14] സാഹോദര്യമുണ്ടാകാൻ സമത്വമുണ്ടാകണം.[15] അതിനായി സമൂഹത്തിലെ പാവപ്പെട്ടവരെ സമത്വത്തിലേക്കാനയിക്കാൻ യുവജനങ്ങൾക്കു കഴിയണം.[16] നമ്മുടെ സംസ്കാരത്തിനനുസരിച്ച് ക്രിസ്തുവിലുള്ള സാഹോദര്യം മത-ജാതി വ്യത്യാസമില്ലാതെ രൂപപ്പെടുത്താൻ നമുക്ക് ഉത്തരവാദിത്തമുണ്ട്.

### രാഷ്ട്രീയം

ലോകം മുഴുവൻ സാമ്പത്തികമായി തകരുമ്പോൾ ദർശനമില്ലാത്ത രാഷ്ട്രീയം ജനജീവിതങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. സാമ്പത്തികമായ സ്വാർത്ഥ ലാഭങ്ങൾ മാത്രം പൊതുജനസേവകർ ലക്ഷ്യമാക്കുമ്പോൾ ജനസേവനം മലിനമാക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ശുദ്ധീകരിക്കപ്പെട്ട, സാമൂഹിക പ്രതിബദ്ധതയുള്ള രാഷ്ട്രീയ സാഹചര്യം നമുക്കുണ്ടാകണം.[17] സാമൂഹിക നന്മ മാത്രമായിരിക്കണം അതിന്റെ ലക്ഷ്യം.[18] വിദ്യാഭ്യാസമുള്ള, വ്യക്തിത്വമുള്ള, ആത്മീയതയിൽ ജ്വലിക്കുന്ന, മാനുഷിക നന്മ മാത്രം ലക്ഷ്യം വയ്ക്കുന്ന പൊതുജനസേവകർ കാലഘട്ടത്തിന്റെ ആവശ്യമാണ്. സാഹോദര്യത്തിന്റെ കെട്ടുറപ്പ് മനുഷ്യരുടെയിടയിൽ സൃഷ്ടിക്കാൻ ഇങ്ങനെയുള്ള നല്ല പൊതുജനസേവകർക്ക് കഴിയും.

### സാമൂഹിക മാധ്യമങ്ങൾ

ഇരുപത്തിയൊന്നാം നൂറ്റാണ്ട് സാമൂഹിക മാധ്യമങ്ങളുടെയും വിവര-സാങ്കേതിക വിദ്യകളുടെയും യുഗമാണ്. ഈ കാലത്ത് അകലങ്ങളൊന്നും അകലങ്ങളല്ല. എല്ലാവരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും ആത്മാർത്ഥമായ സംഭാഷണങ്ങളും ബന്ധങ്ങളും നമുക്കിന്നു നഷ്ടമാകുന്നു.[19] ഇവിടെയാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട്



പറയുന്നത്, "തിരുസഭയക്ക് ഈ കാലഘട്ടത്തിൽ വിശുദ്ധരെ വേണം. സംഗീതം ശ്രവിക്കുന്ന, ജീൻസിടുന്ന, സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുന്ന വിശുദ്ധരെ."[19a] ഇന്ന്, സമൂഹബന്ധങ്ങളിൽ നിന്നും ഒളിച്ചോടി ഒരു വിഭാഗം യുവജനങ്ങൾ ഒറ്റപ്പെട്ട് ഇന്റർനെറ്റിൽ കുടുങ്ങിക്കിടക്കുന്നു. അവർ ആത്മീയതയും ജീവിതവും ബന്ധങ്ങളും ഒരു സ്ക്രീനിൽ ഒതുക്കുന്നു. ഇവിടെ യുവജനങ്ങൾ മാറ്റം കൊണ്ടുവരാനുള്ള അപ്പോസ്തോലരാണ്. സാമൂഹിക മാധ്യമങ്ങൾ അതിന്റെ ശരിയായ അർത്ഥത്തിൽ സുവിശേഷവത്കരണത്തിന് ഉപയോഗിക്കാനും ദൈവാലയത്തിൽ ഒരുമിച്ചു കൂടാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഉത്തരവാദിത്വത്തോടുകൂടി ഓൺലൈൻ പ്രാർത്ഥനകൾ നടത്താനും യുവജനങ്ങളുടെ ബൗദ്ധിക വളർച്ചയ്ക്കു വേണ്ടി സാമൂഹിക മാധ്യമങ്ങൾ പ്രയോജനപ്പെടുത്തണം. സാഹോദര്യം സംസ്ഥാപിക്കാൻ സാമൂഹ്യബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അതിനായി സാമൂഹിക മാധ്യമങ്ങളുടെ നല്ല വശങ്ങളും തെറ്റായ വശങ്ങളും യുവജനങ്ങൾ കൃത്യമായും അറിഞ്ഞിരിക്കണം.

### മതതീവ്രവാദം

വിഭജിക്കപ്പെട്ടതാണ് നമ്മുടെ ലോകം, പ്രത്യേകിച്ച് മതത്തിന്റെ പേരിൽ. മതത്തിന്റെ പേരിൽ തീവ്രവാദവും തങ്ങളുടെ മതത്തിൽ ആളെ ചേർക്കാൻ ഏത് വഴിയും സ്വീകരിക്കുന്ന സാഹചര്യവും നിലനിൽക്കുമ്പോഴാണ് യുവജനങ്ങൾ സാഹോദര്യം ജീവിക്കാനും പ്രഘോഷിക്കാനും വിളിക്കപ്പെട്ടിരിക്കുന്നത്.

സാഹോദര്യത്തിന്റെ അടിസ്ഥാനം എല്ലാവരുടെയും പിതാവായ ഏകദൈവത്തിലേക്ക് ഒരു തുറവിയുണ്ടാകണമെന്നതാണ്.[20] എല്ലാവരും ദൈവത്തെ ഹൃദയപൂർവ്വം ഒരുമിച്ചന്വേഷിക്കണം.[21] പുതിയ സമൂഹത്തെ പണിതുയർത്താൻ പുതിയ ഒരാത്മീയ ഉണർവ്വ് നമുക്ക് വേണം.[22] മതങ്ങൾക്കിടയിൽ സമാധാനം സൃഷ്ടിക്കുന്ന സാഹോദര്യം ഉരുവാകണം. മതതീവ്രവാദം മതങ്ങളുടെ മൗലീകബോധ്യങ്ങളെയും മതങ്ങളുടെ ആത്മാവിനേയും നശിപ്പിക്കും.[23]

### യുവജന ശുശ്രൂഷ

ദൈവാലയങ്ങൾ അടച്ചിടപ്പെടുമ്പോഴും ലോക്ക്ഡൗണിൽ വീടുകളിൽ നിന്നും പുറത്തിറങ്ങാൻ കഴിയാതിരിക്കുമ്പോഴും യുവജന ശുശ്രൂഷ അതിന്റെ പുതിയ മാനങ്ങൾ കൈവരിക്കുന്നു. ശുശ്രൂഷയുടെ പുതിയ വാതിലുകൾ പ്രതിസന്ധികൾ നമുക്ക് തുറന്നു തരുന്നു. കാരണം ശരീരത്തെ വീടുകൾക്കുള്ളിൽ തളച്ചിടുമ്പോഴും ദൈവത്തിന് വേണ്ടി തുടിക്കുന്ന ഹൃദയമുള്ള യുവജനങ്ങൾ പ്രാർത്ഥനയിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും സാഹോദര്യത്തിന്റെ സുവിശേഷം പ്രഘോഷിക്കണം. ആദ്യം സ്വന്തം വീടുകളിൽ, ദൈവാലയത്തിൽ, പഠിക്കുന്ന ഇടങ്ങളിൽ, ജോലി

ചെയ്യുന്ന സ്ഥലങ്ങളിൽ അത് പടർന്നു പന്തലിക്കണം. സമൂഹത്തിൽ കൊറോണ പടർന്നു പിടിക്കുന്നതിന്റെ ഇരട്ടി വേഗത്തിൽ സാഹോദര്യത്തിന്റെ സുവിശേഷം ഹൃദയങ്ങളിൽ ഇടം നേടണം.

### നോ ടൈം syndrome

ദൈവീക കാര്യങ്ങൾക്ക് സമയമില്ല എന്ന യുവജനങ്ങളുടെ വാദം ഈ കാലഘട്ടത്തിൽ വളരെ ശക്തമാണ്. ഫുൾട്ടൻ ജെ. ഷീൻ ഒരിക്കൽ പറഞ്ഞു ദൈവത്തിനു വേണ്ടി കുറച്ചു സമയം പോലും മാറ്റിവയ്ക്കാൻ പറ്റാത്തവർ അവരെ സൃഷ്ടിച്ച ദൈവത്തെക്കാൾ തിരക്കുള്ളവരാണ്. ദൈവമാണ് എല്ലാത്തിനുമടിസ്ഥാനം. ശുശ്രൂഷയ്ക്കായി സമയം മാറ്റിവയ്ക്കാൻ യുവജനങ്ങൾക്കാകണം. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നതുപോലെ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുത്തെ ശുശ്രൂഷിക്കാനും നിത്യതയോളം അവിടുത്തോടൊപ്പം ആനന്ദത്തിൽ ആയിരിക്കാനുമാണ്. അറിയാത്ത ദൈവത്തെ സ്നേഹിക്കാനും ശുശ്രൂഷിക്കാനുമാവില്ല. സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാൻ യുവജനങ്ങൾ ദൈവത്തെ കൂടുതൽ അറിയുകയും വചനം ആഴത്തിൽ പഠിക്കുകയും വചനം ജീവിക്കുകയും ചെയ്യണം.

### സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാനുള്ള ഏഴ് വഴികൾ (നല്ല സമരിയാക്കാരൻ = നല്ല സഹോദരൻ)

സാഹോദര്യത്തിന്റെ അപ്പോസ്തോലരാകുക എന്നത് പടിപടിയായുള്ള ജീവിത വളർച്ചയാണ്. യുവജനങ്ങൾ അതിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ആത്മീയമായി ഒരുങ്ങുകയും വേണം. വചനത്തിൽ നാം കണ്ടുമുട്ടുന്ന നല്ല അയൽക്കാരനായ സമരിയാക്കാരനാണ് ഏറ്റവും നല്ല സഹോദരൻ. ഈ കാലഘട്ടത്തിൽ നല്ല സമരിയാക്കാരനെ പോലെ നല്ല സഹോദരനാകാൻ ഏഴ് പടികളുണ്ട്. ഈ ഏഴു പടികളെ മൂന്ന് വാക്കുകളിൽ ചുരുക്കാം : കാണുക, മനസ്സിലാക്കുക, പ്രവർത്തിക്കുക.

ഈ കലുഷിതമായ ലോകത്തിൽ നല്ല സഹോദരനാകാൻ ചെയ്യേണ്ട ഏഴ് കാര്യങ്ങൾ ഇവയാണ്: കാണുക (മനസ്സലിയുക), അടുത്ത് ചെല്ലുക, സാവധാനം ശുശ്രൂഷിക്കുക (മുറിവ് വച്ചുകെട്ടുക), കൂടെ നടക്കുക, സത്രത്തിലേക്ക് എത്തിക്കുക, സത്രം കാവൽക്കാരനെ ഏൽപ്പിക്കുക, ഉള്ളതെല്ലാം നല്കുക.

### 1. കാണുക- മനസ്സലിയുക (വി. ലൂക്കാ 10: 33)

നമ്മളെല്ലാവരും ഒരുമിച്ച് ദൈവത്തിലേക്ക് യാത്ര ചെയ്യുന്നവരാണ്. പ്രതീക്ഷിക്കാത്ത ഒരു മഹാദുരന്തം ലോകത്തിൽ എല്ലാവരെയും ബാധിക്കുമ്പോൾ സമരിയാക്കാരൻ ചെയ്തപോലെ നമുക്ക് ഒന്ന് നിൽക്കാൻ കഴിയണം, അടുത്ത് നിൽക്കുന്ന വ്യക്തിയെ കാണാൻ കഴിയണം, അവരുടെ അവസ്ഥ മനസ്സിലാക്കാൻ കഴിയണം, കൂടാതെ അവരുടെ അവസ്ഥയിൽ നമുക്ക് മനസ്സലിവുണ്ടാകണം. ഇതാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാനുള്ള ആദ്യപടി. ക്രിസ്തുസ്നേഹം ഉള്ളിൽ നിറയുമ്പോഴാണ് സമൂഹത്തിൽ വീണുപോയ വ്യക്തികളെ കാണുമ്പോൾ നമുക്ക് മനസ്സലിവുണ്ടാകുന്നത്. രോഗികളേയും വേദനയനുഭവിക്കുന്നവരേയും കണ്ടപ്പോൾ യേശുവിന്റെ മനസലിഞ്ഞു. മറ്റൊരാളുടെ വേദനകൾ ഹൃദയത്തിൽ ഏറ്റെടുക്കുമ്പോഴാണ് ഒരാൾക്ക് മനസലിവുണ്ടാകുന്നത്. യുവജനങ്ങൾ തങ്ങളോടുതന്നെ ചോദിക്കണം ഞങ്ങൾക്കു മറ്റുള്ളവരുടെ വേദനകൾ കാണാൻ കഴിയുന്നുണ്ടോ? അതുകണ്ട് ഞങ്ങളുടെ മനസ്സലിയുന്നുണ്ടോ? ദുരന്തങ്ങൾ വരുന്നത് വരെ കാത്തിരിക്കരുത് നമ്മുടെ മനസ്സലിയാൻ. ഓരോ നിമിഷവും സാഹോദര്യത്തിന്റെ അപ്പോസ്തോലരായ യുവജനങ്ങൾ മറ്റുള്ളവരെ കണ്ട് അവരുടെ അവസ്ഥ മനസ്സിലാക്കി മനസ്സലിവുള്ളവരാകണം. ജീവിതത്തിലെ ചില യാഥാർഥ്യങ്ങൾ കണ്ണീരിനാൽ ശുദ്ധമാക്കപ്പെട്ട കണ്ണുകൾക്ക് മാത്രമേ കാണാൻ കഴിയൂ.[24] മറ്റുള്ളവരുടെ കണ്ണുനീർതുള്ളികൾ നിങ്ങളുടേതാകണം. മനസ്സലിവോടെ മറ്റുള്ളവരെ നോക്കുമ്പോൾ അവരുടെ യഥാർത്ഥ അവസ്ഥ നമുക്ക് മനസിലാക്കാൻ കഴിയും. ഹൃദയ അലിവുള്ളവർക്കു മാത്രമേ സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാൻ കഴിയൂ.

### 2. അടുത്ത് ചെല്ലുക (വി. ലൂക്കാ 10: 34)

നല്ല സഹോദരനായ സമരിയാക്കാരൻ വീണുകിടക്കുന്ന വ്യക്തിയെ കണ്ടു മനസ്സലിഞ്ഞു അടുത്ത് ചെല്ലുന്നു. അടുത്ത് ചെല്ലുക എന്നതാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാനുള്ള രണ്ടാമത്തെ പടി. ചുറ്റും നാം കാണുന്ന വ്യക്തികളുടെ അടുത്ത് ചെല്ലുക. അവരുടെ വേദനയിൽ നമ്മുടെ സാമീപ്യം തന്നെ വലിയ ആശ്വാസമാണ്. ആ ആശ്വാസം വീണുപോയവർക്ക് അവർ ഒറ്റയ്ക്കല്ലെന്നും അവരെ സഹായിക്കാൻ സഹോദരങ്ങളുണ്ടെന്നുമുള്ള വലിയ ബോധ്യം ലഭിക്കുന്നു. അതുകൊണ്ട് സഹോദരങ്ങളുടെ അടുത്തേക്ക് മനസ്സലിവോടെ പോകുക എന്നുള്ളതാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാൻ വിളിക്കപ്പെട്ടവർ ചെയ്യേണ്ട രണ്ടാമത്തെ കാര്യം.

### 3. സാവധാനം ശുശ്രൂഷിക്കുക- മുറിവ് വച്ചുകെട്ടുക (വി. ലൂക്കാ 10: 34)

വീണുകിടന്ന മനുഷ്യന്റെ അടുത്തെത്തിയ സമരിയാക്കാരൻ ആ മനുഷ്യന്റെ ശരീരത്തിലെ മുറിവുകൾ സാവധാനം വച്ചുകെട്ടി. ക്രിസ്തുവിന്റെ കണ്ണുകളിലൂടെ നോക്കുന്നവർക്ക് മാത്രമേ അടുത്ത് നിൽക്കുന്ന വ്യക്തിയിലെ മുറിവുകൾ കാണാൻ



കഴിയൂ. മുറിവുകൾ ശാരീരികം ആയിരിക്കണമെന്നില്ല. അത് ആത്മീയമാകാം, മാനസികമാകാം, ബൗദ്ധീകമാകാം, സാമ്പത്തികമാകാം, രാഷ്ട്രീയവുമാകാം. കൃത്യമായി അടുത്തയാളിലെ മുറിവുകൾ മനസിലാക്കാനും ശുശ്രൂഷിക്കാനും കഴിയുന്നവർക്ക് മാത്രമേ സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാൻ കഴിയൂ.

### 4. കൂടെ നടക്കുക (വി. ലൂക്കാ 10: 34)

മുറിവുകൾ വച്ച് കെട്ടിയ ശേഷം ആ മനുഷ്യന്റെ കൂടെ സമരിയക്കാരൻ നടക്കുന്നു. ഇതാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലർക്ക് ഉണ്ടാകേണ്ട പ്രധാന സവിശേഷത – കൂടെ നടക്കുക. കൂടെ നടക്കുന്നത് ഒരു കലയാണ്. കൂടെ നടക്കുമ്പോൾ വേഗതയും നോട്ടവും സാമീപ്യവും കൂടെയുള്ള ആളിന് സൗഖ്യവും ദൈവാനുഭവവും വിമോചനവും ക്രിസ്തീയ ജീവിതത്തിന്റെ ആഴവും പകർന്നു നൽകണം.[25]

ഈ കാലഘട്ടത്തിൽ കൂടെനടക്കുന്ന അനുഭവം സാഹോദര്യത്തിന്റെ സുവിശേഷം അറിയിക്കാൻ മറ്റേതു കാലത്തേക്കാളും അത്യാവശ്യമാണ്. പക്ഷെ കൂടെ നടക്കുന്നവർ പ്രാവുകളെ പോലെ നിഷ്കളങ്കരും സർപ്പങ്ങളെ പോലെ വിവേകികളും ആയിരിക്കണം (മത്തായി 10:16). അല്ലെങ്കിൽ കൂടെ നടക്കുന്നവരും സാഹോദര്യം സ്ഥാപിക്കാൻ കഴിയാതെ തെറ്റായ ബോധ്യങ്ങളിൽ വീണുപോകും. മുറിവേറ്റവരുടെ കൂടെ നടക്കുന്ന സാഹോദര്യത്തിന്റെ അപ്പോസ്തോലർക്ക് മുറിവേറ്റ വ്യക്തിയെ കേൾക്കാൻ മനസ്സുണ്ടാകണം. കേൾക്കുകയും ആരോഗ്യപരമായ സംഭാഷണവും സംവാദവും നടത്തുകയും ചെയ്തില്ലെങ്കിൽ ആത്മീയമായ ദൈവീക ഇടപെടൽ അവിടെ ഉണ്ടാകില്ല.[26]

### 5. സത്രത്തിലേക്ക് എത്തിക്കുക (വി. ലൂക്കാ 10: 34)

സമരിയാക്കാരൻ മുറിവേറ്റ വ്യക്തിയുമായി പോകുന്നത് സത്രത്തിലേക്കാണ്. എവിടേക്കാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലർ മുറിവേറ്റവരെ എത്തിക്കേണ്ടത്? പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പറയുന്നു "തിരുസഭ ഒരു ആതുരാലയമാണ്. ബലഹീനരും മുറിവേറ്റവരുമുള്ള ആതുരാലയം."[27] എല്ലാവരും ആനയിക്കപ്പെടേണ്ടത് ഈ തിരുസഭയിലേക്കാണ്. ക്രിസ്തീയ വിശ്വാസത്തിൽ നിന്നുള്ള വ്യക്തികളെ സഭയിലേക്ക് കൊണ്ടുവരാം. എന്നാൽ മറ്റുള്ളവരോ? സാഹോദര്യം എല്ലാ വിശ്വാസങ്ങളെയും ബഹുമാനിച്ചുകൊണ്ട് ലോകം മുഴുവൻ വ്യാപിക്കേണ്ടതല്ലേ എന്നൊരു സംശയം ഉയർന്നുവരാം. അതിനുള്ള ഉത്തരം വിശുദ്ധ മദർ തെരേസ നമുക്ക് പറഞ്ഞു തരുന്നു, "ഞാൻ സഹായിക്കുന്നത് ഹിന്ദുവിനെ കൂടുതൽ നല്ല ഹിന്ദുവായി ജീവിക്കാനും മുസ്ലീമിനെ കൂടുതൽ നല്ല മുസ്ലീമായി ജീവിക്കാനും ക്രിസ്ത്യാനിയെ കൂടുതൽ നല്ല ക്രിസ്ത്യാനിയായി ജീവിക്കാനുമാണ്.'' ഉത്തമമായ ക്രിസ്തീയ വിശ്വാസവും ബോധ്യങ്ങളും യുവജനങ്ങൾക്ക് ഇവിടെ ആവശ്യമാണ്.

### 6. സത്രം കാവൽക്കാരനെ ഏൽപ്പിക്കുക (വി. ലൂക്കാ 10: 35)

അടുത്തതായി സമരിയാക്കാരൻ മുറിവേറ്റു കിടന്ന മനുഷ്യനെ സത്രം സൂക്ഷിപ്പുകാരനെ ഏൽപ്പി

ക്കുന്നു. ആരെയാണ് തിരുസഭയിൽ സാഹോദര്യത്തിലേക്ക് വരുന്നവരെ നാം ഏല്പ്പിക്കേണ്ടത്? തിരുസഭയുടെ ശിരസ്സായ ക്രിസ്തുവിനെ തന്നെ. നമുക്ക് വേണ്ടി മുറിവേറ്റ ക്രിസ്തുവിലാണ് മുറിവേറ്റവർ അഭയം പ്രാപിക്കേണ്ടത്.[28] സൃഷ്ടാവില്ലാതെ സൃഷ്ടികൾ ശൂന്യതയിലേക്ക് മങ്ങിപോകുന്നു. സൃഷ്ടാവായ ദൈവമാണ് എല്ലവരുടെയും പരിപാലകൻ.[29] അങ്ങനെ ദൈവത്തെ കണ്ടെത്തുന്നവർ യഥാർത്ഥ ആനന്ദം കണ്ടെത്തുന്നു. പിന്നെ ഒരു വേദനയും ദുരന്തങ്ങളും അവരെ ഈ ലോകത്തിൽ ദൈവത്തിൽ നിന്നുമകറ്റില്ല. അതിലൂടെ എല്ലാവരും ദൈവത്തിൽ സഹോദരങ്ങളാണ് എന്ന ബോധ്യത്തിലേക്കവർ എത്തുകയും ചെയ്യുന്നു.

### 7. ഉള്ളതെല്ലാം വിട്ടുകൊടുക്കുക (വി. ലൂക്കാ 10: 35)

സമരിയാക്കാരൻ അവസാനമായി സത്രക്കാരനു രണ്ട് ദനാറ നല്കിയിട്ട് പറയുന്നു, ബാക്കിയുള്ളത് തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം. ഈ ആത്മീയ പടിയിലേക്കാണ് സാഹോദര്യത്തിന്റെ അപ്പസ്തോലർ എത്തിച്ചേരേണ്ടത്. തങ്ങളുടെ കഴിവുകളും ബുദ്ധിയും ആരോഗ്യവും ദൈവത്തിന് സമർപ്പിക്കുക. അതുകൊണ്ടാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട് പറയുന്നത്, "യുവജനങ്ങളെ, യുവത്വം സർവ്വതും സമർപ്പിക്കാനുള്ളതാണ്, യുവത്വം മറ്റുള്ളവർക്ക് ദൈവത്തെ കൊടുക്കാനുള്ളതാണ്. യുവത്വം നിങ്ങൾക്കുവേണ്ടി നിങ്ങൾ സൂക്ഷിച്ചുവയ്ക്കരുത്. പൂർണ്ണമായും ദൈവത്തിന് നിങ്ങളെ വിട്ടു കൊടുക്കുക."[30]

### ഉപസംഹാരം

ഓരോ നിമിഷവും ഓരോ ദിവസവും നാം ചിന്തിക്കണം ഈ ലോകത്തിൽ നല്ല സമരിയാക്കാരനെപ്പോലെ ജീവിക്കണോ അതോ വെറും കാഴ്ചക്കാരായി ജീവിക്കണോ?[31] വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങളോട് പറയുന്നതുപോലെ, "ഓർക്കുക, നിങ്ങൾക്ക് ഈ ലോകത്തെ കൂടുതൽ മനോഹരമാക്കാം". ദൈവം ജെറമിയായോടു പറഞ്ഞു, "നീ തീരെ ചെറുപ്പമാണെന്നു പറയരുത്" (ജെറമിയ 1:7). അപ്പസ്തോലരെപ്പോലെ യാത്രയാവുക. എല്ലാവരെയും ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുക. ക്രിസ്തു നിങ്ങളോടൊപ്പം യാത്ര ചെയ്യുന്നതു പോലെ തിരുസഭയും നിങ്ങളോടൊപ്പം യാത്ര ചെയ്യുന്നു. എന്നെ സംബന്ധിച്ചിടത്തോളം വിശുദ്ധ പൗലോസിനെ പോലെ ഞാനും പറയുന്നു, "എനിക്ക് നിങ്ങളിൽ ഉത്തമ വിശ്വാസമുണ്ട്. നിങ്ങളെക്കുറിച്ച് വലിയ അഭിമാനവുമുണ്ട്. നിങ്ങളെ ഓർത്ത് ഞാൻ അതിയായി സന്തോഷിക്കുകയും ചെയ്യുന്നു. (cf. 2 Cor 7:4)."[32] സാഹോദര്യത്തിന്റെ അപ്പോസ്തോലരായ യുവജനങ്ങൾക്ക് കൂട്ടായി പരിശുദ്ധ അമ്മയുള്ളതുകൊണ്ട് ഈ ലോകത്തെ കൂടുതൽ മനോഹരമാക്കാനും സാഹോദര്യത്തിൽ വേരൂന്നിയ ഒരു സമൂഹത്തെ പണിതുയർത്താനും യുവജനങ്ങൾക്ക് നിസ്സംശയം കഴിയും.

## കുറിപ്പുകൾ

1 Pope Francis, Fratelli Tutti, no32.
2 Pope Francis, Fratelli Tutti no8.
3 Pope Francis, Fratelli Tutti no141.
4 Pope Francis, Fratelli Tutti no92.
5 Pope John Paul II, Homily at Immaculate Conception Cathedral, August 26, 1993.
6 Christus Vivit, no34.
7 Cf. Second Vatican Council, Lumen Gentium, no. 31.
8 Cf. Second Vatican Council, Sacrosanctum Concilium, no14.
9 Pope Paul VI, Evangelii Nuntiandi, no. 41.
10 Avery Dulles, Evangelization, 92.
11 Pope John Paul II, Redemptoris Missio, no. 42.
12 Pope Paul VI, Evangelii Nuntiandi, no. 42.
13 Pope Paul VI, Evangelii Nuntiandi, no. 20.
14 Pope Francis, Fratelli Tutti 224.
15 Pope Francis, Fratelli Tutti 235.
16 Pope Francis, Fratelli Tutti 231.
17 Pope Francis, Fratelli Tutti 154.
18 Pope Francis, Fratelli Tutti 178.
19 Pope Francis, World Youth Day, 2016.
19a Pope Francis, World Youth Day, 2013.
20 Pope Francis, Fratelli Tutti 272.
21 Pope Francis, Fratelli Tutti 274.
22 Pope Francis Fratelli Tutti 276.
23 Pope Francis Fratelli Tutti 281-282.
24 Pope Francis, Christus Vivit,76.
25 Pope Francis, *Evangelii Gaudium,* 169.
26 Pope Francis, *Evangelii Gaudium,* 171.
27 Pope Francis to audience, 28th August.
28 Pope Francis to audience, 28th August.
29 Second Vatican Council, Gaudium et Spes,no 36.
30 Pope Francis, 37th National Convocation of the renewal in the Holy Spirit, 2014.
31 Pope Francis, Fratelli Tutti, no69.
32 Pope John Paul II, Homily at Immaculate Conception Cathedral, August 26, 1993.

www.malankaralibrary.com

# എം.സി.വൈ.എം.
# സഭാതല സമിതി
# റിപ്പോർട്ട്
# 2021 - 22




## ആമുഖം

### "നിങ്ങൾ എല്ലാം സഹോദരന്മാരാണ് "
(മത്തായി 23:8)

നാം എല്ലാവരും സഹോദരങ്ങളാണ് എന്ന സത്യം വിസ്മരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ലോകത്തിലെ സർവ്വചരാചരങ്ങളെയും സഹോദരങ്ങളായി കണ്ട് സ്നേഹിച്ച വി. ഫ്രാൻസിസ് അസ്സീസിയുടെ വിശാല ദർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധന്റെ സ്മരണയിൽ 'ഫ്രത്തെല്ലി തൂത്തി – എല്ലാവരും സഹോദരർ' എന്ന ചാക്രിക ലേഖനം 2020 ഒക്ടോബർ 20 –ാം തീയതി ലോകത്തിന് സമർപ്പിച്ചു.

'ഫ്രത്തെല്ലി തൂത്തി' എന്ന പ്രബോധനത്തെ അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനങ്ങൾ, 2021 വർഷത്തിൽ തങ്ങളുടെ ആത്മീയ ഒരുക്കത്തിനായി 'യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പോസ്തോലർ' എന്ന പഠനവിഷയം തിരഞ്ഞെടുത്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശക്തിസ്രോതസ്സുകളായിരിക്കുന്ന ഓരോ യുവാവും യുവതിയും ഒരു നിയോഗമെന്നവണ്ണം തങ്ങളുടെ ജീവിതത്തെ പുനഃപരിശോധിക്കുവാനും ക്രമീകരിക്കുവാനും പുത്തൻ ജീവിതദർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിന് നന്മയായിത്തീരുവാൻ വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ ഈ പഠനവിഷയം തിരഞ്ഞെടുക്കുകയുണ്ടായി.

കുഞ്ഞുനാൾ മുതൽ വിശ്വാസ പരിശീലനത്തിലൂടെ ദൈവത്തെക്കുറിച്ച് പഠിച്ചുവളരുന്ന ഒരു വ്യക്തി തന്റെ യൗവനത്തിലാണ് താൻ പഠിച്ച വിശ്വാസത്തിൽ ജീവിക്കുവാൻ അയയ്ക്കപ്പെടുന്നത്. കത്തോലിക്കാ തിരുസഭ എക്കാലത്തും അതിന്റെ യുവത്വത്തിലാണ്. കാരണം തിരുസഭയുടെ ശിരസ്സായ ക്രിസ്തു യുവാവാണ്. ഈ തിരുസഭയിലാണ് യുവജനങ്ങൾ തങ്ങളുടെ സന്തതസഹചാരിയും സുഹൃത്തുമായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നത്. യുവത്വം ഒരു ദൈവവിളിയാണ്. കാരണം ദൈവത്തിനായി ആത്മാക്കളെ നേടുവാൻ ദൈവം ഓരോ വ്യക്തിയെയും തിരഞ്ഞെടുക്കുന്നത് യുവത്വത്തിലാണ്. ഉള്ളിലെ ദർശനങ്ങൾക്കും ബോധ്യങ്ങൾക്കും വിശ്വാസങ്ങൾക്കും വേണ്ടി ജീവൻ തന്നെ സമർപ്പിക്കുവാൻ തീക്ഷ്ണതയുള്ളവരാണ് യുവജനങ്ങൾ.

ഈ യുവജനങ്ങളെയാണ് സാഹോദര്യത്തിന്റെ അപ്പസ്തോലന്മാരായി ഒരു പുതിയ ലോകം തീർക്കുവാൻ ദൈവം തിരഞ്ഞെടുത്തിരിക്കുന്നത്. ഈ കാലഘട്ടം യുവജന ശുശ്രൂഷയുടെ പുതിയ വാതായനങ്ങളാണ് നമുക്ക് മുമ്പിൽ തുറന്നിടുന്നത്. അതുകൊണ്ട് നാളയെക്കുറിച്ചല്ല, ഇന്നിനെ കുറിച്ചാണ് തിരുസഭയുടെ 'ഇന്ന്' ആയ യുവജനങ്ങൾ ചിന്തിക്കേണ്ടത്.

യുവത്വത്തിലാണ് രാജ്യ സംരക്ഷണത്തിനായി പട്ടാളക്കാർ തിരഞ്ഞെടുക്കപ്പെടുന്നത്. അതുപോലെ ഈ ലോകത്തിലെ പ്രതിസന്ധികൾക്കിടയിൽ ദൈവരാജ്യം കെട്ടിപ്പടുക്കുവാൻ ഈ കാലഘട്ടത്തിൽ ദൈവം അയച്ച പടയാളികളായ സാഹോദര്യത്തിന്റെ അപ്പസ്തോലന്മാരാണ് യുവജനങ്ങൾ.

നിസ്വാർത്ഥരായി നിന്നുകൊണ്ട് പൂർണ്ണമനസ്സോടെ സ്വജീവൻ ദൈവത്തിനുവേണ്ടി വെടിയുവാൻ തയ്യാറായി, തീക്ഷ്ണതയോടും ഊർജ്ജസ്വലതയോടും കൂടി സഹോദരങ്ങളെ ദൈവത്തിന്റെ രക്ഷ അറിയിച്ച അപ്പസ്തോലന്മാരെപ്പോലെയാകുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് എം.സി.വൈ. എം. സഭാതല സമിതിയുടെ വാർഷിക റിപ്പോർട്ട് ബഹുമാനപ്പെട്ട സെനറ്റ് മുമ്പാകെ അവതരിപ്പിക്കുന്നു.

## 01. എം.സി.വൈ.എം. തീം

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് 2021 വർഷത്തെ എം.സി. വൈ.എം. പഠനവിഷയം "യുവജനങ്ങൾ സാഹോദ ര്യത്തിന്റെ അപ്പോസ്തോലർ" 2021 ജനുവരി 2 ന് എം. സി.വൈ.എം. ഫേസ്ബുക്ക്, യൂ ട്യൂബ് ചാനലിലൂടെ യുവജനങ്ങൾക്കായി സമർപ്പിച്ചു

## 02. ഗ്ലോബൽ മീറ്റ് 2021




എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ 2021 ജനുവരി 16 ന് പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് അന്തർദേശീയ സെനറ്റ് സമ്മേളനം, 'ഗ്ലോബൽ മീറ്റ് 2021' നടത്തപ്പെട്ടു.

യുവജനങ്ങൾ നെഞ്ചിലേറ്റിയ എം.സി.വൈ. എം. പ്രസ്ഥാനത്തിന്റെ ത്രിവർണ്ണ പതാക അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉയർത്തിക്കൊണ്ട് 'ഗ്ലോബൽ മീറ്റ് 2021' ന് തുടക്കം കുറിച്ചു.

സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ അനുഗ്രഹാശീർവാദത്തോടെ ആരംഭിച്ച അന്തർദേശീയ സെനറ്റ് സമ്മേളനം, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉദ്ഘാടനം ചെയ്തു.

ഭാരതത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മേയർ എന്ന ബഹുമതിക്കർഹയായ തിരുവനന്തപുരം നഗരത്തിന്റെ അധ്യക്ഷ ആര്യാ രാജേന്ദ്രനെ എം.സി.വൈ. എം. കുടുംബം ആദരിച്ചു. തുടർന്ന് ബഹുമാനപ്പെട്ട മേയർ യുവജനപ്രസ്ഥാനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ശേഷം എം.സി.വൈ.എം. സഭാതല സമിതിയുടെ മുഖപത്രമായ 'യുവചേതനയുടെ' 2021 വർഷത്തെ ആദ്യ പതിപ്പ് ബഹുമാനപ്പെട്ട മേയർ പ്രകാശനം ചെയ്തു.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020 ഒക്ടോബർ 20-ാം തീയതി പ്രസിദ്ധീകരിച്ച ചാക്രിക ലേഖനം 'ഫ്രത്തെല്ലി തൂത്തി' അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾ 2021 വർഷത്തിൽ പഠനവിഷയമാക്കിയ 'യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പോസ്തോലർ' എന്ന വിഷയത്തെപ്പറ്റി മലങ്കര മേജർ സെമിനാരി രജിസ്ട്രാർ ബഹുമാനപ്പെട്ട ഡോ. ഫാ. ജോളി കരിമ്പിൽ ക്ലാസ് നയിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 12 ഭദ്രാസനങ്ങളിലെയും യുവജനങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലം ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ലോകത്തെ മുഴുവൻ ഒന്നടങ്കം കീഴ്പ്പെടുത്തിയ കോവിഡ് 19 ന്റെ അതിതീവ്ര വ്യാപന കാലത്ത് ചെയ്ത പ്രവർത്തനങ്ങളുടെ വീഡിയോ പ്രസന്റേഷൻ നടത്തുകയും ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മിഷൻ ചെയർമാനായിരുന്ന ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മദിനം കൂടിയായ ജനുവരി 16 ന് സഭയിലെ പുണ്യപിതാക്കന്മാരെ കബറടക്കിയിരിക്കുന്ന പട്ടം കബർ ചാപ്പലിൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെയും ബഹുമാനപ്പെട്ട വൈദികരുടെയും സാന്നിധ്യത്തിൽ ധൂപപ്രാർത്ഥന നടത്തി.

സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, തിരുവനന്തപുരം മേയർ ശ്രീമതി ആര്യ രാജേന്ദ്രൻ, മലങ്കര മേജർ സെമിനാരി രജിസ്ട്രാർ ഫാ. ഡോ. ജോളി കരിമ്പിൽ, തിരുവനന്തപുരം കാതോലിക്കേറ്റ് സെന്റർ ഡയറക്ടർ ഫാ. ആന്റണി കാക്കനാട്ട്, എം.സി.വൈ.എം. മുൻ ഡയറക്ടർ ഫാ. തോമസ് കയ്യാലക്കൽ, പട്ടം സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. ജോൺ പടിപ്പുരക്കൽ, പട്ടം സെന്റ് മേരീസ് കത്തീഡ്രൽ സഹവികാരി ഫാ. ജോബിൻ പാലവിളകിഴക്കേതിൽ, കെ.സി.വൈ.എം. പ്രസിഡന്റ് ബിജോ പി. ബാബു എന്നിവർ സന്നിഹിതരായിരുന്നു.

എട്ട് ഭദ്രാസനങ്ങളുടെ ഭാരവാഹികൾ നേരിട്ടും നാല് ഭദ്രാസനങ്ങളുടെ ഭാരവാഹികൾ ഓൺലൈൻ വഴിയും ഗ്ലോബൽ മീറ്റിൽ സംബന്ധിച്ചു.

അന്തർദേശീയ ക്വിസ് മത്സരത്തിൽ വിജയികളായ തിരുവല്ല അതിഭദ്രാസനം (1-ാം സ്ഥാനം), പത്തനംതിട്ട ഭദ്രാസനം (2-ാം സ്ഥാനം) ബത്തേരി ഭദ്രാസനം (3-ാം സ്ഥാനം) എന്നിവർക്ക് ട്രോഫിയും ക്യാഷ് പ്രൈസും യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഭദ്രാസന നേതൃത്വത്തിന് കൈമാറി.


Green Month Drive പദ്ധതിയിൽ വിജയിക ളായ തിരുവല്ല അതിഭദ്രാസനം (കുമളി മേഖല), പത്തനംതിട്ട ഭദ്രാസനം (സീതത്തോട് വൈദിക ജില്ല), തിരുവനന്തപുരം മേജർ അതിഭദ്രാ സനം (ആയൂർ വൈദിക ജില്ല) യഥാക്രമം 1, 2, 3 സ്ഥാന ങ്ങൾ - എന്നീ മേഖലകൾക്കുള്ള ട്രോഫികൾ യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഭദ്രാസന നേതൃത്വത്തിന് കൈമാറി.

2019-20 വർഷത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച് ഉന്നത വിജയം കരസ്ഥമാക്കിയ വരുടെ മെമെന്റൊ ഭദ്രാസന നേതൃത്വത്തിന് നൽകി. 'ഗ്ലോബൽ മീറ്റ് 2021' ൽ സംബന്ധിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### 03. റീഹോദ് സൗമോ

'യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ?' (റോമ 6 :3)

സ്നാപക യോഹന്നാനിൽ നിന്നും ജ്ഞാന സ്നാനം സ്വീകരിച്ച ആത്മാവിനാൽ നയിക്കപ്പെട്ട് മരു ഭൂമിയിൽ നാൽപതു പകലും നാൽപതു രാവും യേശു ഉപവസിച്ച് പ്രാർത്ഥിച്ചതുപോലെ ഓരോ ക്രൈസ്ത വന്റെയും ജീവിതത്തിൽ യേശുവിന്റെ ആ വലിയ മാതൃക അനുകരിക്കുമ്പോഴാണ് നോമ്പിന്റെ ചൈതന്യം അർത്ഥവത്താവുന്നത്.




വലിയ നോമ്പിന്റെ ദിനങ്ങളിൽ യുവജനങ്ങൾക്ക് പ്രത്യേകമായ വിധം പ്രാർത്ഥിച്ച് ധ്യാനിക്കുവാനായി എല്ലാ ദിവസവും ഓരോ നിയോഗങ്ങൾ യുവജനങ്ങളി ലേക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ പങ്കുവച്ചു.

എം.സി.വൈ.എം. ഭദ്രാസന നേതൃത്വം ആ നിയോഗങ്ങൾ ഏറ്റവും ഗൗരവത്തോടെ വൈദിക ജില്ല-മേഖല തലങ്ങളിലേയ്ക്കും അവിടെനിന്ന് യൂണിറ്റ് തലങ്ങളിലേക്കും എത്തിച്ചു.

പുണ്യം പൂവിട്ട വലിയനോമ്പിന്റെ കാലത്ത് 'റീഹോദ് സൗമോ' എന്ന പ്രാർത്ഥനാശുശ്രൂഷയി ലൂടെ ഏവർക്കും ലഭിച്ച ദൈവീക അനുഭവ സാക്ഷ്യ ങ്ങൾ ലഘുകുറിപ്പുകളായി സഭാതല സമിതിയ്ക്ക് അയച്ചു നൽകി.

കഴിഞ്ഞ വലിയ നോമ്പുകാലത്ത് എല്ലാവർക്കു മൊരുമിച്ച് പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുവാനും സമൂഹത്തിൽ നല്ല പ്രവർത്തി കൾ ചെയ്ത് ജീവിതത്തെ ധന്യമാക്കുവാനും അവ സരം തന്ന ദൈവത്തിന് നന്ദി പറയുന്നു.

### 04. വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ സന്ദേശം

ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് 2021 മാർച്ച് 19-ാം തീയതി, വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിന ത്തിൽ, തിരുസഭയുടെ കാവൽക്കാരനും തിരുക്കുടും ബത്തിന്റെ നാഥനുമായ വി. യൗസേപ്പ് പിതാവിനെ ക്കുറിച്ചും വിശുദ്ധന്റെ ജീവിത മാതൃകകളെ കുറിച്ചും യുവജനങ്ങളോട് സംസാരിച്ചു.

വി. യൗസേപ്പിതാവിന്റെ തിരുനാൾ സന്ദേശം പങ്കുവച്ച വേളയിൽ എം.സി.വൈ.എം.ന്റെ 'പിതൃ യാനം - മൗനസ്നേഹത്തിന്റെ വാക്മൊഴി' എന്ന പ്രസംഗ വേദിയ്ക്ക് എല്ലാവിധ അനുഗ്രഹാശംസ കളും അഭിവന്ദ്യ പിതാവ് നൽകുകയും ചെയ്തു.



ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ തിരുനാൾ സന്ദേശം അനേകായിരങ്ങളിലേ യ്ക്ക് എത്തിക്കുവാൻ സാധിച്ചു. അഭിവന്ദ്യ പിതാവിനോട് എം.സി.വൈ.എം.ന്റെ നന്ദി അറിയിക്കുന്നു.

### 05. പിതൃയാനം – മൗനസ്നേഹത്തിന്റെ വാക്മൊഴി




പരിശുദ്ധ സഭയുടെ കാവൽക്കാരനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയ്ക്ക് പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ പ്രത്യേകമായി സമർപ്പിച്ച വർഷത്തിൽ (2020-2021), വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് ആഴത്തിൽ അറിയുവാനും പഠിക്കുവാനുമായി എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ സഭയിലെ എല്ലാ യൂണിറ്റുകളെയും കോർത്തിണക്കിക്കൊണ്ട് 2021 മാർച്ച് 21-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം അഞ്ച് ഭാഷകളിലായി യുവജനങ്ങൾക്കുവേണ്ടി ഒരു പ്രസംഗവേദി ഒരുക്കി. പങ്കുചേർന്ന ഏവരേയും നന്ദിയോടെ ഓർക്കുന്നു.

### 06. ഹോളി റോസറി മാരത്തൺ

കൊറോണ വൈറസിന്റെ രണ്ടാം തരംഗം അതിരൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ മഹാമാരിയെ പ്രതിരോധിക്കാൻ പരിശുദ്ധ അമ്മയുടെ വണക്കമാസമായ മെയ് മാസത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ നിരന്തരം ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ വിശ്വാസികളോട് ആഹ്വാനം ചെയ്ത പ്രകാരം എം.സി.വൈ.എം. മെയ് മാസം മുഴുവനായി വിവിധ നിയോഗങ്ങൾ വച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പങ്കാളികളായ ഏവരേയും നന്ദിയോടെകൂടി ഓർക്കുന്നു

### 07. സഹായകൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ 2021 മെയ് 16 മുതൽ 22 വരെയുള്ള കാത്തിരിപ്പിന്റെ ദിവസങ്ങളിൽ ജ്ഞാനം, ബുദ്ധി, അറിവ്, ആലോചന, ആത്മശക്തി, ഭക്തി, ദൈവഭയം എന്നീ പരിശുദ്ധാത്മാവിന്റെ 7 ദാനങ്ങളെപ്പറ്റി 'സഹായകൻ' എന്ന പേരിൽ ആഴമേറിയ ചിന്തകൾ വളരെ ചുരുങ്ങിയ സമയംകൊണ്ട് യുവജനങ്ങളോട് പങ്കുവച്ചു.

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗവും ഇപ്പോൾ പാറശ്ശാല ഭദ്രാസനത്തിലെ ബാലരാമപുരം നസ്രേത്ത് ഹോം സ്കൂളിന്റെ ബർസാറുമായി സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട ഷീൻ പാലക്കുഴി അച്ചൻ പങ്കുവച്ച ചിന്തകൾ യുവജനങ്ങളെ പരിശുദ്ധാത്മ നൽവരങ്ങളിലേക്കും പെന്തിക്കോസ്തി തിരുനാളിന്റെ അനുഗ്രഹങ്ങളിലേക്കും ഒരുക്കുവാൻ സഹായിച്ചു. ബഹുമാനപ്പെട്ട ഷീൻ അച്ചനെ നന്ദിയോടുകൂടി ഓർക്കുന്നു

കാത്തിരിപ്പിന്റെ 7 ദിനങ്ങളിലും എം.സി.വൈ.എം.ന്റെ യൂട്യൂബ് ചാനലിലൂടെയും ഫേസ്ബുക്ക് പേജിലൂടെയും വിവിധ ചിന്തകൾ എല്ലാവരിലേയ്ക്കും എത്തിക്കുവാൻ സാധിച്ചു.



## 08. അസ്സീസി ഓൺലൈൻ കൺസൽട്ടേഷൻ




കോവിഡ് 19 എന്ന മഹാമാരി ലോകം മുഴുവൻ ദുരിതം വിതയ്ക്കുന്ന സാഹചര്യത്തിൽ അപര നിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനുള്ള ക്രിസ്തീയ വിളിയെ ഉൾക്കൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. സമൂഹത്തിന് കൈത്താങ്ങേകുവാനായി സഭയിലെ വിവിധ രൂപതകളിലെ ഡോക്ടർമാരെ ഒരുമിച്ച് ചേർത്ത് സമൂഹത്തെ ബോധവൽക്കരിക്കുവാനും സഹായിക്കുവാനുമായി അസ്സീസി ഡോക്ടേർസ് ഓൺലൈൻ കൺസൽട്ടേഷൻ എന്ന വലിയ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.

2021 മെയ് മാസം 16-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ ഓൺലൈൻ കൺസൽട്ടേഷൻ പദ്ധതി ഉദ്ഘാടനം ചെയ്ത് സമൂഹത്തിനുവേണ്ടി സമർപ്പിച്ചു.

യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് അനുഗ്രഹാശംസകൾ അറിയിച്ചു. നമ്മുടെ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി അറുപതിൽപരം ഡോക്ടർമാരും 30 യുവജന വോളണ്ടിയർമാരും ഒരുമിച്ച് ചേർന്നുകൊണ്ടാണ് ഈ സംരംഭം മുന്നോട്ടു പോയത്.

അസ്സീസി ഡോക്ടേർസ് ഓൺലൈൻ കൺസൽട്ടേഷൻ വഴി നിരവധി കോവിഡ് രോഗബാധിതരുടെ സംശയങ്ങൾക്കും ആശങ്കകൾക്കും പരിഹാരം നൽകുവാൻ സാധിച്ചു. ഇതിൽ പങ്കാളികളായ എല്ലാ ഡോക്ടേഴ്സിനെയും വോളന്റിയേഴ്സിനെയും നന്ദിയോടു കൂടി ഓർക്കുന്നു.

## 09. ലോക രക്തദാന ദിനം





മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്കിടയിൽ രക്തദാനം നടത്തിയവരെ കണ്ടെത്തുവാനും രക്തദാനത്തിന്റെ പ്രാധാന്യം കൂടുതൽ യുവജനങ്ങളിലേക്ക് എത്തിക്കുവാനുമായി എം.സി.വൈ.എം. യുവജനങ്ങളിൽ നിന്ന് കഴിഞ്ഞ നാളുകളിൽ രക്തദാനം ചെയ്തവരുടെ വിവരങ്ങൾ ഗൂഗിൾ ഫോം വഴി ശേഖരിച്ചു.

രക്തദാനത്തിന്റെ മാഹാത്മ്യം കൂടുതൽ യുവജനങ്ങളിലേക്ക് എത്തിക്കുവാനും രക്തദാനം കൂടുതൽ പ്രോത്സാഹിപ്പിക്കുവാനും ഇതുവഴി സാധിച്ചു. പങ്കാളികളായ ഏവർക്കും നന്ദി അറിയിക്കുന്നു.

## 10. ഭദ്രാസന സന്ദർശനം

എം.സി.വൈ.എം. സഭാതല സമിതിയുടെ ആഭിമുഖ്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നേതൃത്വത്തിൽ 2021 ജൂൺ 10 മുതൽ 21 വരെയുള്ള ദിവസങ്ങളിൽ സഭയിലെ



12 ഭദ്രാസനങ്ങളിലും ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ ഭദ്രാസന സന്ദർ ശനം നടത്തി.


എം.സി.വൈ.എം. ന്റെ രക്ഷാധികാരിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി തിരുവനന്തപുരം മേജർ അതിഭദ്രാസന സന്ദർശന മീറ്റിങ്ങിൽ മുഴുവൻ സമയവും പങ്കുചേരുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്, പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ്, പുനെ-കട്കി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ്, ഗുഡ്ഗാവ് ഭദ്രാസന അഡ്മിനിസ്ട്രേറ്റർ വെരി റവ. ഫാ. വർഗ്ഗീസ് വിനയാനന്ദ് ഒ.ഐ.സി. എന്നിവരുടെ മഹനീയ സാന്നിധ്യം എം.സി.വൈ.എം. മീറ്റിങ്ങ് കൂടുതൽ അനുഗ്രഹീതമാക്കി.

## 11. അയയ്ക്കപ്പെട്ടവൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ 2021 ജൂൺ 16 മുതൽ 29 വരെയുള്ള ശ്ലീഹാ നോമ്പിന്റെ ഓരോ ദിനങ്ങളിലും സുവിശേഷത്തിന്റെ സദ്വാർത്ത പ്രഘോഷിക്കുവാൻ അയയ്ക്കപ്പെട്ട അപ്പോസ്തോലൻമാരുടെ ജീവിതങ്ങളിലൂടെ ഒരു യാത്ര നടത്തുക എന്ന ലക്ഷ്യവുമായി വിശുദ്ധ ശ്ലീഹന്മാരെക്കുറിച്ച് സന്ദേശങ്ങൾ പങ്കുവച്ചു.

യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും സഭയിലെ 12 ഭദ്രാസനങ്ങളിലെ പ്രതിനിധികൾ - റോബി ജോൺ (മാവേലിക്കര ഭദ്രാസനം), സോണ സന്തോഷ് (മൂവാറ്റുപുഴ ഭദ്രാസനം), അലീന തങ്കം ജയിംസ് (പുത്തൂർ ഭദ്രാസനം), ലിറ്റി സിജു (ബത്തേരി ഭദ്രാസനം), അലീന എലിസബത്ത് മാത്യു (പത്തനംതിട്ട ഭദ്രാസനം), ബ്ലസി എസ്. ലൂക്കോസ് (മാർത്താണ്ഡം ഭദ്രാസനം), രഞ്ജിത ആർ. ജെ. (തിരുവനന്തപുരം മേജർ അതിഭദ്രാസനം),




നിത്യ (പാറശ്ശാല ഭദ്രാസനം), ലൈജു കോശി മാത്യു (തിരുവല്ല അതിഭദ്രാസനം), ടെസി സൂസൻ ഫിലിപ്പ് (യു.എസ്. എ. & കാനഡ ഭദ്രാസനം), പ്രിൻസി മോഹൻ (ഖ്ടകി - പൂനെ ഭദ്രാസനം), ജാസൺ ഷെബി (ഗുഡ്ഗാവ് ഭദ്രാസനം) എന്നിവർ വിശുദ്ധ ശ്ലീഹന്മാരെക്കുറിച്ച് എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂ ട്യൂബ് ചാനലിലൂടെയും സംസാരിച്ചു. പതിമൂന്ന് ദിവസങ്ങളിലും സന്ദേശങ്ങൾ പങ്കുവച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## 12. യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ അനുസ്മരണം


മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോ



ലീത്തായും പുനരൈക്യ സഹശിൽപിയുമായ ഭാഗ്യ സ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ബഥനി സന്യാസ സമൂഹത്തിലെ മുതിർന്ന വൈദികനും അഭിവന്ദ്യ പിതാവിനെ നേരിട്ടു കണ്ടിട്ടുള്ളതുമായ ബഹുമാനപ്പെട്ട ലാസർ ഒ.ഐ.സി. അച്ചൻ പങ്കുവെച്ചു.

അഭിവന്ദ്യ പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കുന്നതിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ബഹുമാനപ്പെട്ട ഫാ. ജയിംസ് മാത്യു ഒ.ഐ.സി.യെ നന്ദിയോടെ ഓർക്കുന്നു.

### 13. കവിതാരചനാ മത്സരം





മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യമായ പുനരൈക്യ ശിൽപി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മത്തിരുനാളിന്റെ മഹത്വപൂർണ്ണമായ വേളയിൽ പുണ്യപിതാവിന്റെ അനുസ്മരണാർത്ഥം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ 'ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്' എന്ന വിഷയത്തെ ആസ്പദമാക്കി 'സൂര്യതേജസ്സ്' കവിതാരചന മത്സരം നടത്തപ്പെട്ടു.

### 14. ഫാ. സ്റ്റാൻ സ്വാമി

രാജ്യദ്രോഹകുറ്റം ചുമത്തി ജയിലിൽ അടയ്ക്കപ്പെട്ട ജസ്യൂട്ട് വൈദികൻ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗത്തിൽ എം.സി.വൈ.എം. കുടുംബം ദുഃഖാചരണം നടത്തി.

ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിലൂടെ ദുർബല വിഭാഗങ്ങളെ രാജ്യത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ അക്ഷീണം ശ്രമിച്ച വയോധികനും




മനുഷ്യാവകാശ പ്രവർത്തകനുമായ വൈദികനായിരുന്നു സ്റ്റാൻ സ്വാമി അച്ചൻ.

അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കുവാൻ നടത്തിയ നിയമപോരാട്ടം പൂർത്തിയാകുന്നതിന് മുമ്പ് തന്നെ അദ്ദേഹം യാത്രയായി. ഏതു മൂല്യങ്ങൾക്കുവേണ്ടി അദ്ദേഹം നിലകൊണ്ടുവോ, അതേ മൂല്യങ്ങൾക്കുവേണ്ടി സ്വജീവിതം സമർപ്പിച്ച് ഈ ലോകത്തിൽ നിന്നും കടന്നുപോയി.

ഈ യഥാർത്ഥ ക്രിസ്തു ശിഷ്യൻ തന്റെ ജീവൻ ബലിയായ് നൽകി, തന്റെ ദൗത്യം പൂർത്തിയാക്കി ദൈവസന്നിധിയിലേക്ക് യാത്രയായ 2021 ജൂലൈ 6-ാം തീയതി വൈകുന്നേരം 6 മണിക്ക് യുവജനങ്ങൾ ദൈവാലയങ്ങളിലും അവർ ആയിരുന്ന ഇടങ്ങളിലും മെഴുകുതിരി കത്തിച്ച് ബഹുമാനപ്പെട്ട പുരോഹിതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു.

### 15. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുസ്മരണം

എം.സി.വൈ.എം. സഭാതല സമിതിയുടെ ആഭിമുഖ്യത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുസ്മരണം നടത്തി.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര ആരംഭിക്കുന്ന റാന്നി പെരുനാട് ദൈവാലയത്തിന്റെ വികാരി




റവ. ഫാ. ബെന്നി നാരകത്തിനാൽ റാന്നി പെരുനാട് കുരിശുമല തീർത്ഥാടന ദൈവാലയത്തെക്കുറിച്ചും അവിടുത്തെ ശുശ്രൂഷകളെക്കുറിച്ചും എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ പങ്കുവച്ചു.

മലങ്കര സഭയുടെ ശാശ്വത സമാധാനത്തിനായും ആദ്ധ്യാത്മികതയെ മുറുകെ പിടിച്ച് ദൈവസമ്പാദനത്തിനായും സ്വയം സമർപ്പിച്ചിരിക്കുന്ന ഒരു കൂട്ടം സന്യാസികൾ ആവശ്യമാണെന്ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തിരിച്ചറിഞ്ഞതിന്റെ ഫലമായി റാന്നി-പെരുനാട്ടിലെ മുണ്ടൻമലയിൽ കടന്നുചെന്ന് പർണ്ണശാല കെട്ടി അവിടെ ബഥനി ആശ്രമം സ്ഥാപിച്ചു. പെരുനാട് ബഥനി ആശ്രമത്തിൽ നിലവിൽ 12 വൈദികർ വിവിധ ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമം സ്ഥാപിച്ചത് മലങ്കര സഭയുടെ ശാശ്വത സമാധാനത്തിനും ആദ്ധ്യാത്മികമായ ഉന്നമനത്തിനും വേണ്ടിയാണ്. ബഥനി ആശ്രമത്തെക്കുറിച്ച് എം.സി.വൈ.എം. സഭാതല സമിതിയുടെ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ 2021 ജൂലൈ 11-ാം തീയതി എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ പങ്കുവച്ചു.

മലങ്കരയുടെ പുണ്യമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ കണ്ടിട്ടുള്ള ഓർമ്മകൾ പത്തനംതിട്ട രൂപതയുടെ ബഥനി പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റർ സ്റ്റെഫാന എസ്.ഐ.സി.യും സിസ്റ്റർ ഹക്കിം എസ്.ഐ.സി.യും തിരുവല്ല അതിഭദ്രാസനത്തിലെ ബഥനിയായിൽ വിശ്രമജീവിതം നയിക്കുന്ന സിസ്റ്റർ സോഫിയാ എസ്.ഐ.സി.യും ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തീമോത്തിയോസ് പിതാവിന്റെ സഹോദരി, തിരുവല്ല അതിരൂപത ബഥനിയായിൽ വിശ്രമജീവിതം നയിക്കുന്ന സിസ്റ്റർ ജയിൻ എസ്.ഐ.സി.യും എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പങ്കുവച്ചു.



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള ആദ്യ പദയാത്രിക - സിസ്റ്റർ സഖിയ എസ്.ഐ.സി., പുണ്യപിതാവിൽ നിന്ന് ആദ്യമായി വിശുദ്ധ കുർബാന സ്വീകരിക്കാൻ സ്വർഗ്ഗമനുഗ്രഹിച്ച ആ വലിയ അവസരത്തെക്കുറിച്ചും പിതാവിനെ നേരിട്ട് കണ്ട അനുഭവങ്ങളെക്കുറിച്ചും വികാരനിർഭരമായി പങ്കുവച്ചു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ ദർശനത്തിൽ ആകൃഷ്ടനായി ഓർത്തഡോക്സ് സഭയിൽ നിന്നും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്ക് കടന്നുവന്ന വന്ദ്യനായ കുമ്പഴ അച്ചൻ. 1930 ൽ തന്നെ പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി അച്ചൻ നടത്തിയ തീക്ഷ്ണമായ പ്രവർത്തനങ്ങളുടെ ഫലമായി അനേകം ഇടവക സമൂഹങ്ങൾക്ക് രൂപം നൽകുകയും അനേകം മക്കളെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്ക് കൂട്ടിക്കൊണ്ടു വരുകയും ചെയ്തു. ആ പൈതൃകം പിൻതുടരുന്ന വന്ദ്യനായ കുമ്പഴ അച്ചന്റെ മകൾ സിസ്റ്റർ ഫിലോമിന എസ്.ഐ.സി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവച്ചു. വന്ദ്യ വൈദികർക്കും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും നന്ദി അറിയിക്കുന്നു.

## 16. പുണ്യമീ ജീവിതം - പ്രഭാഷണ പരമ്പര

പുനരൈക്യ പ്രസ്ഥാന ശില്പി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവഴികളിലൂടെ ഏവരേയും കൊണ്ടുപോകുക എന്ന ലക്ഷ്യവുമായി 'പുണ്യമീ ജീവിതം' എന്ന പ്രഭാഷണ പരമ്പര നടത്തുകയും പുണ്യപിതാവിന്റെ വിവിധ ചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തു.

2021 ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, തിരുവല്ല അതിഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറൽ റവ. മോൺ. ചെറിയാൻ താഴമൺ, ബഥനി നവജ്യോതി പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന വെരി റവ. ഡോ. ജോസ് മരിയ ദാസ് ഒ.ഐ.സി.,




സഭയുടെ സുവിശേഷ സംഘം ഡയറക്ടർ റവ. ഫാ. ഡോ. ആന്റണി കാക്കനാട്ട്, സെമിനാരി പ്രൊഫസർ റവ. ഫാ. ഡോ. ജോസഫ് വള്ളിയാട്ട്, എം.സി.വൈ.എം. തിരുവനന്തപുരം വൈദികജില്ല ഡയറക്ടറായ ഫാ. ഡോ. ജോൺ കുറ്റിയിൽ, സെമിനാരി പ്രൊഫസർ റവ. ഫാ. ഡോ. ജോളി കരിമ്പിൽ എന്നിവർ പുനരൈക്യ പ്രസ്ഥാനത്തിന്റെ സാരഥിയും കൂനൻ കുരിശിലെ ആലാത്തുകളെ സത്യാന്വേഷണം കൊണ്ടും കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനകൊണ്ടും പൊട്ടിച്ചെറിഞ്ഞ ധീരനായ സത്യാന്വേഷിയും, മലങ്കരയുടെ പുണ്യവുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിവിധ ചിന്തകളെ കുറിച്ച് സന്ദേശങ്ങൾ നൽകി. അഭിവന്ദ്യ പിതാവിനോടും വന്ദ്യ വൈദികരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഇവ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും അനേകായിരങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു.

### 17. പുണ്യമീജീവിതം – പുസ്തക സമാഹാരം

2020 ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായും സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും എം.സി.വൈ.എം.ന് നൽകിയ പ്രഭാഷണ പരമ്പരയായ "പുണ്യമീ ജീവിതം - ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങൾ, ഒരു പുസ്തക സമാഹാരമായി പുണ്യപിതാവിന്റെ 68-ാം ഓർമ്മത്തിരുനാൾ ദിനമായ 2021 ജൂലൈ 15 ന് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ്, സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ സാന്നിധ്യത്തിൽ മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന് നൽകി പ്രകാശനം ചെയ്തു.




മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും, എം.സി.വൈ.എം. സഭാതല സമിതി പ്രസിഡന്റ് ശ്രീ. ജിത്ത് ജോൺ ഫ്രാൻസിസും സന്നിഹിതരായിരുന്നു.

### 18. തീർത്ഥയാത്രാ അനുഭവ സാക്ഷ്യങ്ങൾ

മലങ്കര സഭയുടെ പുനരൈക്യ ശില്പി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേയ്ക്കുള്ള തീർത്ഥയാത്രയുടെ അനുഭവസാക്ഷ്യങ്ങൾ 2021 ജൂലൈ 5, 6, 7 ദിവസങ്ങളിൽ എം.സി.വൈ.എം. ക്ലബ് ഹൗസ് പ്ലാറ്റ്ഫോമിലൂടെ യുവജനങ്ങൾ പങ്കുവച്ചു. പങ്കെടുത്ത ഏവരെയും നന്ദിയോടു കൂടി ഓർക്കുന്നു.

### 19. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാല പ്രാർത്ഥന

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ നേതൃ



ത്വത്തിൽ സഭയിലെ എല്ലാ ഭദ്രാസനങ്ങളെയും ഉൾപ്പെടുത്തി സ്വർഗ്ഗീയ രാജ്ഞിയായ പരിശുദ്ധ അമ്മയോടുള്ള ജപമാല പ്രാർത്ഥന ആഗസ്റ്റ് 7-ാം തീയതി ഓൺലൈനായി നടത്തപ്പെട്ടു.

സഭയുടെ 91-ാം പുനരൈക്യദിനാഘോഷത്തെയും രോഗാവസ്ഥയിലായിരുന്ന ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനെയും സമർപ്പിച്ച് 5 ദിവ്യരഹസ്യങ്ങൾ 5 ഭാഷകളിൽ ചൊല്ലി പ്രാർത്ഥിച്ചു.

സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ സാന്നിധ്യം പ്രാർത്ഥനാശുശ്രൂഷകളെ കൂടുതൽ അനുഗ്രഹീതമാക്കി.

## 20. പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാൾ





സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള നോമ്പിന്റെ ദിനങ്ങൾ അനുഗ്രഹമാക്കുവാൻ പരിശുദ്ധ അമ്മയുടെ ഗാനങ്ങൾ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ യുവജനങ്ങളിലേക്ക് എത്തിച്ചു.

വീഡിയോ, ഓഡിയോ എഡിറ്റിങ്ങ് ചെയ്ത ബത്തേരി ഭദ്രാസനാംഗം റിജിൽ ഷാജിയെ നന്ദിയോടു കൂടി ഓർക്കുന്നു.

## 21. സേൽബശ്ലോമോ

ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് പിതാവിന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങളുടെ പ്രണാമം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ ഭാവം നൽകിയ സഭയുടെ മിഷനറി ബിഷപ്പ് ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ ദീപ്ത സ്മരണകൾക്കു മുമ്പിൽ പ്രണാമം അർപ്പിച്ചു കൊണ്ട് സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ അനുസ്മരണം ഓൺലൈനായി 2021 സെപ്റ്റംബർ 4 ശനിയാഴ്ച വൈകിട്ട് 6 മണിക്ക് നടത്തപ്പെട്ടു.




മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ അനുഗ്രഹാശീർവാദത്തോടെ നടത്തിയ 'സേൽബശ്ലോമോ' ഓൺലൈൻ മീറ്റിംഗിൽ ജേക്കബ് മാർ ബർണബാസ് പിതാവുമായുള്ള അനുഭവങ്ങളും പിതാവിന്റെ മിഷൻ പ്രവർത്തനങ്ങളും മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവും യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും പങ്കുവച്ചു.

ജേക്കബ് മാർ ബർണബാസ് പിതാവിന് യുവജന പ്രസ്ഥാനത്തോടുള്ള സ്നേഹത്തെക്കുറിച്ചും പിതാവുമായുള്ള വ്യക്തിപരമായ ബന്ധത്തെക്കുറിച്ചും എം.സി.വൈ.എം. ഗുഡ്ഗാവ് ഭദ്രാസന ഡയറക്ടർ റവ. ഫാ. ദേവസ്യാ കുതിരക്കല്ലിൽ, പ്രസിഡന്റ് ജെഫിൻ കളീക്കൽ, ആനിമേറ്റർ ഷാജി മാത്യു, എം.സി.വൈ.എം.സഭാതല വൈസ് പ്രസിഡന്റ് ഷിജിൻ പുത്തൻപുരക്കൽ എന്നിവർ യുവജനങ്ങളോട് പങ്കുവച്ചു.

ഇതിൽ പങ്കുചേർന്ന അഭിവന്ദ്യ പിതാവിനും, വന്ദ്യ വൈദികർ, സിസ്റ്റേഴ്സ് യുവജനനേതാക്കൾ ഏവർക്കും എം.സി.വൈ.എം. കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

## 22. പുനരൈക്യ സന്ധ്യ

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയാൽ കൂനൻ കുരിശിൽ കെട്ടിയ അനൈക്യത്തിന്റെ ആലാത്തുകൾ പൊട്ടിക്കപ്പെട്ട പുനരൈക്യ ദിനത്തിന്റെ സ്മരണ നമ്മിലുണർത്തുന്ന സെപ്റ്റംബർ മാസം.




പുനരൈക്യ ദിനത്തോടനുബന്ധിച്ച് നടത്തുന്ന യുവജന സംഗമം കോവിഡ് 19 ന്റെ സാഹചര്യത്തിൽ 2021 സെപ്റ്റംബർ 20-ാം തീയതി വൈകുന്നേരം 7 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോം വഴി നടത്തപ്പെട്ടു. തദവസരത്തിൽ ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ ജേക്കബ് മാർ ബർണബാസ് പിതാവിനോടുള്ള അനുസ്മരണവും നടത്തുകയുണ്ടായി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ അനുഗ്രഹാശീർവാദത്തോടെ നടന്ന മീറ്റിങ്ങിന് പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മുഖ്യസന്ദേശം നൽകി. സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് പുനരൈക്യ ദിനത്തിന്റെ സന്ദേശം പങ്കുവച്ചു. ഏവരെയും നന്ദിയോടുകൂടി ഓർക്കുന്നു.

### 23. ഹെസദ് 2021


2021 ഒക്ടോബർ 3-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ, മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 'ഹെസദ് 2021' യുവജനദിനാഘോഷം നടത്തി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ അനുഗ്രഹാശീർവാദത്തോടു കൂടി നടത്തിയ ഹെസദ് 2021 യുവജനദിനാഘോഷത്തിൽ, സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വന്ദ്യ വൈദികരോട് ചേർന്ന് വി. കുർബാന അർപ്പിച്ചു. തുടർന്ന് തിരുവനന്തപുരം മേജർ അതിഭദ്രാസന ആനിമേറ്റർ റവ. സിസ്റ്റർ ദിവ്യാ ജോസ് ഡി.എം. എം.സി.വൈ.എം. ത്രിവർണ്ണ പതാക ഉയർത്തി യുവജനദിനാഘോഷത്തിന് തുടക്കം കുറിച്ചു. അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പിതാവിന്റെ പൂർണ്ണ സാന്നിധ്യത്താൽ സമ്മേളനം കൂടുതൽ അനുഗ്രഹീതമായി.

എം.സി.വൈ.എം. ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുനാൾ ദിനം, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനദിനാഘോഷത്തിൽ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ തോമസ് യുവജനങ്ങൾക്കായി സെമിനാർ നടത്തി.

ഹെസദ് 2021 യുവജനദിനാഘോഷത്തിന് ആതിഥേയത്വം വഹിച്ച തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ഭാരവാഹികളോടും, തിരുവനന്തപുരം വൈദിക ജില്ല ഭാരവാഹികളോടുമുള്ള സഭാതല സമിതിയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ





തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ ഇടവക വികാരി റവ. ഫാ. നെൽസൺ വലിയവീട്ടിൽ, യൂണിറ്റ് ഭാരവാഹികൾ, യുവജനങ്ങൾ, ഹെസദ് 2021 ന് വേണ്ടി യുവജനങ്ങൾക്കായി വേദിയൊരുക്കി തന്ന് ത്യാഗോജ്ജ്വലമായി പ്രയത്നിച്ചു. ജോലിയുള്ള യുവജനങ്ങൾ തങ്ങളുടെ സമ്പാദ്യ ത്തിന്റെ ഒരംശംകൊണ്ട് ഒരു നേരത്തെ ഭക്ഷണം ക്രമീകരിക്കുകയും ചെയ്തു. പ്രിയപ്പെട്ട നെൽസൺ അച്ചനോടും, കമ്മിറ്റി അംഗങ്ങളോടും യൂണിറ്റിലെ എല്ലാ യുവജനങ്ങളോടുമുള്ള എം.സി.വൈ.എം. കുടുംബത്തിന്റെ സ്നേഹവും കടപ്പാടും അറിയിക്കുന്നു.

ലോകമെമ്പാടുമുള്ള യുവജനങ്ങളിലേക്ക് ഹെസദ് 2021 യുവജനദിനാഘോഷം തൽസമയം സംപ്രേഷണം ചെയ്ത മലങ്കര ടി.വിയോടും അതിന്റെ അണിയറ പ്രവർത്തകരോടുമുള്ള എം.സി.വൈ.എം. സഭാതല സമിതിയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു. ബഹുമാനപ്പെട്ട ഭദ്രാസന ഡയറക്ടേഴ്സിനെയും സിസ്റ്റേഴ്സിനേയും, ഭദ്രാസന ഭാരവാഹികളെയും, സെമിനാർ നയിച്ച ബഹുമാനപ്പെട്ട സ്റ്റീഫൻ തോമസ് അച്ചനെയും നന്ദിയോടു കൂടി ഓർക്കുന്നു.

### 24. കലണ്ടർ

എം.സി.വൈ.എം. സഭാതലസമിതി പ്രസിദ്ധീകരിക്കുന്ന 2022ലെ കലണ്ടർ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന് നൽകി പ്രകാശനം നിർവ്വഹിച്ചു.



യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, എം.സി.വൈ. എം. സഭാതലസമിതി ട്രഷറർ ശരത് ലാൽ റ്റി.എസ്. എന്നിവർ സന്നിഹിതരായിരുന്നു.

### 25. മൊബൈൽ ആപ്ലിക്കേഷൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. സഭാതല സമിതിയുടെ മുൻ ഡയറക്ടർ റവ. ഫാ. തോമസ് കൈയ്യാലയ്ക്കൽ മൊബൈൽ ആപ്ലിക്കേഷന്റെ ios വേർഷൻ ഔദ്യോഗികമായി പ്രകാശനം ചെയ്തു.




### 26. ഗ്ലോബൽ മീറ്റ് 2022

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ അന്തർദേശീയ സെനറ്റ് സമ്മേളനമായ ഗ്ലോബൽ മീറ്റ് 2022 ജനുവരി 27, 28 തിയതികളിൽ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നടത്തപ്പെട്ടു. എം.സി.വൈ.എം. പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസിന്റ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് അനുഗ്രഹ സന്ദേശം നടത്തുകയും പുത്തൂർ രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

12 രൂപതകളും എം.സി.വൈ.എം. റിപ്പോർട്ട് അവതരിപ്പിക്കുകയും തുടർന്ന്, എം.സി.വൈ.എം. സഭാതല സമിതിയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി ജിനു ജോർജ്ജ് അവതരിപ്പിച്ചു. എം.സി.വൈ.എം. പാറശ്ശാല രൂപതാ ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ് 'യുവജനങ്ങൾ സഹയാത്രികർ' എന്ന എം.സി.വൈ. എം. 2022 വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

കഴിഞ്ഞ കാലയളവിൽ നടന്ന പിതൃയാനം, സൂര്യതേജസ്സ് എന്നീ മത്സര ഇനങ്ങളുടെ ഫലപ്രഖ്യാപനം 2022 ജനുവരി 28 വെള്ളിയാഴ്ച്ച മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് നിർവഹിക്കുകയും തുടർന്ന് അഭിവന്ദ്യ പിതാവ്




അനുഗ്രഹ സന്ദേശം നൽകുകയും ചെയ്തു. 2022 വർഷത്തെ എം.സി.വൈ.എം. സഭാതല തിരഞ്ഞെടുപ്പ് ഡയറകടർ റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ നടത്തുകയും തുടർന്ന് ജിത്ത് ജോൺ ഫ്രാൻസിസ് ഏവർക്കും നന്ദി അറിയിക്കുകയും ചെയ്തു. നിയുക്ത പ്രസിഡൻറ് എയ്ഞ്ചൽ മേരി എല്ലാവരെയും അഭിസംബോധന ചെയ്ത് സംസാരിച്ചു.

ഗ്ലോബൽ മീറ്റിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കൻമാരേയും, ബഹുമാനപ്പെട്ട രൂപതാ ഡയറക്ടേഴ്സ്, സിസ്റ്റേഴ്സ്, രൂപതാ ഭാരവാഹികൾ ഏവരെയും നന്ദിയോടു കൂടി ഓർക്കുന്നു.

## വിവാഹമംഗളാശംസകൾ

വിവാഹ കൂദാശയിലൂടെ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച കെ.സി.വൈ.എം. വൈസ് പ്രസിഡന്റ് റോഷ്ന മറിയം ഈപ്പൻ, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ജെഫിൻ സാം, വൈസ് പ്രസിഡന്റ് സോൾ പണിക്കർ, സഭാതല സിൻഡിക്കേറ്റ് അംഗം ശ്വേത മാത്യു, തിരുവല്ല അതിഭദ്രാസന പ്രസിഡന്റ് ലൈജു കോശി മാത്യു, പുത്തൂർ ഭദ്രാസന ട്രഷറർ ബബിത്, മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ, മാവേലിക്കര ഭദ്രാസനത്തിൽ നിന്നുള്ള കെ.സി.വൈ.എം. സെനറ്റ് അംഗം ബിജി ജോബി എന്നിവർക്ക് എം.സി.വൈ.എം. കുടുംബത്തിന്റെ ആശംസകൾ.

## മീറ്റിംഗുകൾ

എം.സി.വൈ.എം. സഭാതല സമിതിയുടെ എല്ലാ മീറ്റിംഗുകളും ഓൺലൈൻ പ്ലാറ്റ്ഫോം വഴി നടത്തപ്പെട്ടു.

2021 മെയ് 8 : 2021 ജനുവരി - ഏപ്രിൽ വരെയുള്ള ഭദ്രാസനങ്ങളുടെ പ്രവർത്തന അവലോകനം

2021 ജൂൺ 5 : ഭദ്രാസന സന്ദർശനം

2020 സെപ്റ്റംബർ 27 : ഹെസദ്

2022 ജനുവരി 05 : ഇലക്ഷൻ

## സെക്രട്ടറിയേറ്റ് മീറ്റിംഗുകൾ

2021 ജനുവരി 10

2021 മാർച്ച് 8

2021 ജൂൺ 9

2021 ആഗസ്റ്റ് 9

2022 ജനുവരി 05

എന്നിങ്ങനെ വിവിധങ്ങളായ ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ഓരോ പ്രവർത്തനങ്ങളും അവയുടെ ഒരുക്കങ്ങളും വിലയിരുത്തുകയും ചെയ്തു. ഇതിൽ പങ്കാളികളായ എല്ലാ ഡയറക്ടർമാരോടും ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

## അനുമോദനങ്ങൾ

ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട എം.സി. വൈ. എം. സഭാതല സമിതിയുടെ മുൻ ഡയറക്ടർ വെരി. റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. അച്ചന് എം.സി. വൈ.എം. കുടുംബത്തിന്റെ ആശംസകൾ സഭാതല ജനറൽ സെക്രട്ടറി ജിനു ജോർജ്ജ് അറിയിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഗുഡ്ഗാവ് ഭദ്രാസന അഡ്മിനിസ്ട്രേറ്ററായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട വർഗ്ഗീസ് വിനയാന്ദ് ഒ.ഐ. സി. അച്ചന് എം.സി. വൈ.എം. കുടുംബത്തിന്റെ ആശംസകൾ

മേരീമക്കൾ സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട റവ. സിസ്റ്റർ ലിഡിയ ഡി.എം. നെ എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസ് സന്ദർശിക്കുകയും എം.സി.വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ അറിയിക്കുകയും ചെയ്തു. ഡി.എം. ജനറലേറ്റ് ഹൗസ് ചാപ്ലിൻ റവ. ഫാ. നെൽസൺ വലിയവീട്ടിൽ സന്നിഹിതനായിരുന്നു.

ബഥനി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ ആർദ്ര എസ്.ഐ.സി. ക്ക് എം.സി.വൈ.എം. കുടുംബത്തിന്റെ ആശംസകൾ.

എം.സി.വൈ.എം. സഭാതല സമിതിയുടെ ആനിമേറ്ററായി സേവനമനുഷ്ഠിക്കുന്ന വി. സി. ജോർജ്ജ്കുട്ടി എം.സി.എ. സഭാതല ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. എം.സി.വൈ.എം. കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## സ്വാഗതം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത്, ആനിമേറ്റർ സിസ്റ്റർ ഡോ. ദിവ്യാ ജോസ് ഡി.എം., തിരുവല്ല അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസ് തൈപ്പറമ്പിൽ, ബത്തേരി ഭദ്രാസന ഡയറക്ടർ റവ. ഫാ. ഫിലിപ്പ് മുടംപാൽക്കുഴിയിൽ, ആനിമേറ്റർ സിസ്റ്റർ സലീനാ മാത്യു ഡി.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, പുത്തൂർ ഭദ്രാസന ഡയറക്ടർ റവ. ഫാ. റിനോ ജോൺ, ആനിമേറ്റർ സിസ്റ്റർ സോഫിയാ ഡി.എം., മാർത്താണ്ഡം ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോണി ആൽബർട്ട്, ആനമേറ്റർ സിസ്റ്റർ ഫ്ളവർ ജോൺ ഡി.എം., അസി. ഡയറക്ടർ റവ. ഫാ. ആന്റോ ജെബിൻ, മാവേലിക്കര ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സജീവ എസ്.ഐ.സി., പാറശ്ശാല ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സീനാ ജോൺ ഡി.എം., യു.എസ്.എ. & കാനഡ ഭദ്രാസന ഡയറക്ടർ റവ. ഫാ. ജെറി മാത്യു, വന്ദ്യ വൈദികർക്കും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും എം.സി.വൈ.എം. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ ബിച്ചു കുര്യൻ തോമസ് (മൂവാറ്റുപുഴ ഭദ്രാസനം), ട്രഷറർ ലിനു വി. ഡേവിഡ് (പത്തനംതിട്ട ഭദ്രാസനം), സെക്രട്ടറി സെലിൻ ചന്ദ്ര ബാബു (പാറശ്ശാല ഭദ്രാസനം) എന്നിവർക്ക് എം.സി.വൈ.എം. കുടുംബത്തിന്റെ അഭിനന്ദ നങ്ങൾ.

## നന്ദി

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് കിഴക്കേകര, ആനിമേറ്റർ സിസ്റ്റർ ഡോ. ജർമെയിൻ ജേക്കബ് ഡി.എം., തിരുവല്ല അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ജേക്കബ് മാത്യു അരീക്കൽ, ബത്തേരി ഭദ്രാസന ഡയറക്ടർ റവ. ഫാ. സാമുവൽ ജോർജ്ജ് ഒ.ഐ.സി., ആനിമേറ്റർ സിസ്റ്റർ ജയിൻ ഫ്രാൻസിസ് ഡി.എം., അസി. ഡയറക്ടർ റവ. ഫാ. എബ്രഹാം ആശാരിപ്പറമ്പിൽ, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത്, പുത്തൂർ ഭദ്രാസന ഡയറക്ടർ റവ. ഫാ. തോമസ് കാഞ്ഞിരിതിങ്കൽ, ആനിമേറ്റർ സിസ്റ്റർ നിർമ്മൽ ആന്റണി ഡി.എം., മാർത്താണ്ഡം ഭദ്രാസന ഡയറക്ടർ റവ. ഫാ. സജീവ് പിലൻകാലായ്, ആനിമേറ്റർ സിസ്റ്റർ ബിൻസി മരിയാ ഡി.എം., മാവേലിക്കര ഭദ്രാസന ആനിമേറ്റർ സിസ്റ്റർ മരിയ എസ്.ഐ.സി., മൂവാറ്റുപുഴ ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സ്മിത എസ്.ഐ.സി., പാറശ്ശാല ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സംപ്രീത ഡി.എം., യു.എസ്.എ. & കാനഡ ഡയറക്ടർ റവ. ഫാ. മൈക്കിൾ ഇടത്തിൽ, വന്ദ്യ വൈദികർക്കും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും എം.സി.വൈ.എം. കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

കെ.സി.വൈ.എം. സംസ്ഥാന ഭരണസമിതിയുടെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ച അഗസ്റ്റിൻ ജോൺ (പാറശ്ശാല ഭദ്രാസനം), വൈസ് പ്രസിഡന്റ് റോഷ്ന മറിയം (തിരുവനന്തപുരം മേജർ അതിഭദ്രാസനം), സെക്രട്ടറി അജോയ് പി. തോമസ് (പത്തനംതിട്ട ഭദ്രാസനം) എന്നിവർക്ക് എം.സി.വൈ.എം. കുടുംബത്തിന്റെ പേരിലുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന ശബ്ദമായ യുവചേതനയുടെ പിന്നിൽ പ്രവർത്തിക്കുന്നവർ:

ലേ-ഔട്ട് & ഡിസൈൻ: ശ്യാം ചൊവ്വര, പ്രൂഫ് റീഡിങ് : തേജസ് അന്ന ജേക്കബ്, എം.സി.വൈ.എം. ഔദ്യോഗിക ഇൻസ്റ്റഗ്രാമിൽ ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത സഭാതല വൈസ് പ്രസിഡന്റ് എബിൻ തോമസിനെ നന്ദിയോടു കൂടി ഓർക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ മെത്രാഭിഷേക തിരുനാൾ, നാമഹേതുക തിരുനാൾ, ദിനംപ്രതിയുള്ള വചനങ്ങളും പ്രാർത്ഥനകളും പ്രത്യേകതകൾക്കനുസരിച്ച് പോസ്റ്ററുകൾ തയ്യാറാക്കി എം.സി.വൈ.എം. പേജിലൂടെ യുവജനങ്ങളിൽ എത്തിച്ച തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ നിന്നുള്ള പ്രിയ ബിബിൻ ജേക്കബ് (തിരുവനന്തപുരം വൈദിക ജില്ല), ജസ്റ്റിൻ കരകുളം (നെടുമങ്ങാട് വൈദിക ജില്ല) വീഡിയോ എഡിറ്റിങ് ചെയ്ത മാവേലിക്കര ഭദ്രാസനത്തിൽ നിന്നുള്ള ജിതിൻ ഷാജി (മാവേലിക്കര വൈദിക ജില്ല) എന്നിവർക്ക് നന്ദി അറിയിക്കുന്നു.

## ആദരാഞ്ജലികൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. വന്ദ്യ പിതാവിന് എം.സി.വൈ.എം. കുടുംബത്തിന്റെ ആദരാഞ്ജലികൾ.

കാലം ചെയ്ത അഭിവന്ദ്യ ജേക്കബ് മാർ ബർണ ബാസ് പിതാവിന് എം.സി.വൈ.എം കുടുംബത്തിന്റെ ആദരാഞ്ജലിയർപ്പിച്ചുകൊണ്ട് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് പുഷ്പചക്രം സമർപ്പിച്ചു. എം.സി.വൈ.എം ഗുഡ്ഗാവ് ഭദ്രാസന ഡയറക്ടർ റവ. ഫാ. ദേവസ്യ കുതിര ക്കല്ലിൽ, പ്രസിഡന്റ് ജെഫിൻ കളിയിക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

നമ്മിൽ നിന്നും ദൈവസന്നിധിയിലേക്ക് വാങ്ങി പ്പോയ പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ വൽസല പിതാവ് എൻ. റ്റി. വർഗ്ഗീസ്, ഗുഡ്ഗാവ് ഭദ്രാസനാധ്യ ക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരു മേനിയുടെ വത്സല പിതാവ് എ. സി. ഗീവർഗീസ് ഏറത്ത്, വന്ദ്യ വൈദികർ, സിസ്റ്റേഴ്സ്, അകാലത്തിൽ വേർ പിരിഞ്ഞ യുവജനങ്ങൾക്കും കണ്ണുനീരിൽ കുതിർന്ന ആദരാഞ്ജലികൾ


## ഉപസംഹാരം

'യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പോസ്തോലന്മാരാണ്'. ദൈവസ്നേഹത്താൽ നിറയുമ്പോൾ മാത്രമാണ് സാഹോദര്യത്തിലേക്കുള്ള ദർശനവും കാഴ്ചപ്പാടും തുറവിയും നമുക്ക് ലഭിക്കുന്നത്. ഈ ദൈവ സ്നേഹത്താൽ നിറഞ്ഞപ്പോൾ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനു പ്രപഞ്ചവും അതിലെ സൃഷ്ടവസ്തു ക്കളുമെല്ലാം സഹോദരനും സഹോദരിയുമായി. നിരാശയിലേക്ക് പോയിക്കൊണ്ടിരുന്ന ലോകത്തിന് അത് പുതിയ ആത്മീയ ഉണർവായി മാറി. ദൈവസ്നേഹത്തിൽ അടിസ്ഥാനമായ സാഹോദര്യമാണ് ഈ കാലഘട്ടത്തിനാ വശ്യം.

ഏവരെയും സാഹോദര്യത്തിന്റെ സുവിശേഷം അറിയിക്കുവാനാണ് ഈ പ്രതികൂല സാഹചര്യങ്ങളുടെ നടുവിൽ ക്രിസ്തു യുവജനങ്ങളെ ക്ഷണിക്കുന്നത്. കാരണം ലോകത്തെ മാറ്റിമറിക്കാൻ കഴിയുന്ന ആധുനിക യുഗത്തിലെ ശക്തരായ സാഹോദര്യത്തിന്റെ അപ്പോസ്തോലന്മാരാണ് യുവജനങ്ങൾ. "ഓർക്കുക, നിങ്ങൾക്ക് ഈ ലോകത്തെ കൂടുതൽ മനോഹരമാക്കാം'' എന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങളോട് പറഞ്ഞതു പോലെ, സാഹോദര്യത്തിന്റെ അപ്പോസ്തോലരായ യുവജനങ്ങൾക്ക് സാഹോദര്യത്തിൽ വേരൂന്നിയ ഒരു സമൂഹത്തെ പണിതുയർത്തുവാൻ സാധിക്കും.

പരിശുദ്ധ ദൈവമാതാവിന്റെയും യുവജന പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാധ്യസ്ഥം മുന്നോട്ടുള്ള പ്രവർത്തന ങ്ങൾക്ക് കരുത്തും കാവലുമായിത്തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എം.സി.വൈ.എം. സഭാതല സമിതി യുടെ 2021 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ഏവരുടെയും വിചിന്തനത്തിനും വിശകലനത്തിനുമായി സെനറ്റ് മുമ്പാകെ സമർപ്പിക്കുന്നു.

www.malankaralibrary.com




കാലത്തിനനുസരിച്ചുള്ള സഭയുടെ ബോധ്യങ്ങൾക്കും വിളിക്കും ഉത്തരം നൽകികൊണ്ട്
തന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങളാകുന്ന പടവുകൾ ഓരോന്നും താണ്ടി നിത്യതയിലേക്ക് കടന്നുപോയ
ശ്രേഷ്ഠാചാര്യ....പ്രണാമം..... അങ്ങ് കാണിച്ചു തന്ന മാതൃകകൾ....
സഭയുടെ വളർച്ചക്കായി താണ്ടിയ പടവുകൾ...... സഭക്കുവേണ്ടി ഏറ്റ ത്യാഗങ്ങൾ.....
ഒന്നും ഞങ്ങൾ മറക്കില്ല മരിക്കുവോളം......

www.malankaralibrary.com

പത്രാധിപ സമിതി
തേജസ് അന്നാ ജേക്കബ്
വി. സി. ജോർജ്ജ്കുട്ടി
ഷിജിൻ പുത്തൻപുരക്കൽ
ശരത് ലാൽ
എബിൻ തോമസ്
മെറിൻ മാമ്മച്ചൻ
ലിബിൻ സാമുവൽ
ബിച്ചു കുര്യൻ
സാഞ്ജോ സുനിൽ
ബി. ഹസ്‌ലിൻ
സ്വേത മാത്യു

കവർ പേജ്
ജസ്റ്റിൻ പി. സ്റ്റീഫൻ

ലേഔട്ട് & ഡിസൈൻ :
ശ്യാം, നിയാ ഗ്രാഫിക്സ് ചൊവ്വര
9747 044 811

*Address :*
*Malankara Catholic Youth Movement*
*Central Secretariat*
*Catholicate Centre, Pattom,*
*Thiruvananthapuram - 04*

www.malankaralibrary.com

MALANKARA CATHOLIC YOUTH MOVEMENT

# EXECUTIVES
# 2020 - 21



HIS BEATITUDE
MORAN MOR BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP - CATHOLICOS
PATRON



HIS EXCELLENCY MOST
REV. DR. VINCENT MAR PAULOS
CHAIRMAN



FR. SEBASTIAN JOHN
KIZHAKKETHIL
DIRECTOR



**JITH JOHN FRANCIS**
PRESIDENT



**JINU GEORGE**
GEN. SECRETARY



**SARATH LAL**
TREASURER



**ABIN THOMAS**
VICE PRESIDENT



**SHIJIN PUTHENPURACKAL**
VICE PERSIDENT



**MERIN MAMACHAN**
VICE PRESIDENT



**SANJO SUNIL**
SECRETARY



**BICHU KURIAN THOMAS**
SECRETARY



**HARSLIN B**
SECRETARY



**SWETHA MATHEW**
SYNDICATE



**LIBIN SAMUEL**
SYNDICATE



**VC GEORGE KUTTY**
ANIMATOR



**TINU KURIAKOSE**
EX - OFFICIO

*Thank you...*

www.malankaralibrary.com


SRA Group ESTD. 1989

# SRA PROPERTIES

*Complete Solution for Real Estate*



SRA HOMES PRIVATE LIMITED
SRA PROPERTY DEVELOPMENTS
SRA CONSTRUCTIONS
SRA CONSULTANTS

SITE | VILLA PLOT | INDEPENDENT HOUSES | VILLAS
HOLIDAY HOMES | SERVICE APARTMENTS | RAW HOUSES
GUEST HOUSES | FARM HOUSES | APARTMENTS | RESORTS
ARCHITECTS | COMMERCIAL OFFICES | HOUSES FOR RENT & LEASE
FARM LAND | ORGANIC FARM LAND
AGRICULTURE LAND & LAND FOR ANY INSTITUTIONS







**GIVES:**

BETTER PRICE | BETTER FACILITIES | BETTER QUALITY
BETTER COMFORT TO CUSTOMERS

**Corporate Address**

#32, 33, Manjunatha Layout,
Hosa Road Nagnathapura,
Hosur Road, Bengaluru - 560 100
Karnataka

+91 9632 59 78 66
contact@sragroup.in
www.sragroup.in